Date of publication:
9 ഫെബ്രുവരി 2014/വോള്യം 7/ ലക്കം 2 / വില 15 ₹

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## കേരളം – മാതൃകാസംസ്ഥാനത്തിന്റെ സാമൂഹ്യഇഴകളെ ശിഥിലമാക്കുന്ന ബാലലൈംഗികപീഡനം - സീമ





എഡിറ്റർ
**സാറാജോസഫ്**

മാനേജിംഗ് എഡിറ്റർ
**കെ.അജിത**

എക്സി.എഡിറ്റർ
**രാജലക്ഷ്മി.കെ.എം.**

ഗസ്റ്റ് എഡിറ്റർ
**സീമ ഭാസ്ക്കരൻ**

പത്രാധിപ സമിതി
**ഡോ. ജാൻസി ജോസ്,**
**ദീദി,**
**സി.എസ്.മീനാക്ഷി,**
**ഗിരിജ.പി.പാതേക്കര,**
**ജ്യോതി നാരായണൻ,**
**ഡോ.കെ.എം.ഷീബ,**
**ഡോ.മിനി പ്രസാദ്,**
**ഡോ.പി. ഗീത,**
**ഡോ.ഖദീജ മുംതാസ്,**
**സുനീത. ടി.വി.,**
**കെ.കെ.സാവിത്രി,**
**കെ.കെ.പ്രീത**

ഉപദേശകസമിതി
**സുഗതകുമാരി,**
**പ്രൊഫ.എം. ലീലാവതി,**
**ഡോ.ശാരദാമണി,**
**ഡോ.മല്ലികാസാരാഭായ്**
**ഡോ. ബീനാപോൾ**

സർക്കുലേഷൻ മാനേജർ
**ചാരുലത എ.എസ്.**

ലേഔട്ട് & കവർ
**സുവിജ**

സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org



# സംഘടിത

ഫെബ്രുവരി 2014–വാല്യം 7–ലക്കം 2


# ഉള്ളടക്കം




**10** അന്യം നിൽക്കുന്ന വന്യത... ആദിവാസിബാല്യവും? – എസ്.ശാന്തി





**27** മല്ലികാസാരാഭായ് – ഒരഭിമുഖം





**37** കാസർഗോഡ് വിഷമഴ നിന്നു... ജനിതകത്തകരാറുമായി അടുത്ത തലമുറ ജനിക്കുന്നു – സുൽഫത്ത്

15. വലിയ 'കുഞ്ഞു' സങ്കടങ്ങൾ – **ഷീബ അമീർ**
17. ബദലുകൾ ബദലുകളാവട്ടെ... – **വിജയലക്ഷ്മി ഗോപാലകൃഷ്ണൻ**
21. ബാലലൈംഗികചൂഷണം നിയമവശം – **അഡ്വ.സീനരാജഗോപാൽ**
25. ദൂരദർശിനി (കവിത) – **ഷീബാ ദിവാകരൻ**
26. ശൈശവ വിവാഹം ഒരു മനുഷ്യാവകാശ ലംഘനം – **ഖദീജാമുംതാസ്**
29. തൊഴിൽ ചെയ്യുന്ന സ്ത്രീകൾ വിശാഖ നിർദ്ദേശങ്ങളെക്കുറിച്ച് അറിയേണ്ടതെന്തിന്? – **എലിസബത്ത്**
32 ...അഭിമാനത്തോടെ ഇടപെടാൻ കഴിയണം – അഭിമുഖം **ഡോ.ഗീത/സംഘടിത**
41. പെൺപക്ഷം –**കെ.അജിത**
42. വാസ്തവം – **ഡോ.ജാൻസി ജോസ്**
43. ഭൂമിയിലേക്ക് വഴുതി വീണ ഒരു പെണ്ണ് – **ശോഭിത ജോയ്**
45. സിനിമ ഒരു സങ്കരകല –**രമ്യ.സി.എം**
48. ചതുരംഗം (കവിത) – **മിനു പ്രേം**
49 കണക്കു ചെയ്യാനുള്ള പുതിയ വഴികൾ – **മിനി പ്രസാദ്**
52. ഭിന്നസംഖ്യ – **ഗ്രേസി**
54. റൂട്ട്സ് (കഥ)– **അലിഷ ബേബി**
57. അമ്മയുടെ പോരാട്ടം –**സ്മിത.കെ.ബി**
58. ആന്റിഗ്രാവിറ്റി തേടി പുതിയ പരീക്ഷണം – **സീമ ശ്രീലയം**



## എഡിറ്റോറിയൽ



സാറാജോസഫ്

**ജനാധിപത്യം** സംരക്ഷിക്കേണ്ടത് ജനങ്ങളുടെ കടമയാണ്. പക്ഷേ, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനാധിപത്യത്തിന്റെ സംരക്ഷകരായി ജനങ്ങൾ വിശ്വസിച്ചു പോന്നിരുന്നത് ഭരണാധികാരികളെയാണ്. അധികാരം രാഷ്ട്രീയ നേതൃത്വങ്ങൾക്കും ഭരണാധികാരികൾക്കും മാത്രം അവകാശപ്പെട്ടതാണെന്ന വിശ്വാസത്തോടെയാണ് ജനങ്ങൾ ജനാധിപത്യത്തെക്കുറിച്ച് തങ്ങൾക്കുള്ള കടമകളെ നിസ്സാരവത്കരിച്ചത്. സുശക്തമായ ഒരു ഭരണഘടനയും സമർത്ഥമായ ഒരു നീതിന്യായ വ്യവസ്ഥയും ഇന്ത്യക്കുണ്ടായിരുന്നിട്ടും സാധാരണക്കാരും ദരിദ്രരുമായ ജനങ്ങളുടെ ജീവിതം അസഹ്യമായ അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുകയാണ് രാഷ്ട്രീയനേതൃത്വങ്ങളും ഭരണകൂടങ്ങളും ഇതുവരെ ചെയ്തു പോന്നത്. അടിത്തട്ടിലെ ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ കണ്ടറിയുകയും അവയുടെ വികസനം ലക്ഷ്യം വെക്കുകയുമാണ് വേണ്ടതെന്ന് അംബേദ്കറും ഗാന്ധിജിയും ഒരു പോലെ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെ മുതലാളിത്ത പാതയിലുള്ള വികസനം തുടക്കം മുതൽക്കെ താളംതെറ്റിച്ചു എന്ന് നമുക്കറിയാം. വികസനം ഒരുപിടി ആളുകൾ ഡൽഹിയിൽ ഇരുന്നുകൊണ്ട് നടപ്പിലാക്കേണ്ട ഒന്നല്ലെന്നും അത് ഇന്ത്യയുടെ ലക്ഷക്കണക്കായ ഗ്രാമങ്ങളിൽ അവിടുത്തെ ജനങ്ങൾ നടപ്പാക്കേണ്ട മഹത്തായ രാഷ്ട്രനിർമ്മാണമാണെന്നും ഗാന്ധിജി ചൂണ്ടിക്കാണിക്കുകയുണ്ടായി. അതീവ ദുർബ്ബലമായ അടിത്തറയിൽ കനത്ത മേൽക്കൂര കെട്ടിയാലുണ്ടാകുന്ന വിപത്താണ് ഇന്ത്യയുടെ വികസനമാതൃക ജനങ്ങളുടെ മേൽ നടപ്പാക്കിയത്. ആഗോളീകരണത്തോടു കൂടി മുതലാളിത്തം അതിന്റെ ഭയാനകമായ കെടുതികൾ സാധാരണക്കാരെ അനുഭവിപ്പിക്കാൻ തുടങ്ങി. അഴിമതിക്കാരായ രാഷ്ട്രീയ നേതൃത്വങ്ങൾ അധികാരത്തിൽ ജനങ്ങൾക്ക് യാതൊരു പങ്കുമില്ലെന്ന് വരുത്തിത്തീർക്കത്തക്കവിധത്തിൽ നീതിന്യായ വ്യവസ്ഥയേയും ഭരണഘടനയേയും മാധ്യമങ്ങളേയും സ്വാധീനിക്കുകയും വരുതിയിലാക്കുകയും ചെയ്തു. ഇന്ന് കോർപ്പറേറ്റുകളാണ് രാഷ്ട്രീയ നേതൃത്വങ്ങളേയും ഭരണപ്രതിപക്ഷങ്ങളേയും നിയന്ത്രിക്കുന്നത്. കോർപ്പറേറ്റുകളും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയ നേതൃത്വങ്ങളും കൂടിച്ചേർന്ന അവിശുദ്ധ കൂട്ടുകെട്ട് ഇന്ത്യയിൽ ആപത്കരമായ അവസ്ഥയിലേക്ക് കുതിച്ചു വളർന്നിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനം വൻ അഴിമതിയും സുതാര്യതയില്ലാത്ത ഭരണവുമാണ്.

രാഷ്ട്രം അറുപത്തിയഞ്ചാമത് റിപ്പബ്ളിക് ദിനം കൊണ്ടാടുമ്പോൾ ഇന്ത്യയിലുടനീളമുള്ള സാധാരണക്കാരായ ജനങ്ങൾ ആവേശത്തോടെ ചർച്ച ചെയ്തുകൊണ്ടിരുന്നത് മേൽപ്പറഞ്ഞ അഴിമതിക്കാരിൽ നിന്ന് എങ്ങനെ രാഷ്ട്രത്തെ രക്ഷിക്കാമെന്നും അധികാരം ജനങ്ങളിലേക്ക് തിരിച്ചെത്തിക്കേണ്ടത് എങ്ങനെ എന്നുമായിരുന്നു. പ്രത്യേകിച്ചും ഇന്ത്യയിലെ ഏറ്റവും അരക്ഷിതരായ വിഭാഗം എന്ന നിലയിൽ സ്ത്രീകൾ ഈ ചിന്താതരംഗം ആഴത്തിൽ ഉൾക്കൊള്ളുകയും സംവദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഡൽഹിയിൽ നിർഭയയുടെ ദുരന്തവും തുടർന്നുണ്ടായ പ്രക്ഷോഭങ്ങളും അണ്ണാഹസാരെ പ്രസ്ഥാനവും ആംആദ്മി പാർട്ടിയുടെ ഉദയവും അവരുടെ അധികാരത്തിലേക്കുള്ള കടന്നുവരവും ഉണ്ടാക്കിയ രാഷ്ട്രീയാന്തരീക്ഷം വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയാണ് എന്ന പ്രതീക്ഷയാണ് ഈ റിപ്പബ്ളിക് ദിനത്തിന്റെ ഏറ്റവും വലിയ സവിശേഷതയായിരുന്നുത്. അടിയന്തിരാവസ്ഥക്ക് ശേഷം ജെ.പി പ്രസ്ഥാനവും ഭരണത്തിലേക്ക് വി.പി. സിംഗിന്റെ വരവും ഉയർത്തിയ വൻ ചലനത്തിന്റെ അതിശക്തമായ തുടർച്ച എന്നുവേണം ഇപ്പോഴത്തെ രാഷ്ട്രീയാന്തരീക്ഷത്തെ നമ്മൾ കാണേണ്ടത്. സ്ത്രീകൾ, കുട്ടികൾ, ഭൂരഹിതർ, ആദിവാസികൾ, ദലിതർ തുടങ്ങിയ വിഭാഗങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്ന ഒരു മുന്നേറ്റമാണ് ഇത്.




ഗസ്റ്റ് എഡിറ്റേർസ് നോട്ട്

**സീമ ഭാസ്ക്കരൻ**

# കേരളം – മാതൃകാസംസ്ഥാനത്തിന്റെ സാമൂഹ്യ ഇഴകളെ ശിഥിലമാക്കുന്ന ബാലലൈംഗികപീഡനം

**ഡൽഹിയിലെ** പെൺകുട്ടിക്ക് നേരെയുണ്ടായ ആക്രമണവും മൃഗീയമായ ബലാത്സംഗവും നമ്മുടെ ജനാധിപത്യരാജ്യത്തിന്റെ ദാരുണമായ അവസ്ഥയേയും സ്ത്രീകളേയും പെൺകുട്ടികളേയും ഈ ശോച്യമായ രാജ്യത്ത് എവിടെ പ്രതിഷ്ഠിച്ചിരിക്കുന്നുവെന്നും കാണിച്ചുതരുന്നു. നാലുദശകങ്ങളായുള്ള സ്ത്രീപ്രസ്ഥാനങ്ങളുടെ അതിഘോരമായ പോരാട്ടങ്ങളും തത്ഫലമായി ഗാർഹികാതിക്രമം, ബലാത്സംഗം, സ്ത്രീധനം, ലിംഗനിർണ്ണയം തുടങ്ങിയവക്കെതിരായ നിയമനിർമ്മാണവുമൊഴിച്ചാൽ ഇക്കാര്യത്തിൽ ഒരുതരം പിൻതിരിപ്പൻ നയമാണ് സമൂഹത്തിൽ കാണപ്പെടുന്നത്. മുംബൈയിലെ KEM ആശുപത്രിയിൽ നഴ്സായിരുന്ന അരുണയുടെ കരളലിയിക്കുന്ന അവസ്ഥയും ദയാവധത്തിനുള്ള നിരന്തരമായ അഭ്യർത്ഥനയും മനുഷ്യന്റെ ചോരപ്പാടുള്ള വ്രണിതമുഖത്തെ കാണിക്കുന്നു. ഒരാൾ ദിനംപ്രതി ഇത്തരം മൃഗീയതകൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ ഇപ്പോഴുള്ള നിയമനിർമ്മാണനേട്ടങ്ങൾ വെറും ഉപരിപ്ലവമായി മാത്രമേ കാണാൻ കഴിയൂ.

വികസനത്തിന്റെ മാതൃകയായി ഉദ്ഘോഷിക്കുന്ന കേരളസംസ്ഥാനം കുട്ടികൾക്കെതിരെയുള്ള അതിക്രമത്തിന്റെ കാര്യത്തിലും ഒട്ടും പിന്നിലല്ല. വളരെ സുരക്ഷിതത്വം ഉറപ്പുവരുത്തിയതായി കരുതപ്പെട്ട കണ്ണൂരിലെ ഒരു സ്ഥാപനത്തിൽ നടന്ന തുടർച്ചയായ പീഡനങ്ങളും തുടർന്ന് കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുമെന്നുള്ള മുഖ്യമന്ത്രിയുടേയും സാമൂഹ്യക്ഷേമമന്ത്രിയുടേയും പ്രഖ്യാപനങ്ങളും തിരിച്ചറിയേണ്ട

താണ്. എന്നാൽ നിയമത്തിന്റെ പഴുത് മനസ്സിലാക്കി കുറ്റവാളികളെ സംരക്ഷിക്കുന്ന അധികാരശ്രേണിയിൽ നിന്ന് സമൂഹം എന്ത് നന്മയാണ് പ്രതീക്ഷിക്കേണ്ടത്? കേരളത്തിന്റെ കപടമാതൃക വലിച്ചെറിഞ്ഞ് ലിംഗപദവി അസമത്വവും സാമൂഹ്യനീതിയും കാര്യമായി അഭിസംബോധന ചെയ്യാനുള്ള തീരുമാനത്തിലെത്തേണ്ടതാണ്. പൊതുഇടങ്ങളിലോ സ്ഥാപനങ്ങളിലോ സ്വന്തം വീട്ടിൽ തന്നെയോ സ്ത്രീകൾക്കോ കുട്ടികൾക്കോ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നമ്മുടെ സംസ്ഥാനത്തിനു കഴിയുമോ? കേരളത്തിൽ കുറ്റകൃത്യങ്ങൾ നടക്കുന്നുവെന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നത് റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണം കൂടുതലായതിനാലാണെന്നും എന്നാൽ മറ്റു സൂചകങ്ങൾ വച്ചു നോക്കിയാൽ നമ്മൾ ബീഹാറിനേയോ ഉത്തർപ്രദേശിനേയോ താരതമ്യപ്പെടുത്തേണ്ടതല്ലെന്നുമാണ് നമ്മൾ ഉയർത്തിക്കാട്ടുന്ന മുടന്തൻന്യായം. മാതൃമരണനിരക്ക്, ശിശുമരണനിരക്ക്, ആയുർദൈർഘ്യം തുടങ്ങിയ സൂചകങ്ങൾ പരിഗണിക്കുമ്പോൾ സ്കാൻഡീവിയൻ രാജ്യങ്ങളെയാണ് താരതമ്യം ചെയ്യാറ്. എന്നാൽ ഇത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമമാകുമ്പോൾ ബീഹാറിനേയും യു.പിയേയും ഡൽഹിയേയുമാണ് നോക്കിക്കാണുന്നത്. എങ്ങനെയാണ് ഇത്തരം താരതമ്യങ്ങൾ സാദ്ധ്യമാകുന്നത്.

**ബാലലൈംഗികപീഡനം – സങ്കല്പവും യാഥാർത്ഥ്യവും**

കേരളത്തിൽ സൂര്യനെല്ലി സംഭവം മുതൽ നിരന്തരമായി റിപ്പോർട്ടു ചെയ്യുന്ന കുറ്റകൃത്യമാണ് ബാലലൈംഗികപീഡനം. ഈ സംഭവം ഒരു കേന്ദ്രബിന്ദുവാക്കിക്കൊണ്ടുതന്നെ നിരവധി സ്ത്രീസംഘടനകൾ ഒരുമിച്ചു കൂടുകയും സമരം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതിനൊരു തുണയോ നിയമപരിഹാരമോ ഉണ്ടായിട്ടില്ല. കേരളസമൂഹത്തിന്റെ സാംസ്കാരികമൂല്യങ്ങളുടേയും സാമൂഹ്യഇഴകളുടേയും ശരിക്കുമുള്ള നാശമാണ് വിതുര, ഐസ്ക്രീംപാർലർ, പന്തളം, തോപ്പിൻപടി തുടങ്ങിയ മൃഗീയമായ കേസുകളുടെ തുടർച്ച നമ്മെ കാണിക്കുന്നത്. ഇതിനെ ചുറ്റിപ്പറ്റിയുള്ള ചർച്ചകൾ എപ്പോഴും ചെന്നുനിൽക്കുന്നത് കുട്ടിയുടെ പെരുമാറ്റത്തേയും അവളുടെ ശരീരം മറ്റുള്ളവരെ ലൈംഗികമായി പ്രേരിപ്പിക്കുന്നതിനെക്കുറിച്ചുമാണ്. ചർച്ചാതലം തകിടം മറിഞ്ഞ് കുട്ടി, പ്രവൃത്തി ആസ്വദിച്ചതും രക്ഷപ്പെടാൻ ശ്രമിക്കാത്തതിലുമായി എത്തി നിൽക്കും.

എം.ജി.യൂണിവേഴ്സിറ്റിയിൽ ഞാൻ സമർപ്പിച്ച പി.എച്ച്.ഡി.പ്രബന്ധത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് എന്നീ അഞ്ചുജില്ലകളിൽ ഏകദേശം 500 കേസുകൾ രജിസ്റ്റർ ചെയ്തതായി കണ്ടു. എന്നാൽ ഒരു കേസും പരിഹരിച്ചതായി കണ്ടില്ല. 2 നും 18നും മധ്യേപ്രായമുള്ള കുട്ടികളാണ് ഇരകൾ. എന്നാൽ ചാർജ്ഷീറ്റ് എഴുതിയതൊഴിച്ചാൽ മുന്നോട്ട് യാതൊരു നീക്കവും ഉണ്ടായിരുന്നില്ല. കുറ്റവാളികളെ സംരക്ഷിക്കാനുള്ള കുറേയധികം നീക്കുപോക്കുകൾ അവർക്കുണ്ടായിരുന്നു. പ്രതി മദ്യപാനിയായതുകൊണ്ടോ മയക്കുമരുന്ന് ഉപയോഗിക്കുന്നതുകൊണ്ടോ അതുമല്ലെങ്കിൽ മാനസികരോഗിയായതുകൊണ്ടോ ആണ് കുറ്റകൃത്യത്തിലേർപ്പെട്ടത് എന്നാണ് വ്യാഖ്യാനം. ഈ ചർച്ചകൾ കുട്ടി, ചൂഷകനെ എങ്ങനെ വശീകരിച്ചെടുക്കുന്നു എന്നതിലേക്ക് വട്ടം കറങ്ങുന്ന രീതിയിലാണ് പോകുന്നത്. പിന്നെയുണ്ടാകുന്ന ചർച്ച ചൂഷകർ, ദളിതർ, മുസ്ലീങ്ങൾ, ആദിവാസികൾ, ദരിദ്രരായവർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളിലുള്ളവരാണ് എന്നതാണ്. ഇതെല്ലാം ഇത്തരം കേസുകളുമായി ബന്ധപ്പെട്ടുവരുന്ന സങ്കല്പങ്ങളാണ്. എന്നാൽ വിവരങ്ങൾ കൃത്യമായി തെളിയിക്കുന്നത് പ്രതികൾ മിക്കവാറും സാധാരണ നിലയിലുള്ള ജീവിതം നയിക്കുന്ന പുരുഷന്മാരാണെന്നും ഇവർക്ക് ഒരു തരത്തിലുമുള്ള മാനസിക വിഭ്രാന്തിയില്ല എന്നുള്ളതുമാണ്. ഏറ്റവും വ്യക്തമായി കാണാൻ കഴിയുന്ന കാര്യം പലപ്പോഴും ചൂഷണം ചെയ്യുന്ന ആൾ കുട്ടിക്ക് അടുത്തറിയാവുന്ന അടുത്ത ബന്ധത്തിൽപ്പെട്ടവരാണെന്നുള്ളതാണ്. ഒരു തരം അധികാരബന്ധമാണ് കുട്ടിയെ ചൂഷണം ചെയ്യാനുപയോഗിക്കുന്നത്. ഇതിനുള്ള അവസരം ഇവർ ഉണ്ടാക്കിയെടുക്കുകയാണ് ചെയ്യുന്നത്. പീഡിപ്പിക്കുന്നയാൾ അടുത്തബന്ധുവാണെങ്കിൽ കുട്ടി പീഡനവിവരം തുറന്നുപറയാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതുപോലെ ഈ പ്രശ്നത്തെക്കുറിച്ച് പുറത്ത് പറയാൻ കുട്ടിക്ക് ശരിയായൊരു ഭാഷയില്ലാത്തതും എടുത്തുപറയേണ്ടതാണ്.

നമ്മുടെ സഹായകസംവിധാനങ്ങളായ പേലീസ്,കോടതി, ജഡ്ജി തുടങ്ങിയവരും കുട്ടികളെ മുതിർന്ന സ്ത്രീകളെപ്പോലെയാണ് നോക്കിക്കാണുന്നത്. അവരും കരുതുന്നത് കുട്ടികളെ ഇത്തരം പ്രവൃത്തികൾക്ക് വിധേയരാക്കുമ്പോൾ അത് ഉഭയസമ്മതപ്രകാരമാണെന്നാണ്. അതുകൊണ്ടുതന്നെ കുറ്റക്കാരന്റെ കുടുംബത്തോടുള്ള ദയകാരണം അയാളെ സംരക്ഷിക്കാൻ ഇവരും ശ്രമിക്കുന്നു. കുറ്റവാളിയെ ശിക്ഷിക്കാനുള്ള ഒരു ശ്രമവും നടക്കാതെ പോകുന്നു. അതുകൊണ്ടുതന്നെ ഈ സന്ദർഭം പതിവായി നടക്കുന്ന ഒന്നായി തീരുന്നു. എന്നാൽ കുട്ടിയെ മോശക്കാരിയായി മുദ്രകുത്തുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നതു കൊണ്ടുതന്നെ കേസ് രജിസ്റ്റർ ചെയ്യാൻ ആരും തന്നെ മുന്നോട്ടുവരുന്നില്ല.

**ഹെൽപ്പ് ഡസ്ക് – സ്കൂളിനുള്ളിൽ കുട്ടികളെ സംരക്ഷിക്കുന്ന ഒരു സ്ഥാപനസംവിധാനം.**

കേരളമഹിള സമഖ്യസൊസൈറ്റി 2008ൽ അദ്ധ്യാപകർക്കും

പ്രവർത്തകർക്കുമിടയിൽ ലിംഗപദവി ആശയങ്ങളെക്കുറിച്ച് ആഴത്തിലുള്ള ചർച്ചകൾ നടത്തുകയുണ്ടായി. ഇതിന്റെ പരിണാമമെന്നോണം സംരക്ഷണവും സാമൂഹ്യപ്രശ്നങ്ങളും സ്വന്തം അധികാരമായി കണ്ടുകൊണ്ട് അധ്യാപകർ ഇടപെടാൻ തുടങ്ങി. അങ്ങനെ മഹിള സമഖ്യ, സർവ്വശിക്ഷാ അഭിയാനുമായി ഒരുമിച്ചുകൊണ്ട് ഹെൽപ്പ് ഡസ്ക് പരിപാടി ആരംഭിച്ചു. പശ്ചാത്തല സംവിധാന പ്രശ്നങ്ങളായ കക്കൂസ് ഇല്ലായ്മ മുതൽ വിഭവങ്ങൾ, അദ്ധ്യാപന-പഠനസാമഗ്രികൾ, അദ്ധ്യാപകരുടെ പെരുമാറ്റവും മനോഭാവവും, സ്കൂൾവികസനപദ്ധതി ആസൂത്രണവും നടപ്പിലാക്കലും വരെയുള്ള പ്രശ്നപരിഹാരങ്ങൾ ഹെൽപ്പ് ഡസ്കിന്റെ ഭാഗമായി വന്നു. അദ്ധ്യാപകർക്കായി തുടർച്ചയായ ശില്പശാലകൾ നടന്നു,

സി.ആർ.സി, ബി.ആർ.സി ട്രെയിനർമാരും അദ്ധ്യാപകരും കുട്ടികളുടെ അവകാശലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മഹിള സമഖ്യ നിർണ്ണായക ഘട്ടങ്ങളിൽ ഇടപെടൽ നടത്തുകയും ആറുമാസത്തിനുള്ളിൽ 430 കേസുകളിൽ ഇടപെടുകയും ചെയ്തു.

**സ്കൂളിലെ ലൈംഗികചൂഷണവും ചൂഷണം ചെറുക്കുന്നതിനുള്ള ശ്രമവും**

കേരളത്തിൽ ഹെഡ്മാസ്റ്റർമാർ ഉൾപ്പെടെയുള്ള അദ്ധ്യാപകർ ലൈംഗിക-ചൂഷണം നടത്തുന്നത് വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതയാണ്. ഇത്തരം കേസുകൾ പലപ്പോഴും ചൂഷകന് മാപ്പുകൊടുക്കുകയോ ഒത്തുതീർപ്പുണ്ടാക്കുകയോ ചെയ്യുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. കേരളത്തിലെ സ്കൂളുകൾ എല്ലാം തന്നെ പാഠ്യവിഷയങ്ങളിൽ മാത്രം പ്രാധാന്യം നൽകുകയും എന്നാൽ കുട്ടിയുടെ പൂർണ്ണവികാസമെന്നത് അപ്രധാനമായി കാണുകയും ചെയ്യുന്നു എന്നുള്ളതാണ്. കാലാവധി തീരുന്നതിന് മുമ്പ് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനാണ് മാറി മാറി വരുന്ന സർക്കാറുകൾ ശ്രമിക്കുന്നത്. രാഷ്ട്രീയവത്ക്കരണവും ബീഭത്സവും വെറുപ്പുളവാക്കുന്നതുമായ പിതൃമേധാവിത്വ വ്യവസ്ഥിതിയും ഒരിക്കലും ശാക്തീകരണത്തിന് ശരിയായ ധാരണ കൊടുക്കാൻ ശ്രമിക്കാറില്ല. നിർഭയ പ്രോഗ്രാം തുടക്കം കുറിക്കുന്നതിനും മുന്നോട്ടു നയിക്കുന്നതിനും സുനിതാകൃഷ്ണൻ, സുഗതകുമാരി ടീച്ചർ, ലിഡ ജേക്കബ് തുടങ്ങിയ അഭിവന്ദ്യരായ വനിതകൾ മുന്നോട്ട് വരികയും ഇപ്പോഴും ഇത്തരം ഇടപെടലുകളിൽ വ്യാപൃതരാവുകയും ചെയ്യുന്നു. പേരുകേട്ട സ്ഥാപനത്തിലെ നിരവധി കുട്ടികൾ ലൈംഗിക പീഡനത്തിന് ഇരയായപ്പോൾ സമൂഹത്തിൽ നിന്ന് എന്തെങ്കിലും പ്രതിഷേധമുണ്ടായിട്ടുണ്ടോ? എപ്പോഴെങ്കിലും മനുഷ്യരുടെ കൂട്ടായ മനസ്സ് ബാലലൈംഗിക പീഡനത്തിനെതിരായി പ്രതിഷേധിച്ചിട്ടുണ്ടോ?

**വിദ്യാഭ്യാസ അവകാശത്തിന്റെ പശ്ചാത്തലത്തിൽ തുല്യത**

വിദ്യാഭ്യാസ മേഖലയിൽ വളരെയധികം മാറ്റങ്ങളുണ്ടെങ്കിൽ പോലും സാമൂഹ്യനീതിയുടേയും ലിംഗപദവി തുല്യതയുടേയും ഇടമായി സ്കൂളുകൾ മാറേണ്ടതുണ്ട്. 2009ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഫലമായി കേരളം കുട്ടികളുടെ പ്രവേശനത്തിലും അവരെ നിലനിർത്തുന്നതിലും വിജയം കൈവരിച്ചുവെങ്കിലും ആദിവാസി വിഭാഗത്തിനും ഇത് പ്രാപ്യമാക്കേണ്ടതുണ്ട്. പെൺകുട്ടികൾക്കും ആദിവാസി- തീരദേശം-മറ്റ് അവശവിഭാഗങ്ങളിലെ കുട്ടികൾ എന്നിവക്ക് തുല്യനീതി ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. പൊതുസമൂഹം എങ്ങനെയാണോ ലിംഗവിവേചനം പുലർത്തുന്നത് അത്രയും തീവ്രമായിത്തന്നെ ഇത് സ്കൂളുകളിലും അനുവർത്തിച്ചുപോരുന്നു. ശിക്ഷിക്കപ്പെടുകയില്ലെന്ന ധൈര്യത്തോടെ വസ്ത്രത്തിന്റെ ലൈംഗികവത്കരണവും പെരുമാറ്റവും നടപ്പിലാക്കുന്നു. സ്ത്രീപുരുഷ വേർതിരിവിലുള്ള സാമൂഹ്യവത്കരണവും വേർതിരിവും സ്കൂളുകളിൽ പാശ്ചാത്തലസൗകര്യങ്ങളുടെ കാര്യത്തിലും നിലനിൽക്കുന്നു. ഉദാഹരണമായി സ്ത്രീസൗഹാർദ്ദകക്കൂസുകളുടെ അഭാവം, വിഭവങ്ങളുടെ അഭാവം, ആൺ-പെൺ കുട്ടികളോടുള്ള വ്യത്യസ്തരീതിയിലുള്ള പെരുമാറ്റം, കുട്ടികളുടെ പെരുമാറ്റത്തിൽ മുദ്രകുത്തപ്പെട്ട ധാരണ തുടങ്ങിയ സമീപനരീതി നമുക്ക് കാണാൻ കഴിയും. പുരുഷത്വത്തേയും സ്ത്രീത്വത്തേയും കുറിച്ച് കുട്ടികൾക്കും ഒരേ ധാരണയായതുകൊണ്ടുതന്നെ ഇവിടെ ചോദ്യമുന്നയിക്കൽ നടക്കുന്നില്ല. ഇത്തരം പ്രാധാന്യമുള്ള കാതലായ തുല്യതയുടെ ഘടകങ്ങൾ അദ്ധ്യാപകപരിശീലനങ്ങളിൽ ഇതുവരെ ഉൾപ്പെടുത്തിക്കാണാൻ കഴിഞ്ഞിട്ടില്ല. പരിശീലനങ്ങളിൽ ഇത് ഉൾപ്പെടുത്തേണ്ടതുണ്ട്. അദ്ധ്യാപകരെ അവർ പുലർത്തിവരുന്ന അധികാരവും വേർതിരിവും ചൂണ്ടിക്കാണിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കേരളത്തിൽ ബാലാവകാശ കമ്മീഷൻ നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സൂര്യനെല്ലി, വിതുര, ഐസ്ക്രീം പാർലർ തുടങ്ങിയ കേസുകൾ കോടതിയിലേക്ക് എടുക്കുകയും അവിടെ കുറ്റവാളികളെ മോചനത്തിലേക്ക് നയിക്കുകയും പിന്നീട് അവരെ നിർദ്ദോഷി എന്നു വിധിക്കലുമാണ് ഉണ്ടായത്.

**ബാലലൈംഗികപീഡനവുമായി ബന്ധപ്പെട്ട നിയമവും അതിന്റെ ഉപവിഭാഗങ്ങളും**

സ്ത്രീയുടെ ചാരിത്ര്യധ്വംസനത്തെ പ്രതിപാദിക്കുന്ന ഐ.പി.സി 354, ബലാത്സംഗത്തെ പ്രതിപാദിക്കുന്ന ഐ.പി.സി 376, പ്രകൃതിവിരുദ്ധ ലൈംഗികാതിക്രമത്തെ പ്രതിപാദിക്കുന്ന ഐ.പി.സി 377 എന്നീ

വിഭാഗങ്ങളിലായി വളരെ പരിമിതമായ നിയമസംവിധാനങ്ങളാണ് ഉള്ളത്. ഇരയുടെ രഹസ്യാത്മകത സൂക്ഷിക്കുകയും കേസ് വ്യവഹാരം മറവിലായിരിക്കണമെന്നുമുള്ള ഭേദഗതികളൊഴിച്ചാൽ ഇരയായ കുട്ടികൾ കഠിനവും ക്രൂരവുമായ കോടതിവ്യവഹാരങ്ങളിലൂടെ കടന്നുപോകുകയും അവസാനം സംഭവം ഉഭയസമ്മതപ്രകാരമാണെന്നുള്ള ഇളവോടെ കുറ്റവാളി രക്ഷപ്പെടുകയുമാണ് ചെയ്യുന്നത്. നിയമഭേദഗതിക്കായി വളരെ ആവേശകരമായ സമരങ്ങളിലൂടെ കടന്നുപോയെങ്കിലും നിയമം ഇപ്പോഴും പാർലമെന്റ് പാസ്സാക്കേണ്ടതുണ്ട്. ഈ നിയമഭേദഗതി പ്രാബല്യത്തിൽ വരേണ്ടതുണ്ട്. ഇതിൽ നിയമം നടപ്പിലാക്കുന്ന പോലീസ്, കോടതി, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണമായി ഇത് മനസ്സിലാക്കി കൊടുക്കേണ്ടതുമാണ്.

തുല്യതയും ഉൾച്ചേർക്കലും സ്കൂളുകൾ ഉറപ്പുവരുത്തേണ്ടതാണ്. ചരിത്രപ്രധാനമായ വിദ്യാഭ്യാസ അവകാശത്തിൽ തുല്യത, ഉൾച്ചേർക്കൽ, വിവേചനമില്ലായ്മ പ്രശ്നങ്ങളെ വേഗത്തിൽ പരിഹരിക്കുന്നതിനു വേണ്ടുന്ന ബോധവത്ക്കരണവും ചർച്ചയും സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടത്തുന്ന 'ശിക്ഷസമവാദ്' പരിപാടികളും ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ ശരിക്കും കുറ്റവാളികളെ സംരക്ഷിക്കാതെ കർശനമായ നടപടികൾ എടുക്കേണ്ടതാണ്. ഒരു സങ്കല്പത്തിനതീതമായ സമൂഹത്തിന്റെ അടിത്തട്ടിൽ മാറ്റങ്ങളുണ്ടാക്കാൻ 'നിർഭയ'ക്ക് കഴിയും. കുട്ടികളുടെ സുരക്ഷിതത്വപ്രശ്നങ്ങളിൽ അടിയന്തിര ഇടപെടലുകൾ നടത്തുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അധികാരസ്വഭാവമുള്ളതായിരിക്കണം സംസ്ഥാന ബാലാവകാശ കമ്മീഷൻ. ഇതിനെല്ലാം ഉപരി നിയമം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ ഇച്ഛാശക്തിയാണ് വേണ്ടത്. കേരള സർക്കാർ കുട്ടികളുടെ സംരക്ഷണം പ്രധാനകാര്യമായി കണ്ട് നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കാം. ●




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............................. |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs.....................................DD/MO അയക്കുന്നു. എന്ന്.................................................

മേൽവിലാസം.........................................................................................................................

.........................................................................................................പിൻ.........................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

**സൃഷ്ടികൾ ക്ഷണിക്കുന്നു**

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

**സംഘടിത മാസിക**

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

ലേഖനം

എസ്.ശാന്തി

# അന്യം നിൽക്കുന്ന വന്യത... ആദിവാസിബാല്യവും?



**ആദിവാസിക്കുട്ടികളെക്കുറിച്ച്** എഴുതണമെന്ന് സീമ എന്നോടു പറഞ്ഞപ്പോൾ ഞാൻ ജീവിതത്തിൽ കണ്ടുമുട്ടിയ കുറേ കുഞ്ഞുങ്ങൾ എന്റെ മനസ്സിലേക്കോടിവന്നു. ഒരുപാട് വ്യസനവും ആശങ്കയും ഒപ്പം സ്നേഹവും പ്രത്യാശയും എന്റെയുള്ളിൽ ഉണർത്തുന്ന നിനവുകൾ. അവയിൽ ചിലതുമാത്രം ഓർത്തെടുത്ത് കുറിക്കാനാണ് ഞാൻ ഇവിടെ ശ്രമിക്കുന്നത്. കാലാനുസാരമായി അടുക്കിപ്പെറുക്കാതെ, വിശകലനം ചെയ്യാതെ, അനുമാനങ്ങളിലൊന്നുമെത്താതെ... ചിതറിയ ചില ഓർമ്മക്കുറിപ്പുകൾ. ഏറെക്കുറേ നഷ്ടപ്പെട്ട, അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന വന്യവും സ്വതന്ത്രവും ആഹ്ലാദം നിറഞ്ഞതുമായ (ആദിവാസി)ബാല്യം.

പത്തുനാൽപ്പതു വർഷം മുമ്പാവണം ആമസോൺ നദീതടത്തിലെ മഴക്കാടുകളിൽ ജീവിക്കുന്ന യാനോമാമി വംശജയായ ഒരു പെൺകുട്ടിയുടെ ചിത്രം എനിക്കു കിട്ടിയത്. സൗന്ദര്യത്തിന്റേയും ആരോഗ്യത്തിന്റേയും ശാന്തമായ ആത്മശക്തിയുടേയുമൊക്കെ പ്രതീകമായി എനിക്കന്നു തോന്നിയ ആ ചിത്രം ഞാൻ കുറേ കാലം സൂക്ഷിച്ചുവെച്ചു. ഒടുവിൽ മഴക്കാടുകളെക്കുറിച്ച് കുട്ടികളോട് സംവദിക്കാനുള്ള ഒരു ചിത്രപ്രദർശനത്തിൽ ഞങ്ങൾ ആ ചിത്രം ഉപയോഗിച്ചു. ബഹുരാഷ്ട്രകുത്തകകമ്പനികൾ ആമസോൺ നദീതടത്തിൽ നടത്തുന്ന സ്വർണ്ണഖനനം കാരണമുള്ള വനനാശവും മാരകമലിനീകരണവും കുടിയൊഴിപ്പിക്കലും ഈ പ്രാക്തനഗോത്രസമൂഹത്തെ ഉന്മൂലനാശം ചെയ്യുകയാണ്.

ജീവന്റെ ഗർഭഗൃഹങ്ങളായ മഴക്കാടുകളിൽ ആയിരക്കണക്കിനു വർഷങ്ങളായി ജീവിക്കുന്ന യാനോമാമി വംശജർ മനുഷ്യനെന്ന ജീവജാതിക്ക് അതീവലോലമായ മഴക്കാടുകളിൽ വന്യപ്രകൃതിയെ നശിപ്പിക്കാതെ നിതാന്തമായി നിലനിൽക്കാനാവും എന്നു ജീവിച്ചുകാണിച്ചുതരുന്നവരാണ്. കാടു തരുന്ന ഇലയും പൂവും പഴവും തേനും ഇറച്ചിയും കിഴങ്ങുമൊക്കെ ശേഖരിച്ച്, കാടു തെളിച്ച് കൃഷിചെയ്യാതെ ഇവരെപ്പോലെ ഏതാനും ഗോത്രവംശജർ ഭൂമിയിലെ അവസാനത്തെ വനത്തുരുത്തുകളിൽ ഇന്നും ജീവിക്കുന്നു. നമ്മുടെ നാട്ടിലെ ആന്തമാൻ ദ്വീപിലെ ജാറവയും നിലമ്പൂർ വനങ്ങളിലെ ചോലനായ്ക്കരും ശബരിമലക്കാടുകളിലെ മലമ്പണ്ടാരങ്ങളും ചാലക്കുടിപ്പുഴത്തടത്തിലെ കാടന്മാരുമൊക്കെ മഴവനവാസികളാണ്.

എന്റെ പ്രിയപ്പെട്ട ചിത്രത്തിലെ പത്തുവയസ്സു പോലുമില്ലാത്ത യാനോമാമിക്കുട്ടിക്ക് നൂറുകണക്കിന് സസ്യങ്ങളെ തിരിച്ചറിയാനാവും. ഓരോ ചെടിക്കും മരത്തിനും പൂവിനും പ്രാണിക്കുമെല്ലാം വളരെ 'ശാസ്ത്രീയമായ' നാമകരണം നൽകുന്ന യാനോമാമികളുടെ പ്രകൃതിശാസ്ത്രവിജ്ഞാനം അപാരമാണ്. അവരുടെ ഭാഷയാവട്ടെ അതിസുന്ദരം മാത്രമല്ല എറ്റവും പ്രകൃതിപരവും പെണ്മയാർന്നതുമാണത്രെ! ഒരൊറ്റ പൂവിനെത്തന്നെയവർ പല പേരിട്ടു വിളിക്കും. പുലർമഞ്ഞ



ആന്തമാൻ ദ്വീപിലെ 'ജാറവ'കൾ

ഓരോ കുരുവിക്കും ജലപാതത്തിനും ഓരോ പർവ്വതത്തിനും ആവാസ വ്യവസ്ഥക്കുമൊക്കെ സുന്ദരനാമങ്ങൾ. ഇവയെല്ലാം അവർക്കെത്ര അമൂല്യമാണോ അത്രയും തന്നെ പ്രിയങ്കരമാണവർക്ക് കുഞ്ഞുങ്ങൾ.

ണിഞ്ഞു നിൽക്കുമ്പോൾ ഒരു പേര്, സൂര്യപ്രകാശമേറ്റ് കാറ്റിലാടി നിൽക്കുമ്പോൾ ഒരു പേര്, സായംകാലത്ത് വാടിക്കൊഴിയാറായ അതേ പൂവിന് മറ്റൊരു പേര്. ഓരോ കുരുവിക്കും ജലപാതത്തിനും ഓരോ പർവ്വതത്തിനും ആവാസവ്യവസ്ഥക്കുമൊക്കെ സുന്ദരനാമങ്ങൾ. ഇവയെല്ലാം അവർക്കെത്ര അമൂല്യമാണോ അത്രയും തന്നെ പ്രിയങ്കരമാണവർക്ക് കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങൾക്ക് അറിവും ജീവിതനൈപുണ്യങ്ങളും പകർന്നു നൽകാൻ പാട്ടുകളും കഥകളും ഗുണദോഷങ്ങളും പരിശീലനങ്ങളും. പന്ത്രണ്ടുവയസ്സാവും മുമ്പേ തന്നെ കുട്ടികളുടെ പദസഞ്ചയത്തിൽ (വൊക്കാബുലറി) ആയിരക്കണക്കിനു വാക്കുകളുണ്ടാവും. ശാസ്ത്രസാങ്കേതിക സാമ്പത്തികവികസനത്തിന്റെ ലോകമാതൃകയായി മിക്കവരും കാണുന്ന അമേരിക്കയിലെ പത്തുപന്ത്രണ്ടുവയസ്സുള്ള ഒരു കുട്ടിയുടെ പദസഞ്ചയത്തിൽ ശരാശരി 100 വാക്കുകളേയുണ്ടാവൂ! അവയിൽ തന്നെ പത്തിരുപതെങ്കിലും ശകാരവാക്കുകളോ, തെറിവാക്കുകളോ, അർത്ഥശൂന്യമായ 'അടിപൊളി' വാക്കുകളോ ആയിരിക്കും എന്നുകൂടി ഓർക്കുമ്പോഴാണ് മനുഷ്യകുലം നേടിയെടുത്ത പുരോഗതിയുടെ മറുവശം നമുക്ക് ബോധ്യമാവുക.

ഞാനാദ്യം അടുത്ത് പരിചയപ്പെടുന്ന ആദിവാസിക്കുട്ടി അഗസ്ത്യമലക്കാടുകളിലെ ഒരു കാണിക്കാരൻ പയ്യനാണ്. പത്തുമുപ്പത്തഞ്ചു വർഷം മുമ്പാണ്. അഞ്ചോ ആറോ വയസ്സുള്ള മല്ലൻ. സഹയാത്രകൾക്കിടക്ക് കാണിക്കുടികളിൽ തങ്ങുന്ന ഞങ്ങൾക്ക് ഒരിക്കൽ അവനാണ് വഴികാട്ടിയായി വന്നത്. പിന്നീടവന് ഞങ്ങൾ ചിത്രപ്പുസ്തകങ്ങളും ചായപ്പെൻസിലുകളും സഞ്ചിയുമൊക്കെ കൊടുക്കാറുണ്ടായിരുന്നു. ഞങ്ങളാദ്യം കാണുമ്പോൾ അവൻ അമ്മയുടെ പാല് നിന്നുകൊണ്ട് കുടിക്കുകയായിരുന്നു. ഇന്നവൻ അച്ഛന്റെ ബീഡിയെടുത്ത് വലിക്കുകയും മുത്തച്ഛന്റെ ഒപ്പം രാത്രി മുഴുവൻ 'ചാറ്റുപാട്ട്' പാടുകയുമൊക്കെ ചെയ്യുന്ന 'മല്ലനാ'യിരിക്കുന്നു. അമ്പും വില്ലും ഉപയോഗിച്ച് പക്ഷികളേയും മറ്റും വേട്ടയാടുകയും പുഴയിൽ മീൻപിടിക്കുകയും ഏറുമാടത്തിൽ രാത്രി വന്യജീവികളെ ഓടിക്കാൻ കാവലിരിക്കുകയുമൊക്കെ ചെയ്യുന്ന മല്ലൻ! പിന്നീട് അവരുടെ ഗ്രാമം പേപ്പാറ അണക്കെട്ടിന്റെ അഗാധമായ ജലാശയത്തിൽ ആണ്ടുപോയപ്പോൾ എന്നന്നേക്കുമായി മുങ്ങിപ്പോയത് അവന്റെ (ആദിവാസി) ബാല്യം മാത്രമല്ല, കാടും പുഴയും അറിവും കഴിവും വിശ്വാസങ്ങളും... എല്ലാം എല്ലാവരുമായും പങ്കിട്ടു ജീവിക്കാനുള്ള വിവേകവും സമത്വബോധവുമായിരുന്നു.

1980ലെ മൃദുലമായി മഴപെയ്യുന്ന ഒരു നവംബർ ദിവസം കോടമഞ്ഞിൽ കുതിർന്ന അട്ടപ്പാടിയിലെ ഒരു കുന്ന് കയറുമ്പോൾ ആ നിശ്ചലനിശബ്ദതയിൽ കിളിക്കൊഞ്ചൽ പോലൊരു പൊട്ടിച്ചിരി. മൂടൽമഞ്ഞ് മെല്ലെ തെളിഞ്ഞപ്പോൾ ഒരിക്കലും മറക്കാനാവാത്ത സുന്ദരദൃശ്യമാണ് മുന്നിൽ. കുനിഞ്ഞ് നിന്ന് ചെറിയ 'കൊത്ത്' കൊണ്ട് മണ്ണിളക്കുന്ന അമ്മയും ഇളകിയ മണ്ണിൽ വരിവരിയായി വിത്തിടുന്ന മകളും നനഞ്ഞ മണ്ണിൽ കളിക്കുന്ന കൈക്കുഞ്ഞും. പണി നിർത്തി നടുനിവർത്തിയ അമ്മയും കുഞ്ഞുങ്ങളും അവരുടെ മനോജ്ഞലോകത്തിന്റെ ഭാഗമാകാൻ ഞങ്ങളേയും ക്ഷണിച്ചു. ചുറ്റും റാഗിയും ചാമയും വരകും അരിച്ചോളവും മറ്റും വളരുന്ന കുഞ്ഞുകുഞ്ഞു വയലുകൾ. വയലുകൾക്കു ചുറ്റും കാറ്റു തടുക്കാൻ തുവരയും കീടങ്ങളെ അകറ്റാൻ ജെമന്തിയും കാന്താരിമുളകും മഞ്ഞളും കളകളെ നിയന്ത്രിക്കാൻ അമരയും തകരയും കടുകും മല്ലിയും ജീരകവും... അരുവിയൊഴുകും വഴിയിലെ ഓടക്കാടുകളും കുന്നിൻ തലപ്പിലെ ജനസംഭരണവനങ്ങളും ഒട്ടുംനശിപ്പിക്കാതെ, ആഴത്തിൽ മണ്ണിളക്കാതെ ഭൂമിയെ പരിചരിച്ചിരുന്ന

ആദിവാസികളുടെ അട്ടപ്പാടി എങ്ങനെ ഇന്നൊരു മൊട്ടപ്പാടിയായി? ഭവാനിയുടെ നാല് പോഷക നദികൾ ചേർന്ന് സൃഷ്ടിച്ച, കിഴക്കോട്ട് ചെരിഞ്ഞ ഈ സ്വർഗ്ഗീയ ഭൂമിയിലെ അതിസമ്പന്നമായ കാർഷിക സംസ്ക്കാരം എങ്ങനെ ഒരൊറ്റതലമുറകൊണ്ട് നാമാവശേഷമായി? "പോഷകസമൃദ്ധ ധാന്യങ്ങൾ" (ന്യൂട്രിസിറിയൽസ്) എന്ന് വിശേഷിപ്പിക്കപ്പെടുന്ന വൈവിധ്യമാർന്ന പരുക്കൻ ധാന്യങ്ങളായ റാഗിയും ചാമയും കുതിരവാലിയും തിനയുമൊക്കെ ഇത്ര സമൃദ്ധമായി കൃഷി ചെയ്തിരുന്ന കേരളത്തിലെ ഏകഭൂപ്രദേശമായ അട്ടപ്പാടിയിലെ കാർഷികസംസ്കാരം എന്തേ തകർന്നടിഞ്ഞു? റേഷൻകടകളെ മാത്രം ആശ്രയിക്കുന്ന, അരിയും ഗോതമ്പും മാത്രം കഴിക്കുന്നവരായി ആദിവാസികളും എത്രപെട്ടെന്നാണ് മാറിയത്. പോഷകാഹാരക്കുറവുള്ള യുവതികളുടെ നവജാതശിശുക്കൾ മരിക്കുന്നതും ഊരുകളിൽ പട്ടിണിമരണം പകർച്ചവ്യാധി പോലെ പടരുന്നതും തടയാൻ വാസ്തവത്തിൽ എന്താണ് വേണ്ടത്? മണ്ണറിഞ്ഞ് കൃഷിചെയ്യാനുള്ള ശാസ്ത്രമറിയുന്ന മണ്ണൂക്കാരനോടും സന്ധ്യക്ക് ഊരിലെ എല്ലാ കുഞ്ഞുങ്ങൾക്കും 'റായ് കറി'യും 'ലക്കറി'യും കൊടുക്കുന്ന മൂപ്പത്തിയോടും ആരും ചോദിക്കാത്തതെന്തേ അട്ടപ്പാടിയിലെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ എന്താണ് വേണ്ടതെന്ന്.

രണ്ടുവർഷം മുമ്പാണ്, നിലമ്പൂരിലെ മഹിളാസമഖ്യപ്രവർത്തകർക്കൊപ്പം കുമ്പളപ്പാറ എന്ന കാട്ടുനായ്ക്ക ഊരിൽ എത്തിയത്. കാട്ടിലൂടെ കുറേദൂരം ജീപ്പിലും മുളമ്പാലത്തിലൂടെ പുഴ കടന്ന് കാട്ടുവഴിയിലൂടെ നടന്നും ഊരിലെത്തിയപ്പോൾ ഉച്ചയായി. അതിനൊരു വർഷം മുമ്പ് കനത്ത മഴയത്ത് കിഴങ്ങു തേടി കൊടുങ്കാട്ടിനുള്ളിൽ തമ്പടിച്ചിരുന്ന ഇവരെ പട്ടിണിമരണത്തിൽ നിന്ന് അതിജീവനത്തിലേക്ക് തിരികെ കൊണ്ടുവന്ന സേവിനിയും മലപ്പുറം പ്രോഗ്രാം കോർഡിനേറ്ററും ആ കഥ ഹൃദയസ്പർശിയായി എനിക്ക് പറഞ്ഞു തന്നു. വയോജനപഠനകേന്ദ്രം (Adult learning centre) എന്ന പേരിൽ ആ ഊരിൽ സമഖ്യ തുടങ്ങിയ കേന്ദ്രം വഴി വിദ്യാഭ്യാസം മാത്രമല്ല അടിസ്ഥാനപൗരാവകാശങ്ങളും ആഹാരവും അവർക്ക് കിട്ടിത്തുടങ്ങി.

അന്നു വൈകുന്നേരം യാത്ര പറഞ്ഞപ്പോൾ മൂന്ന് പെൺകുട്ടികൾ ഞങ്ങൾക്കൊപ്പം നിലമ്പൂരിലെ 'മഹിളശിക്ഷൺകേന്ദ്ര' എന്ന ബോർഡിംഗ്സ്കൂളിലേക്ക് പുറപ്പെട്ടു. ആരോടും അനുവാദം ചോദിക്കാതെ യാതൊന്നും കയ്യിലെടുക്കാതെ, ഞങ്ങൾക്കൊപ്പം വഴികാട്ടികളായി അവർ നടന്നു. ജീപ്പിൽ നഗരത്തി ലെത്തിയപ്പോഴും അവരുടെ തിളങ്ങുന്ന കണ്ണുകളും ചിരിയും ഞങ്ങളേയും സന്തോഷിപ്പിച്ചു. ഈ സന്തോഷം എത്രനേരം ഉണ്ടാവും എന്ന് ഞാൻ ആശങ്കപ്പെട്ടു. ഏതായാലും മൂന്നാലുദിവസം ശിക്ഷൺകേന്ദ്രത്തിൽ ഉത്സാഹത്തോടെ തങ്ങിയ അവർ കാട്ടിലേക്ക് തിരികെ പോകാൻ വാശിപിടിക്കാൻ തുടങ്ങി. താമസിയാതെ അവരെ കാട്ടിലെത്തിച്ചു.

കുറേ മാസങ്ങൾ കഴിഞ്ഞ് കുമ്പളപ്പാറയിൽ വെച്ച് അവരെ വീണ്ടും കണ്ടപ്പോൾ ഒരുകുട്ടി വിവാഹിതയായി കഴിഞ്ഞിരുന്നു. മറ്റു രണ്ടുപേർ പഠനകേന്ദ്രത്തിൽ എഴുത്തുംവായനയും പഠിക്കാൻ തുടങ്ങിയിരുന്നു. രഹസ്യമായി ഞാനവരോട് ചോദിച്ചു. എന്തേ കാട്ടിലേക്ക് തന്നെ മടങ്ങി എന്ന്. അവർ പറഞ്ഞ ഉത്തരം എന്നെ ആഴത്തിൽ സ്പർശിച്ചു, ചിന്തിപ്പിച്ചു. "ഞങ്ങൾക്കവിടെ എല്ലാമുണ്ടായിരുന്നു. നല്ല വസ്ത്രങ്ങൾ, നിറയെ ഭക്ഷണം, സ്നേഹമുള്ള കൂട്ടുകാരികൾ, ടീച്ചർമാർ.... പക്ഷേ ഞങ്ങൾക്ക് കാട്ടിലേ ജീവിക്കാനാവൂ... ഇവിടെ ഞങ്ങൾ കളിച്ചും ചിരിച്ചും

"ഞങ്ങൾക്കവിടെ എല്ലാമുണ്ടായിരുന്നു. നല്ല വസ്ത്രങ്ങൾ, നിറയെ ഭക്ഷണം, സ്നേഹമുള്ള കൂട്ടുകാരികൾ, ടീച്ചർമാർ.... പക്ഷേ ഞങ്ങൾക്ക് കാട്ടിലേ ജീവിക്കാനാവൂ...



*ശാന്തി കുട്ടികളോട് സംസാരിക്കുന്നു*

വെറുതെ നടക്കും, പുഴയിൽ നീന്തും. ചില ദിവസം നെല്ലിക്കയും വെള്ളവും മാത്രമേ ഉണ്ടാകൂ വിശപ്പടക്കാൻ. ചില ദിവസം ഞങ്ങളും പോവും ഉൾക്കാട്ടിലേക്ക് തേനെടുക്കാൻ, അച്ഛനുമമ്മക്കുമൊപ്പം. ഞങ്ങൾക്കിവിടെതന്നെ ജീവിച്ച് പഠിച്ചാൽ മതി പാട്ടും വായനയും എഴുത്തും കണക്കുമൊക്കെ.

വിനോദിനെപ്പറ്റി ഞാൻ കേൾക്കുന്നത് മൂന്ന് വർഷം മുമ്പാണ്. മഹിളസമഖ്യസേവിനിയും ടീച്ചറും കൂടി പ്ലസ്ടുവിന് ചേർത്ത ചോലനായ്ക്കക്കുട്ടി. മിടുക്കനായി പഠിച്ച് എക്കണോമിക്സ് ബി.എക്ക് ചേർന്ന ആദ്യത്തെ ചോലനായ്ക്കൻ! മഴക്കാടിന്റെ ശാന്തതയും നിഗൂഢസ്വഭാവവും എനിക്കവനിൽ കാണാം. അതേ സമയം അവൻ വന്ന വഴിയിലെ എല്ലാ ചങ്ങാതിമാരേയും ഗുരുക്കന്മാരേയും ഓർക്കാനും എടുത്തുപറയാനും അവനൊരിക്കലും മറക്കാറില്ല. അവനെ ആദ്യം സ്കൂളിൽ ചേർത്ത കിർത്താഡ്സ് മുൻഡയറക്ടർ ഡോ.വിശ്വനാഥൻ, മഹിളസമഖ്യയിലെ സേവിനി, ടിച്ചർമാർ... എല്ലാവരേയും അവൻ കൃതാർത്ഥതയോടെ ഓർക്കും.

ശാന്തസുന്ദരമായ മഴവനജീവിതത്തിന്റെ അനിവാര്യമായ അന്ത്യം അവൻ നന്നായി തിരിച്ചറിയുന്നുണ്ട്. അതിന്റെ നഷ്ടബോധം അവനെ വ്യസനിപ്പിക്കുന്നുമുണ്ട്. എഴുതാനും എണ്ണാനും പഠിച്ചതോടെ വിവരിക്കാനോ കണക്കാക്കാനോ വിലയിടാനോ കഴിയാത്ത അമൂല്യവസ്തുക്കളുടെ നഷ്ടത്തിന്റെ അപാരത മനസ്സിലാക്കാൻ അവനു കഴിഞ്ഞുവല്ലോ! പക്ഷേ വിദ്യാഭ്യാസത്തിനൊപ്പം നഷ്ടപ്പെട്ട കാട്ടറിവുകൾക്കും ജീവിതനൈപുണ്യങ്ങൾക്കും മാറുന്ന ലോകത്ത് എന്ത് പ്രസക്തി? നല്ലൊരു പോലീസോഫീസർ ആകണം എന്നവൻ ആഗ്രഹിക്കുന്നു. ധനതത്വശാസ്ത്രം പഠിച്ച് ലോകത്തെ ഏറ്റവും സുസ്ഥിരമായ വനവാസി സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ഗവേഷണം ചെയ്താലോ എന്ന് ഞാൻ ചോദിക്കുമ്പോൾ അവൻ ചിരിക്കും. യഥാർത്ഥ പ്രകൃതി സമ്പന്നതയെ നിലനിർത്തിക്കൊണ്ടുള്ള 'സുസ്ഥിരജീവിതവൃത്തി', അതായത് വയറ്റുപ്പിഴപ്പ് മാത്രമല്ലേ ശാശ്വതവും നൈതികവും? ഉപജീവനമല്ലേ, ആനന്ദം നിറഞ്ഞ ജീവനം? ശാസ്ത്ര-സാങ്കേതിക-വ്യാപാര-വ്യാവസായിക സമ്പദ്‌വ്യവസ്ഥകൾ തകർന്നടിയുമ്പോൾ മനുഷ്യകുലത്തിന് വഴികാട്ടുക ചോലനായ്ക്കരുടെ പാരിസ്ഥിതിക ജീവനവ്യവസ്ഥകളാവില്ലേ? വിനോദ് സൗമ്യമായി പറയും "കാടെല്ലാം നശിച്ചില്ലേ? കാട്ടിൽ നിന്ന് ഞങ്ങളെ ആട്ടിയിറക്കിയില്ലേ? വന്യജീവികളെ ആശ്രയിച്ചു ജീവിക്കുന്നത് കുറ്റകരമല്ലേ? മനുഷ്യന് ആശ്രയിക്കാൻ വന്യത എവിടേയാണ് ബാക്കി?" നല്ലൊരു ഐ.പി.എസ്സ് ഓഫീസറായി സ്വന്തം ആളുകളെ മാത്രമല്ല മൊത്തം സമൂഹത്തേയും സേവിക്കണമെന്നുള്ള ആഗ്രഹം അവൻ വീണ്ടു പറയും.

രണ്ടുമാസം മുമ്പ് നിലമ്പൂരിലെ കുറേ പഞ്ചായത്തുകളിലെ 'പണിയകോളനി'കളിൽ സ്ത്രീനേതൃത്വം വളർത്താൻ മഹിളസമഖ്യ പ്രവർത്തകർക്കൊപ്പം കുറേ കൂടി



ച്ചേരലുകളിൽ പങ്കുചേരാനുള്ള അവസരം കിട്ടി. ഓരോ പഞ്ചായത്തിലേയും സ്ത്രീകളും കുട്ടികളും കുറച്ചു ചെറുപ്പക്കാരും ഒരു ദിവസം മുഴുവൻ കോളനികളിലെ പ്രശ്നങ്ങൾ എണ്ണിപ്പറഞ്ഞ് അധികൃതരുമായി തർക്കിക്കും. ഒരു കാലത്ത് ഭൂമിയുടെ സ്വന്തം മക്കളായിരുന്ന പണിയരുടെ ചരിത്രവും സ്വഭാവത്തനിമയും പാട്ടുകളുമൊക്കെ ഞങ്ങൾ പങ്കിടും. ഒരു കൂടിച്ചേരലിൽ മുൻനിരയിൽ നിവർന്നിരുന്ന ആറേഴുവയസ്സായ ഒരു കുട്ടി അവന്റെ മുത്തശ്ശിയോട് എന്തെക്കെയോ രോഷത്തിൽ പറയുന്നുണ്ടായിരുന്നു. ചോദിച്ചപ്പോൾ അവർ പറഞ്ഞു അവന് 'പണിയൻ' എന്ന് കേൾക്കുന്നതു പോലും ഇഷ്ടമല്ല എന്ന്. ഞാനൊന്ന് ഞെട്ടി. ശരി പിന്നെ എന്താണ് മോനിഷ്ടം ഞാൻ ചോദിച്ചു. "എനിക്കൊന്നും ഇഷ്ടമല്ല, സ്കൂളും പഠനവും കളിയുമൊന്നും ഇഷ്ടല്ല." "എന്നാലും എന്തോ ഒന്ന് ഇഷ്ടമുണ്ടാവുമല്ലോ" ഒടുവിൽ അവൻ പറഞ്ഞു. "എനിക്ക് കൃഷിചെയ്യാനാണിഷ്ടം." എല്ലാവരും പൊട്ടിച്ചിരിച്ചു. "അതിനെവിടെയാടാ ഭൂമി?" ആരോ ചോദിച്ചു. അവൻ വല്ലാതെ പകച്ചു. പയറിന് നനക്കാനും പശുവിനെ കുളിപ്പിക്കാനും പുല്ലരിയാനുമൊക്കെ അവനിഷ്ടമാണെന്ന് ആ അമ്മ പറഞ്ഞു. വലുതായാൽ ഭൂമി വാങ്ങും കൃഷിചെയ്യാൻ എന്നവൻ ഉറപ്പിച്ചു പറഞ്ഞു.

എന്റെ കണ്ണ് നിറഞ്ഞു. കേരളത്തിൽ എവിടെ നോക്കിയാലും തരിശിട്ട ഭൂമിയും ഭൂമിനാശവും മാലിന്യങ്ങളും മാത്രമേ കാണാനുള്ളൂ. കൃഷി രക്തത്തിലുള്ള, എല്ലാവരും പുച്ഛിക്കുന്നതുകൊണ്ട് പണിയനെന്ന് പറയാനിഷ്ടമില്ലാത്ത കഷിപ്പണി ചെയ്യാനിഷ്ടമുള്ള ഒരു ആദിവാസിക്കുട്ടിക്ക് കുറച്ചു ഭൂമി കൊടുക്കാനാവാത്ത ഈ നാടിന് തീർച്ചയായും നിലനിൽക്കാനും പുരോഗമിക്കാനും അർഹതയില്ലതന്നെ. ഉള്ളവർക്കൊന്നിന്റേയും വിലയറി



യില്ല. വിലയറിയുന്നവർക്ക് ഒന്നുമില്ല.

പട്ടിണിമരണത്തിലേക്ക് കുതിക്കുന്ന ആദിവാസിക്കുട്ടികളുൾപ്പെടെ കോടിക്കണക്കിന് കുഞ്ഞുങ്ങളെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കണമെന്നായിരുന്നു 1990കൾ വരെ ലോകാരോഗ്യസംഘടന ഉപദേശിച്ചിരുന്നത്. കപ്പലണ്ടിവെണ്ണയും പാൽപ്പൊടിയും വിറ്റാമിനുകളും മിനറലുകളും ചേർത്തുണ്ടാക്കിയ റൂട്ട് ഫുഡ് (Ready to use therapeutic Food) കൊടുത്തുവേണം 'നിശിതവും തീവ്രവുമായ പോഷകക്കുറവുള്ള' (Severe Accute Malnutrition) കുട്ടികളെ ചികിത്സിക്കാൻ എന്നും വിദഗ്ധർ വിശ്വസിക്കുന്നു. ആ പരിപാടി വിജയിക്കാതിരുന്നപ്പോൾ ഊരുകൾ കേന്ദ്രമാക്കിയുള്ള പ്രവർത്തനം തുടങ്ങി. ഓരോ ദേശത്തും ഗ്രാമത്തിലും വീട്ടിലും അതത് സമുദായത്തിന്റെ തദ്ദേശീയ അറിവും കഴിവും പരമാവധി ഉപയോഗപ്പെടുത്തി ഭക്ഷ്യസുരക്ഷയും സുരക്ഷിതഭക്ഷണവും കാർഷികസുരക്ഷയും പരിസ്ഥിതി പുനരുജ്ജീവനവും നടപ്പിലാക്കുന്ന കാര്യം മാത്രം ആർക്കും പുരോഗതിയായും മനുഷ്യക്ഷേമമായും കാണാനാകുന്നില്ല.

ആദിവാസിക്കുട്ടികളും ആദിവാസിത്വവും ലോകത്തെല്ലായിടത്തും വന്യജീവന്റേയും നൈസർഗികജൈവവ്യസ്ഥകളുടേയും ഒപ്പം അന്യം നിൽക്കുകയാണ്. പക്ഷേ, യഥാർത്ഥത്തിലുള്ള ആഹ്ലാദത്തിന്റെയും വിവേകത്തിന്റേയും സാമൂഹികസുസ്ഥിരതയുടേയും അടിത്തറയിൽ ജീവിക്കുന്ന വനവാസികൾ മനുഷ്യപരിണാമയാത്രയിൽ എന്തേ അപ്രത്യക്ഷരാകുന്നു? പ്രകൃതിതന്നെ എന്തുകൊണ്ട വരെ നിർദ്ധാരണം ചെയ്തു നില നിർത്തുന്നില്ല? ഇന്നും ഒറ്റപ്പെട്ട തുരുത്തുകളിൽ നിലനിൽക്കുന്ന 'പ്രകൃതിമനുഷ്യർ' എന്താണ് നമ്മോട് പറയുന്നത്? മനുഷ്യപരിണാമം തുടരുന്നതിൽ ആദിവാസികൾക്കുള്ള പങ്കെന്താണ്? അവരെ അതിന് പ്രാപ്തരാക്കാൻ നാമെന്താണ് ചെയ്യേണ്ടത്? അവരുടെ കുട്ടികളെ കൈപിടിച്ച് ദുരിതക്കയത്തിൽ നിന്ന് കരകയറ്റാൻ ശ്രമിക്കുന്നവർ എന്താണ് ശ്രദ്ധിക്കേണ്ടത്? നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടത്? അവരിൽ നിന്ന് എന്താണ് ഉൾക്കൊള്ളേണ്ടത്? നാമും അവരും കൂടി എന്തെല്ലാം മൂല്യങ്ങളും അറിവുകളും ജീവിതശൈലികളുമാണ് നിലനിർത്തേണ്ടത്? ആദിവാസിക്കുട്ടികൾ തന്നെ വഴികാട്ടും എന്നാണ് എന്റെ മനസ്സുപറയുന്നത്. ●





ഷീബ അമീർ

# വലിയ 'കുഞ്ഞു' സങ്കടങ്ങൾ

കുഞ്ഞുങ്ങളുടെ മനോവ്യഥകളെ ഒരു പരിധി വരെ അമ്മമാർ ഒപ്പുകടലാസ്സെന്നപോലെ ഒപ്പിയെടുക്കുന്നുണ്ടാകും. എങ്കിലും പിന്നേയുമുണ്ടാകാം ആ കുഞ്ഞു മനസ്സുകളിൽ ഭയപ്പാടുകളും ഉത്തരം കിട്ടാത്ത ചോദ്യങ്ങളും.

**ജീവിതത്തിന്റെ** സുഖമുള്ള പാതയിൽ നിന്നും തെന്നിമാറി, ദുരിതത്തിന്റേയും ആകുലതകളുടേയും പടുകുഴിയിലേക്ക് വീണുപോയ എത്രയെത്ര കുട്ടികളാണ് നമുക്ക് ചുറ്റുമുള്ളത്. അവരുടെ വ്യസനങ്ങളെ നാം എങ്ങിനെയാണ് നോക്കിക്കാണുന്നത്. എന്ത് ഇടപെടലാണ് അവരുടെ വ്യസനങ്ങളെ ദൂരീകരിക്കാൻ നമ്മൾ നടത്തുന്നത്. സുഖമില്ലാത്ത കുട്ടികളുമായി നിരന്തരം ഇടപഴകുന്ന ഞാൻ പോലും അവരുടെ അമ്മമാരുടെ കണ്ണിലെ ദൈന്യതയിൽ അലിഞ്ഞ് തീരുകയാണ് പതിവ്.

ഈ കുഞ്ഞു മനസ്സുകളിലെ ആകുലതകൾ എന്തൊക്കെയായിരിക്കും! അതൊക്കെ മനസ്സിലാക്കാനും ഇടപെടാനും എത്രത്തോളം നമുക്ക് കഴിയാറുണ്ട്! ഒരു ഒത്ത മനുഷ്യന്റെ ചെറിയ പതിപ്പുകളല്ല കുഞ്ഞുങ്ങൾ എന്നും അവരുടെ ആലോചനകൾക്കും വിചാരങ്ങൾക്കും വലിയ വലിയ ആകാശവിശാലതയുണ്ടെന്ന് അറിഞ്ഞുകൊണ്ടും ആ തലങ്ങളിലേക്ക് ഇടപെടാൻ നമുക്ക് സാധിക്കാറില്ല.


കുഞ്ഞുങ്ങളുടെ മനോവ്യഥകളെ ഒരു പരിധി വരെ അമ്മമാർ ഒപ്പുകടലാസ്സെന്നപോലെ ഒപ്പിയെടുക്കുന്നുണ്ടാകും. എങ്കിലും പിന്നേയുമുണ്ടാകാം ആ കുഞ്ഞു മനസ്സുകളിൽ ഭയപ്പാടുകളും ഉത്തരം കിട്ടാത്ത ചോദ്യങ്ങളും.

പണമില്ലാത്തതുകൊണ്ട് എന്നെ രക്ഷപ്പെടുത്താൻ കഴിയാതെ എന്റെ അച്ഛൻ വിഷമിക്കുകയാണെന്ന് വേദനിച്ച് കരയുമ്പോഴും വേവലാതിപ്പെടുന്ന മധുലികയിൽ നിന്നാണ് ഞാൻ കുഞ്ഞുസങ്കടങ്ങളെ ഓർത്തെടുക്കാൻ തുടങ്ങുക. അടുത്ത ദിവസങ്ങളിൽ തന്നെയാണ് സലോനി എന്ന പെൺകുട്ടി 'അമ്മയോട് സങ്കടപ്പെടേണ്ട എന്ന് പറയൂ...' എന്ന് എന്നോട് പറഞ്ഞു പോയത്... കൈവിരൽ പോലും അനക്കാൻ കഴിയാത്തപ്പോഴും തന്റെ കളിപ്പാട്ടം കിടക്കക്കരികിൽ തന്നെ വെച്ച് അസുഖം മാറിയിട്ട് വേണം അതു വെച്ച് കളിച്ചു തുടങ്ങാൻ എന്ന് ബോധം മറയും വരെ പറഞ്ഞുകൊണ്ടിരുന്ന അശ്വതിയും ചെണ്ടുമല്ലിപ്പൂക്കൾ വളർന്ന് നിൽക്കുന്ന മണ്ണിനടിയിൽ വിശ്രമിക്കുന്നു. മരിച്ചാൽ മണ്ണിനടിയിൽ കിടത്തി

യാൽ എനിക്ക് ശ്വാസംമുട്ടില്ലേ എന്ന് പേടിച്ച് കരഞ്ഞ സണ്ണിയും മണ്ണിന്റെ മണം പോലെ നെഞ്ചിൽ ഒതുങ്ങുന്നു. പതിനഞ്ചാം വയസ്സിൽ വന്ന ഒരു പനികൊണ്ട് ബുദ്ധിയൊഴിച്ച് സർവ്വ ചലനശേഷിയും നഷ്ടപ്പെട്ട സ്റ്റെല്ല. ഒരു ദിവസമെങ്കിലും തനിക്ക് പഴയതുപോലെയാകണം എന്ന് അമ്മയോട് വാശിപിടിക്കുന്നു. കാലു മുറിക്കേണ്ടി വന്നപ്പോൾ ഒരു പുതപ്പിനുള്ളിലേക്ക് ചുരുണ്ടുകൂടിയ പതിനാലു വയസ്സുകാരനും കാലുമുറിച്ചാൽ ഞാനെങ്ങിനെ പാദസരം ഇടുമെന്ന് കൊഞ്ചിക്കരഞ്ഞ പത്തുവയസ്സുകാരിയും വലിയ വലിയ കടലിരമ്പങ്ങൾ മനസ്സിൽ അവശേഷിപ്പിച്ച് എങ്ങോ മറഞ്ഞു പോയിരിക്കുന്നു.

രോഗബാധിതരായ ഇത്തരം കുഞ്ഞുങ്ങളുമായി ജീവിതം തള്ളിനീക്കുന്ന അമ്മമാരുടെ മാനസികമായ വെല്ലുവിളികളെ എത്രയാളുകൾ പങ്കുവെക്കുന്നുണ്ട്. പല അച്ഛന്മാരും ശയ്യാവലംബിയായ കുഞ്ഞിനേയും അമ്മയേയും ഉപേക്ഷിക്കുക തന്നെയാണ് ചെയ്യുന്നത്. വളരെ പേർ അമ്മയേക്കാൾ കരുതലോടെ കുഞ്ഞുങ്ങളെ പരിപാലിച്ചു ജീവിക്കുന്നുവെങ്കിലും... ഏറേയും, കുഞ്ഞുങ്ങളെ ഉപേക്ഷിച്ച് പോയവരാണ്. അമ്മയോട് കുഞ്ഞിനെ ഉപേക്ഷിച്ച് കൂടെ വരാൻ പ്രേരിപ്പിക്കുന്നവരുമാണ്.

സുഖമില്ലാത്ത കുഞ്ഞിനെ ജീവിതത്തിന്റെ മാറാപ്പിൽ ചേർത്തു വെച്ചുകെട്ടി നടക്കുന്ന അമ്മമാർക്ക് എവിടെയാണ് ഒരു പരിഗണന. ഏതെങ്കിലും ജോലിക്ക് പോയി തന്റെ ദൈനംദിന ജീവിതമാർഗ്ഗം കണ്ടെത്താൻ പോലും ഇവർക്ക് സാധിക്കുന്നില്ല. ഗവൺമെന്റ് സ്ത്രീകൾക്ക് വേണ്ടി നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ പോലും ഇവർക്ക് ഇടമില്ലാതാകുന്നു. തുടക്കത്തെ ദിവസം എത്താത്തവർക്ക് ജോലി കിട്ടില്ലെന്ന കുരുക്കിൽ അവർക്ക് അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. കാരണം ആ ദിവസം തന്നെ കു



**സുഖമില്ലാത്ത കുഞ്ഞിനെ ജീവിതത്തിന്റെ മാറാപ്പിൽ ചേർത്തു വെച്ചുകെട്ടി നടക്കുന്ന അമ്മമാർക്ക് എവിടെയാണ് ഒരു പരിഗണന. ഏതെങ്കിലും ജോലിക്ക് പോയി തന്റെ ദൈനംദിന ജീവിതമാർഗ്ഗം കണ്ടെത്താൻ പോലും ഇവർക്ക് സാധിക്കുന്നില്ല.**

ഞ്ഞിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അവർക്ക് പോകാൻ സാധിക്കാതെ വരുന്നു. യാതൊരു പരിഗണനയും അവർക്ക് അവിടേയും ലഭിക്കുന്നില്ല.

ഏതെങ്കിലും ആഘോഷവേളകളിലോ, ആളുകൾ കൂടുന്നിടത്തോ സുഖമില്ലാത്ത കുഞ്ഞുങ്ങളുമായി ഒരമ്മയെത്തിയാൽ 'എന്തിനാണ് സുഖമില്ലാത്ത കുട്ടിയേയും കൊണ്ട് ഇങ്ങനെ വരുന്നത്, ഒരിടത്ത് അടങ്ങിയിരുന്നു കൂടെ...' എന്ന ആരോപണം. അതുമല്ലെങ്കിൽ 'കുട്ടിക്ക് അസുഖം പൂർണ്ണമായി മാറില്ല അല്ലേ... സ്കൂളിലേക്ക് അയക്കാൻ പറ്റില്ല അല്ലേ...' സഹതാപച്ചൊരിച്ചിലുകൾ...


ഏത് കുഞ്ഞിനും ഏതു നിമിഷവും വന്നുപെടാവുന്ന ഒരവസ്ഥയാണിതെന്ന് ചിന്തിക്കാൻ കഴിയുന്നവർക്കേ, മാറി നിന്ന് സഹതപിക്കാതെ അത് തന്റെ കുഞ്ഞ് തന്നെയാണെന്ന് ചിന്തിച്ച് കൂടെ നിൽക്കാനാകൂ.

എങ്ങിനെയാണ് ഈയൊരു അവസ്ഥയുള്ള ഒരു കുടുംബം മുന്നോട്ടു പോകുന്നത്. സമൂഹം എത്രത്തോളം അവരുടെ പ്രശ്നങ്ങളിൽ ഒപ്പം നിൽക്കുന്നുണ്ട്. ഭരണം അവർക്ക് നൽകുന്ന ആനുകൂല്യം എന്താണ്..?

ഗവൺമെന്റ് ആശുപത്രികളിൽ കോടിക്കണക്കിന് രൂപയുടെ കൊള്ളയും ക്രമക്കേടുകളും നടക്കുമ്പോൾ, ഈ കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടതായ എത്രയോ മരുന്നുകൾ വാങ്ങാൻ കഴിവില്ലാതെ സഹായത്തിനായി മാതാപിതാക്കൾ അലയേണ്ടിവരുന്നു. വില കൂടിയ ചില രക്തപരിശോധനക്ക് സാധിക്കാതെ അവർ മറ്റുള്ളവരുടെ കാരുണ്യം കാത്തിരിക്കുന്നു. പല അസുഖങ്ങൾക്കും കൊടുക്കേണ്ടതായ ഫിസിയോതെറാപ്പിക്കും മറ്റുമായി ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകേണ്ടി വരുമ്പോൾ വാഹനവാടക വരെ കൊടുക്കാൻ ഗതിയില്ലാതെ അവർ നട്ടം തിരിയുന്നു.

എൻ.ആർ.എച്ച്.എം തൊട്ട് ആശാ വളണ്ടിയർ പദ്ധതികൾ വരെ നിറഞ്ഞ ഈ രാജ്യത്ത്, എത്രത്തോളം ഈ ഘടനാരൂപത്തെയൊക്കെ ഫലപ്രദമായി ഉപയോഗിക്കാൻ സർക്കാരിന് സാധിക്കുന്നുണ്ട്! ഓരോന്നിന്റെ പേരിലും ഫണ്ട് വകയിരുത്തുകയും അത് അർഹരല്ലാത്തവർ കള്ള പ്രമാണങ്ങൾ ഉണ്ടാക്കി എഴുതിയെടുക്കുകയുമല്ലാതെ ഫലപ്രദമായ രീതിയിൽ അതെല്ലാം ഉപയോഗിക്കപ്പെടുന്നുണ്ടോ! ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട് ഇനിയെങ്കിലും. ●

ലേഖനം





**വിജയലക്ഷ്മി ഗോപാലകൃഷ്ണൻ**
സാരംഗ്, അട്ടപ്പാടി

കാലഹരണപ്പെട്ട കാഴ്ചപ്പാടുകൾ അടിച്ചേല്പിക്കപ്പെടുന്നൊരു വിദ്യാഭ്യാസം നിലനിൽക്കുന്നിടത്തോളം ഒരുപുതിയ ചിന്താഗതിയും ഇവിടെ മുളക്കുകയോ മുളച്ചാൽ വളർത്തുകയോ ചെയ്യില്ലെന്നത് ഒരു സത്യം മാത്രമാണ്.

# ബദലുകൾ ബദലുകളാവട്ടെ...

സകല ജീവിത മേഖലകൾക്കും ആവശ്യമായ ബദലുകൾ തിരയുന്നവർ ലോകത്തെല്ലായിടത്തുമുണ്ട്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, വീടുനിർമ്മാണം, ഭരണം തുടങ്ങി നിത്യജീവിതത്തിൽ അത്യന്താപേക്ഷിതമായ സകലമണ്ഡലങ്ങളിലും ബദലന്വേഷണം നടന്നു വരുന്നുണ്ട്. ഈ അന്വേഷണങ്ങൾ പരസ്പരം അറിഞ്ഞുകൊണ്ടോ ആരുടെയെങ്കിലും പ്രേരണകൊണ്ടോ നടക്കുന്നതല്ല. ഓരോരുത്തരുടെയും ഉൾപ്രേരണയിൽ നിന്നും ഉടലെടുക്കുന്ന ആവശ്യബോധം കൊണ്ട് അതങ്ങനെ സംഭവിച്ചുപോവുന്നതാണ്.

സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനോ, പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നതിനോ പലവിധ സംവിധാനങ്ങൾ നിലവിലുണ്ടല്ലോ. അവയെല്ലാം ആവശ്യക്കാരെ അമിതമായിചൂഷണം ചെയ്യുകയോ കാലഹരണപ്പെട്ട പരിഹാരമാർഗ്ഗങ്ങളുമായി ഗുണഭോക്താക്കളെ കബളിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ആരോഗ്യരംഗത്തെ അന്യായവും അമിതവുമായ ചൂഷണം കുപ്രസിദ്ധമാണല്ലോ. അതുപോലെ വിദ്യാഭ്യാസരംഗത്തെ കാലഹരണപ്പെട്ട സമ്പ്രദായങ്ങളും ഒരുചർച്ചയിൽ വന്നു തുടങ്ങിയിട്ടുണ്ടല്ലോ. ഇത്തരം സന്ദർഭങ്ങളിൽ അതുചിലരെ വല്ലാതെ അസ്വസ്ഥരാക്കുന്നു. അവരിൽ ചിലരെങ്കിലും ബദലന്വേഷകരായി തീരുകയും ചെയ്യുന്നു. എന്നാൽ ബദലുകൾ ബദലുകളായി തീരണമെങ്കിൽ നിലവിലെ ചീഞ്ഞളിഞ്ഞ സംവിധാനങ്ങൾക്കു പകരം നിൽക്കത്തക്കവിധം ബദലുകൾ ശക്തിനേടേണ്ടതുണ്ട്. ബദലുകൾ ശക്തിപ്പെടണമെങ്കിൽ മറ്റെന്തിലുമെന്ന പോലെ പൊതുജന പിന്തുണ ഉണ്ടായേ പറ്റൂ. കാലഹരണപ്പെട്ട കാഴ്ചപ്പാടുകൾ അടിച്ചേല്പിക്കപ്പെടുന്നൊരു വിദ്യാഭ്യാസം നിലനിൽക്കുന്നിടത്തോളം ഒരുപുതിയ ചിന്താഗതിയും ഇവിടെ മുള



ക്കുകയോ മുളച്ചാൽ വളർത്തുകയോ ചെയ്യില്ലെന്നത് ഒരു സത്യം മാത്രമാണ്.

വിദ്യാഭ്യാസം വ്യക്തിക്കും സമൂഹത്തിനും കാഴ്ചപ്പാടുകൾ നൽകുന്നു. തെറ്റായ വിദ്യാഭ്യാസം തെറ്റായ കാഴ്ചപ്പാടും ശരിയായ വിദ്യാഭ്യാസം ശരിയായ കാഴ്ചപ്പാടും തരുമെന്നതിനു തർക്കമേയില്ലല്ലോ. അതുകൊണ്ടാണ് നിലവിലുള്ള വിദ്യാഭ്യാസത്തിനൊരു ബദൽ വേണമെന്ന ശാഠ്യത്തോടെ ഞങ്ങൾ പ്രവർത്തിക്കുന്നത്.

സാരംഗ് തുടങ്ങി ഒരു ഏഴെട്ടു കൊല്ലമെങ്കിലും കഴിഞ്ഞാണ് ഞങ്ങൾ ബദൽ രംഗത്താണു പ്രവർത്തിക്കുന്നത് എന്നു തിരിച്ചറിയുന്നതു തന്നെ. ഏതോ ഒരു ഉൾപ്രേരണ കൊണ്ടാണു സാരംഗ് തുടങ്ങുന്നത്. മറ്റൊരു മാതൃക കണ്ടു ചെയ്തതേയല്ല. ഇന്നും ഞങ്ങൾ ഒരുമാതൃക പിന്തുടരുന്നുമില്ല. ഇതു കാലത്തിന്റെ ആവശ്യമാണ്, അതാണ് ഇങ്ങനെയൊക്കെസംഭവിച്ചുപോകുന്നത് എന്നൊക്കെ ഞങ്ങൾ വിശ്വസിക്കുകയാണ്.

ഇന്നു സാരംഗിന് ഒരുപാഠ്യപദ്ധതിയും രീതി ശാസ്ത്രവും സ്വന്തമായുണ്ട്. തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ അവയെല്ലാം ഉരുത്തിരിഞ്ഞുവരികയായിരുന്നു. ഇവിടെ പറയാൻ പോകുന്നത് ഞങ്ങളുടെ പാഠ്യപദ്ധതിയെ കുറിച്ചാണ്. ഇതു വളരെ വലിയൊരു വിഷയമാണല്ലോ. അതുനന്നേചുരുക്കി പറയുമ്പോഴുണ്ടാകുന്നഎല്ലാ ന്യൂനതകളും ഈ ചെറുകുറിപ്പിന് ഉണ്ടാകും എന്നതിനു സംശയമേ വേണ്ട.

'താങ്ങാവുന്ന വിദ്യാഭ്യാസം' എന്നാണ് ഞങ്ങളുടെ വിദ്യാഭ്യാസ പദ്ധതിയുടെ പേര്. അതിന്റെ പാഠ്യപദ്ധതിയുടെ പേര് താങ്ങാവുന്ന പാഠ്യപദ്ധതി'എന്നുമാണ്.

താങ്ങാവുന്ന പാഠ്യപദ്ധതിക്കു രണ്ടുഭാഗങ്ങളുണ്ട്. (ഒന്ന്) നെറിവിന്റെ ഭാഗം അഥവാ സംസ്കാരത്തിന്റെ ഭാഗം, (രണ്ട്) അറിവിന്റെ ഭാഗം. ഇതിൽ നെറിവിന്റെ ഭാഗം അഥവാ സംസ്കാരത്തിന്റെ ഭാഗം മുതിർന്നവർ പഠിപ്പിക്കേണ്ടതും അറിവിന്റെ ഭാഗം വിദ്യാർത്ഥി സ്വയം കണ്ടെത്തി പഠിക്കേണ്ടതുമാണ്. അറിവുകണ്ടെത്തുന്നതിൽ മുതിർന്നവരുടെ ഇടപെടലുകൾ ആദ്യകാലങ്ങളിലൊക്കെ ആകാമെങ്കിലും പിന്നീട് അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം വിദ്യാർത്ഥിക്കുതന്നെ ആയിരിക്കണം. എങ്കിലേ ഒരുവ്യക്തിക്ക് മരണം വരെ ഒരു വിദ്യാർത്ഥി ആയിരിക്കാനുള്ള ശീലം ഉണ്ടായിവരികയുള്ളൂ. മരണം വരെ വിദ്യാർത്ഥി ആകാൻ കഴിയാത്ത ഒരാൾക്കും കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാൻ കഴിയുകയില്ല, കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാൻ കഴിയാത്ത ഒരാൾക്കും പുതുമയിലേക്കു സഞ്ചരിക്കാനും കഴിയുകയില്ല.

നെറിവ് ഉറപ്പിച്ചതിനുശേഷമേ അറിവു നേടാനുള്ള വഴിതുറക്കാവൂ. നെറിവില്ലാത്തവരുടെ കൈകളിൽ ചെന്നുചേരുന്ന അറിവ് മഹാ അപകടകാരിയായി മാറും എന്നതിനു സംശയമേ വേണ്ട. നെറിവ് ഉറപ്പിക്കൽ അഥവാ സംസ്കാരം ഉറപ്പിക്കൽ ആണ് ഇനിയത്തെ വിദ്യാഭ്യാസ പ്രവർത്തനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം. ഇതൊരു സംസ്കരണമാണ്. മനസ്സിന്റെയും ശരീരത്തിന്റെയും സംസ്കരണം. മനസ്സിനെയും ശരീരത്തെയും സംസ്കരിച്ചു സംസ്കരിച്ച് ഒരുവ്യക്തിയെ സംസ്കാരമുള്ളതാക്കി മാറ്റുന്നിടത്താണ് വിദ്യാഭ്യാസപ്രവർത്തനത്തിന്റെ വിജയവും. ഇങ്ങനെ സംസ്കാരമുള്ള വ്യക്തികളുടെ കൈകളിൽ എത്തുന്ന ഒരറിവും ലോകത്തിന് അപകടം ചെയ്യില്ല എന്നു മാത്രമല്ല അതു ലോകനന്മയ്ക്കായി ഉപയോഗപ്പെടുകയും ചെയ്യും. അതിനൊരു സംശയവും വേണ്ട. ഒരുവ്യക്തിയുടെ സംസ്കാരം ഉറപ്പിക്കൽ എന്നുവച്ചാൽ അയാളുടെ സ്വഭാവരൂപീകരണം തന്നെയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സ്വഭാവരൂപീകരണം ഒരുതരം പരിശീലനമാണ്. ഇടമുറിയാത്ത പരിശീലനങ്ങളിലൂടെ നിശ്ചിതശീലങ്ങൾ വളർത്തി



**മനുഷ്യന്റെ ജീവിതഘട്ടങ്ങളും അവയുടെ പ്രത്യേകതകളും അറിയുമെങ്കിൽ മാത്രമേ ശരിയായ വഴിക്കുള്ള സ്വഭാവരൂപീകരണം സാദ്ധ്യമാവുകയുള്ളൂ. മാത്രമല്ല കാലത്തിന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങളും പരിഗണിക്കപ്പെടേണ്ടതുണ്ട്. അതായത് കാലത്തിന്റെ മാറ്റവും സമൂഹത്തിന്റെ ആവശ്യവും കണ്ടറിഞ്ഞു ജീവിക്കാനുള്ള ജീവിതപരിശീലനം തന്നെയാണത്.**

ഉറപ്പിച്ചെടുക്കുന്ന ക്രിയതന്നെയാണത്.

മനുഷ്യന്റെ ജീവിതഘട്ടങ്ങളും അവയുടെ പ്രത്യേകതകളും അറിയുമെങ്കിൽ മാത്രമേ ശരിയായ വഴിക്കുള്ള സ്വഭാവരൂപീകരണം സാദ്ധ്യമാവുകയുള്ളൂ. മാത്രമല്ല കാലത്തിന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങളും പരിഗണിക്കപ്പെടേണ്ടതുണ്ട്. അതായത് കാലത്തിന്റെ മാറ്റവും സമൂഹത്തിന്റെ ആവശ്യവും കണ്ടറിഞ്ഞു ജീവിക്കാനുള്ള ജീവിതപരിശീലനം തന്നെയാണത്. ദീർഘവീക്ഷണവും, ശരിയായ ആസൂത്രണവും ഇതിനു കൂടിയേ തീരൂ. നിലവിലുള്ള വിദ്യാഭ്യാസത്തിൽ സ്വഭാവരൂപീകരണത്തിന് ഒരു സ്ഥാനവുമില്ല. ആസൂത്രണം (planning) ലവലേശംപോലും ഇല്ലേയില്ല. അതുകൊണ്ട് കുട്ടികൾ തോന്നിയ മട്ടിൽ വളരുന്നു, തോന്ന്യവാസികളായി തീരുന്നു. അതിന് നമ്മൾ കുറ്റപ്പെടുത്തുന്നത് അവരെയാണ്. വളർത്തുദോഷം ബാധിച്ച് കുട്ടികൾ വഴിതെറ്റിപ്പോകുന്നതിന് കുട്ടികളെയല്ല കുറ്റം പറയേണ്ടത് അവരെ വളർത്തിവലുതാക്കിയവരെ തന്നെയാണ്. ആധുനികകാലത്തിനനുസരിച്ച് ഒരു വ്യക്തിയെ സംസ്കാരസമ്പന്നനാക്കി വളർത്തിയെടുക്കുന്നതിന് നല്ല അറിവും, നല്ല സാമൂഹ്യകാഴ്ചപ്പാടും, നല്ല ആസൂത്രണമികവുംആവശ്യമാണ്. എല്ലാ രക്ഷിതാക്കൾക്കും അതുണ്ടാവണമെന്നില്ലല്ലോ. എന്നാൽ എല്ലാ അദ്ധ്യാപകർക്കും ഇത്തരം കഴിവുണ്ടാക്കിയെടുക്കാൻ ഒരു വിഷമവുമില്ലതന്നെ.

ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിവയാണല്ലോ മനുഷ്യന്റെ ജീവിതഘട്ടങ്ങൾ. ഇവയിൽ ശൈശവം, ബാല്യം എന്നിവയാണ് സ്വഭാവരൂപീകരണത്തിന് ഏറ്റവും പറ്റിയ കാലം. ബാഹ്യപ്രേരണ കൊണ്ട് ഒരാളുടെ സ്വഭാവം മാറ്റിയെടുക്കാൻ പറ്റുന്ന കാലവും ഇതുതന്നെയാണ്. ഇക്കാലത്ത് കിട്ടുന്നശീലങ്ങൾ മരണം വരെ തുടരുമെന്നതിനു സംശയമേ വേണ്ട. അതുകൊണ്ട് സ്വഭാവരൂപീകരണപ്രവർത്തനത്തിൽ ഈ കാലയളവു വളരെ പ്രാധാന്യം അർഹിക്കുന്നു. നെറിവുറപ്പിക്കേണ്ട ഈകാലത്ത് അറിവു കുത്തിനിറയ്ക്കാൻ ശ്രമിക്കുന്നതു കൊണ്ടാണ് നമ്മുടെ തലമുറ ഇത്രയേറെ പിഴച്ചുപോയത്.

സ്വഭാവരൂപീകരണത്തിന്റെ ഈ കാലയളവിൽ കൃത്യനിഷ്ഠ, ആസൂത്രണശീലം, അദ്ധ്വാനശീലം, സത്യസന്ധത , സഹകരണമനോഭാവം, സ്ത്രീപുരുഷസമത്വം, ജനാധിപത്യബോധം, പ്രവർത്തനസന്നദ്ധത, നിരീക്ഷണം, വായനാശീലം, വൃത്തി, മുതിർന്നവരോടുള്ള ആദരവ് എന്നിങ്ങനെ ഒട്ടേറെ അടിസ്ഥാനശീലങ്ങൾക്ക് അടിത്തറയിടാൻ കഴിയുന്നു. ഇക്കാലം കഴിഞ്ഞാൽ ഇതൊന്നും കഴിയുകയേ ഇല്ല എന്ന സത്യം കൂടി അറിയുമ്പൊഴേ ശൈശവ, ബാല്യകാലങ്ങളിലെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാവുകയുള്ളൂ. ബാല്യം കഴിഞ്ഞാലും അറിവുനേടാം. എന്നാൽ ബാല്യം കഴിഞ്ഞാൽ നെറിവു നേടാൻ വിഷമംതന്നെയാണ്.

കൗമാരവും വിദ്യാഭ്യാസത്തിനായി ഉപയോഗിക്കാവുന്ന കാലംതന്നെയാണ്. പക്ഷെ കാമം മുളയ്ക്കുന്ന കാലമാണ്, അതുവളരെ ഉൽക്കടമായൊരു വികാരമാണ്, കാട്ടുജന്തുക്കളെ പോലെ കാമത്തെ കയറൂരിവിടാനാവില്ല എന്നൊക്കെ ബോദ്ധ്യപ്പെടുത്തേണ്ടത് ഇക്കാലത്താണ്. അതോടൊപ്പം തന്നെ ജീവിതത്തിന് വ്യക്തമായൊരു കാഴ്ചപ്പാടുണ്ടാക്കേണ്ടതും ഇക്കാലത്തു തന്നെയാകുന്നു. ഞാൻ ആരാണ്, ഞാൻ എന്തിനുവേണ്ടി നിലകൊള്ളണം,എന്റെ സ്ഥാനം എന്താണ്, എന്നിങ്ങനെ ഏതുകാര്യത്തിലും സ്വന്തമായൊരു നിലപാടുറപ്പി



തെന്നു ഞങ്ങൾക്കു തോന്നുന്നു. ഇതു ഞങ്ങൾക്കു തോന്നിയ ശരിയിൽ നിന്നും ഞങ്ങൾ രൂപപ്പെടുത്തിയ വിദ്യാഭ്യാസപദ്ധതിയാണ്. ഇതാണു ശരി, ഇതു മാത്രമാണു ശരി എന്ന ശാഠ്യമൊന്നും ഞങ്ങൾക്കില്ല. ഇതു ഞങ്ങൾക്കു തോന്നുന്ന ശരി മാത്രമാണ്. നിങ്ങൾക്കു തോന്നുന്ന ശരികളും ഉണ്ടാകട്ടെ. അങ്ങനെ ജനങ്ങളുടെ പക്ഷത്തു നിന്നും വിദ്യാഭ്യാസചിന്തകൾ ഉണ്ടാവണം ഭാവിയിൽ അവയുടെ ക്രോഡീകരണം ഉണ്ടാവട്ടെ. ആ ക്രോഡീകരണമായിരിക്കണം ഭാവിയിലെ വിദ്യാഭ്യാസപദ്ധതി. ജനാധിപത്യത്തിന്റെ പേരിൽ കപട ജനാധിപത്യം നിലനിൽക്കുന്നൊരു കാലത്താണ് നമ്മൾ ജീവിക്കുന്നത് എന്നെങ്കിലും ഒന്നുതിരിച്ചറിയേണ്ടെ? കോർപ്പറേറ്റുകൾ അടിച്ചേല്പിക്കുന്ന കോർപ്പറേറ്റു വിദ്യാഭ്യാസമല്ല ഇനി നമുക്കു വേണ്ടത്. ജനങ്ങൾക്കു വേണ്ടതും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതും ജനകീയപ്രശ്നങ്ങൾക്കു പരിഹാരം തരുന്നതുമായൊരു ജനകീയ വിദ്യാഭ്യാസമാണു കാലം ആവശ്യപ്പെടുന്നത്. കാരണം കപട ജനാധിപത്യത്തിൽ നിന്നും ശരിയായ ജനാധിപത്യത്തിലേക്കു എത്തിപ്പെടാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. അതിനുള്ള ബദലുകൾ തിരയുക, നിലവിലുള്ളവയെ ശക്തിപ്പെടുത്തുക.

●

ക്കാൻ തക്കവണ്ണം തിരിച്ചറിവു നേടേണ്ടത് ഇക്കാലത്താണ്. അറിവും നെറിവുംചേരുമ്പോൾ മാത്രമുണ്ടാകുന്ന ഗുണവിശേഷമാണ് ഈ തിരിച്ചറിവ്. അംഗീകാരത്തിനു ദാഹമുണ്ട്. ഇണയെ ആകർഷിക്കാനുള്ള തത്രപ്പാടുണ്ട്. കൂട്ടിനു സാഹസികതയും കൂടെയുണ്ട്. വീണ്ടുവിചാരമില്ലാതെ എന്തും എടുത്തുചാടി ചെയ്യാനുള്ള പക്വതയില്ലായ്മയും കൗമാരത്തിന്റെ പ്രത്യേകതകളാണ്. ജനാധിപത്യകാലത്തെ ഭരണം നിർണ്ണയിക്കേണ്ട ചുമതലയും ഇക്കാലത്ത് സമൂഹം എൽപ്പിക്കുന്നുമുണ്ട്. എത്രയോ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒരുകാലമാണു കൗമാരമെന്നു ഏറെക്കുറെ ഊഹിക്കാമല്ലോ. ഇക്കാലത്ത് വെറും ഉണക്കകണക്കും, കോർപ്പറേറ്റുസയൻസും, കോർപ്പറേറ്റുഭാഷയും പഠിച്ച് ഒരു ബിരുദക്കടലാസും പിടിപ്പിച്ചു വിട്ടാൽ മതിയെന്നു കരുതുന്ന വിദ്യാഭ്യാസം നിലനിർത്തുമ്പോൾ വരുംതലമുറയോടു നമ്മൾ കാണിക്കുന്ന ഉത്തരവാദിത്തമില്ലായ്മ ഏറെക്കുറെ ബോദ്ധ്യമാവും.



ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാനുതകുന്നൊരു പാഠ്യപദ്ധതിയാണു താങ്ങാവുന്ന വിദ്യാഭ്യാസത്തിനായി രൂപപ്പെടുത്തിയിട്ടുള്ളതെന്നു സാമാന്യമായിപറയാം. കാലത്തിന്റെ മാറ്റത്തിനും സമൂഹത്തിന്റെ ആവശ്യത്തിനും ഇണങ്ങുന്നൊരു വിദ്യാഭ്യാസമാണ് ഇ

ലേഖനം





അഡ്വ.സീനരാജഗോപാൽ


ഏതൊരു രാജ്യത്തിന്റേയും അമൂല്യസമ്പത്താണ് കുട്ടികൾ. അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം ഇവയെല്ലാം അമ്മയുടെ ഉദരത്തിൽ ജന്മം കൊള്ളുമ്പോൾ മുതൽ കുഞ്ഞിന്റെ അവകാശമാണ്.

# ബാലലൈംഗികചൂഷണം നിയമവശം

**അപരിചിതനായ** ഒരു യുവാവ് മലപ്പുറത്ത് മൂന്നുവയസ്സുകാരി നാടോടിബാലികയെ അതിക്രൂരമായി ബലാത്സംഗം ചെയ്തപ്പോൾ, കണ്ണൂരിൽ 13 വയസ്സുകാരിയെ രണ്ട് വർഷത്തോളമായി പീഡിപ്പിച്ചിരുന്നത് അച്ഛനും സഹോദരനും, തൃശൂരിൽ നാലുവയസ്സുകാരിയെ ലൈംഗികമായി ചൂഷണം ചെയ്തത് സ്വന്തം മുത്തച്ഛൻ. പത്രത്താളുകളിലൂടെ നാം അറിയുന്നതിലും പതിന്മടങ്ങാണ് യാഥാർത്ഥ്യം. 2012 സെപ്തംബർ വരെയുള്ള കണക്ക് പ്രകാരം 286 കുട്ടികളാണ് കേരളത്തിൽ ലൈംഗികചൂഷണം അനുഭവിച്ചത്. ഇതിൽ 90% പീഡകരും അടുത്ത ബന്ധുക്കൾ തന്നെ. ഇതു റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ കണക്ക് മാത്രം. 72% കേസ്സുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നതു മറ്റൊരു കണക്ക്.

ഏതൊരു രാജ്യത്തിന്റേയും അമൂല്യസമ്പത്താണ് കുട്ടികൾ. അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം ഇവയെല്ലാം അമ്മയുടെ ഉദരത്തിൽ ജന്മം കൊള്ളുമ്പോൾ മുതൽ കുഞ്ഞിന്റെ അവകാശമാണ്. അന്താരാഷ്ട്ര പ്രമാണങ്ങളും ഭരണഘടനയും ഇവ ഉറപ്പുനൽകുന്നു. എന്നാൽ, ഈ അവകാശങ്ങൾ എല്ലാം ലംഘിക്കുന്ന ഒരു പൈശാചിക കൃത്യമാണ് ബാല ലൈംഗികചൂഷണം.

ഒരു പരിഷ്കൃത സമൂഹത്തിൽ വെച്ചുപൊറുപ്പിക്കാൻ ആകാത്ത ഇത്തരം ലൈംഗികാതിക്രമങ്ങൾക്ക് തടയിടാൻ നമുക്ക് ഉണ്ടായിരുന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഏതാനും ചില വകുപ്പുകൾ മാത്രമാണ്. എന്നാൽ ഇവ കുട്ടികൾക്കെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയാൻ തികച്ചും അപര്യാപ്തമായിരുന്നു. ഇരകളാകപ്പെടുന്നവരിൽ കുട്ടികളെന്നോ, മുതിർന്നവരെന്നോ ഈ





പീഡിതരാവുന്ന പല കുട്ടികളും 12 വയസ്സിൽ താഴെയുള്ളവരോ മാനസിക-ശാരീരിക വൈകല്യം ഉള്ളവരോ ആകാം. മറ്റൊന്ന് ഇത്തരം കൃത്യങ്ങൾ കുട്ടികളിൽ എച്ച്.ഐ.വി അണുബാധ പോലുള്ള രോഗാവസ്ഥക്കോ ശാരീരികമാനസികാസ്വാസ്ഥ്യ ത്തിനോ കാരണം ആയേക്കാം.

വ്യവസ്ഥകൾ വേർതിരിച്ചിട്ടില്ല. മാത്രമല്ല, പല വകുപ്പുകളും പെൺകുട്ടികൾക്ക് മാത്രം സംരക്ഷണം കൊടുക്കുന്നവയുമാണ്. ഇന്ത്യയിൽ 39% പെൺകുട്ടികൾ ലൈംഗികചൂഷണം അനുഭവിക്കുമ്പോൾ 40% ആൺകുട്ടികളാണ് ഇത്തരം ചൂഷണത്തിന് ഇരയാകുന്നത്. എന്നാൽ ആൺകുട്ടികൾക്കെതിരെ നടക്കുന്ന അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ആകെ 377ാം വകുപ്പ് മാത്രമാണ് നിലവിലുണ്ടായിരുന്നത്. അതു പ്രകൃതി വിരുദ്ധ ലൈംഗികബന്ധങ്ങൾ നേരിടാൻ മാത്രം ഉതകുന്നവയാണ്. മാത്രമല്ല, ഈ വകുപ്പുകൾ എല്ലാം തന്നെ ലിംഗം പ്രവേശിപ്പിച്ചാൽ (penile penetration) മാത്രമേ ശിക്ഷാർഹമാകുകയുള്ളൂ. മാത്രമല്ല, ചില വകുപ്പുകൾ പ്രകാരം ശിക്ഷാർഹർ പുരുഷന്മാർ മാത്രമാണ്.

നിയമത്തിന്റെ ഇത്തരം വിടവുകളിലൂടെ പ്രതികൾ രക്ഷപ്പെടുന്നതു തടയാൻ ശക്തമായ ഒരു നിയമത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടതിനെ തുടർന്ന് പാർലമെന്റ് 2012 ൽ പാസ്സാക്കിയതാണ് 'ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം' Protection of Children from sexual offences act. 2012, (POCSO Act) .

ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക, കുറ്റവാളികൾക്ക് കഠിനശിക്ഷ നൽകുക, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് പ്രത്യേക കോടതി സ്ഥാപിക്കുക, ശിശുസൗഹാർദ നടപടികൾ സ്വീകരിക്കുക എന്നതൊക്കെയാണ് ഈ നിയമത്തിൽ പറയുന്നത്.

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കാണ് ഈ നിയമം സംരക്ഷണം നൽകുന്നത്. നമ്മുടെ നാട്ടിൽ പെൺകുട്ടികളേക്കാൾ അധികം ആൺകുട്ടികളാണ് ലൈംഗികചൂഷണത്തിന് ഇരകളാകുന്നത് എന്ന തിരിച്ചറിവോടെ ഈ നിയമം 'കുട്ടി' എന്ന പദം ആൺ-പെൺ വ്യത്യാസം ഇല്ലാതെ Gender Neutral ആയിട്ടാണ് പ്രയോഗിച്ചിരിക്കുന്നത്. നിയമത്തിൽ പീഡനം നടത്തുന്ന വ്യക്തിയേയും സ്ത്രീ-പുരുഷൻ എന്ന് വേർതിരിച്ചിട്ടില്ല. പീഡനം നടത്തിയ വ്യക്തി എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ പുരുഷന്റെ മുഖം മാത്രമാണ് തെളിയാറുള്ളത്. എന്നാൽ, സ്ത്രീകളും കുട്ടികളെ ലൈംഗികമായിത്തന്നെ പീഡിപ്പിക്കുന്നതായി അറിയുന്നു. ഈ നിയമത്തിൽ പറയുന്ന ചില പ്രധാന കുറ്റകൃത്യങ്ങളാണ് താഴെ കൊടുക്കുന്നത്.

1. പ്രവേശിതലൈംഗികാതിക്രമം (penetrative sexual assault) : കുട്ടികൾ ഇരയാകുന്ന പല ലൈംഗികാതിക്രമത്തിലും ലിംഗം പ്രവേശിപ്പിക്കുക മാത്രമല്ല, വടിയോ മറ്റ് കൂർത്ത വസ്തുക്കളോ മറ്റ് ശരീരഭാഗങ്ങളോ കുട്ടിയുടെ ശരീരഭാഗങ്ങളിൽ പ്രവേശിപ്പിക്കുകയോ പീഡനം നടത്തുന്ന വ്യക്തി തന്റെ ശരീരത്തിലേക്ക് ഇത്തരത്തിൽ കുട്ടിയുടെ ശരീരഭാഗങ്ങൾ പ്രവേശിപ്പിക്കുകയോ ചെയ്യുന്നതായി കാണപ്പെടാറുണ്ട്. ഇതിനെ പ്രവേശിത ലൈംഗികാതിക്രമം എന്ന് പറയുന്നു. ഏഴു വർഷത്തിൽ കുറയാത്തതും പരമാവധി ജീവപര്യന്തം തടവും പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണിത്.

2. അധികരിച്ച പ്രവേശിത ലൈംഗികാതിക്രമം (Aggravated Penetrative Sexual Assault): കുട്ടികളിൽ ലൈംഗികാതിക്രമം നടത്തുന്നത് പലപ്പോഴും അച്ഛൻ, സഹോദരൻ അടക്കം രക്തബന്ധമുള്ളവർ തന്നെയാണ് എന്നതാണ് ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യം. പോലീസ്, സർക്കാർ ഉദ്യോഗസ്ഥർ, ആശുപത്രി, കുട്ടികളെ പാർപ്പിക്കുന്ന അനാഥാലയങ്ങൾ, ചിൽഡ്രൻസ് ഹോമുകൾ, ഹോസ്റ്റലുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ അധികാരികൾ മുതലായവർ പ്രതിസ്ഥാനത്ത് എത്താറുണ്ട്. പീഡിതരാവുന്ന പല കുട്ടികളും 12 വയസ്സിൽ താഴെയുള്ളവരോ മാനസിക-ശാരീരിക വൈകല്യം ഉള്ളവരോ ആകാം. മറ്റൊന്ന് ഇത്തരം കൃത്യങ്ങൾ കുട്ടികളിൽ എച്ച്.ഐ.വി

അണുബാധ പോലുള്ള രോഗാവസ്ഥക്കോ ശാരീരികമാനസികാസ്വാസ്ഥ്യത്തിനോ കാരണം ആയേക്കാം. ഇവയിൽ ഏതെങ്കിലും രീതിയിലുള്ള ലൈംഗികാതിക്രമത്തെയാണ് അധികരിച്ച പ്രവേശിത ലൈംഗികാതിക്രമം എന്നുപറയുന്നത്. ഇതിന് ചുരുങ്ങിയത് പത്തുവർഷം മുതൽ ജീവപര്യന്തം തടവും പിഴശിക്ഷയും ലഭിക്കാം.

3. ലൈംഗികാതിക്രമം (Sexual Assault) : പലപ്പോഴും ലൈംഗികചിന്തയോടെ കുട്ടിയുടെ സ്വകാര്യഭാഗങ്ങളിൽ തൊടുകയോ സ്വന്തം സ്വകാര്യ ഭാഗങ്ങളിൽ കുട്ടിയെ കൊണ്ടു തൊടുവിക്കുകയോ ചെയ്യുന്ന സംഭവങ്ങൾ നിരവധിയാണ്. ഇത് കുട്ടികളിൽ ഉണ്ടാക്കുന്ന മാനസികാഘാതം വലുതാണ്. അതിനാൽ തന്നെ നിയമം ഇതിനെ ലൈംഗികാതിക്രമമായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. മൂന്നു മുതൽ അഞ്ചുവർഷം വരെ തടവും പിഴശിക്ഷയും കിട്ടാവുന്ന കുറ്റകൃത്യമാണിത്.

4. അധികരിച്ച ലൈംഗികാതിക്രമം (Aggravated Sexual Assault) മേൽപ്പറഞ്ഞ കുറ്റകൃത്യം അധികരിച്ച പ്രവേശിത ലൈംഗികാതിക്രമത്തിൽ വിവരിച്ചിരിക്കുന്ന വ്യക്തികളോ, കുട്ടികളോ ഉൾപ്പെട്ടാലോ, അത്തരം സാഹചര്യം ഉണ്ടായാലോ ആ കൃത്യത്തെ അധികരിച്ച ലൈംഗികാതിക്രമം എന്ന് പറയും. ഇതിന് ചുരുങ്ങിയത് അഞ്ചുവർഷം മുതൽ ഏഴുവർഷം വരെ തടവും പിഴയും കിട്ടാവുന്നതാണ്.

5. ലൈംഗികപീഡനം (Sexual Harassment) : കുട്ടികളെ അശ്ലീലചിത്രങ്ങൾ കാണിച്ച് പാട്ടിലാക്കിയാണ് പല പീഡനങ്ങളും നടത്തുന്നത്. അതിനാൽ തന്നെ പിന്നീട് ഇത്തരം കാര്യങ്ങൾ പുറത്ത് പറയാൻ കുട്ടികൾ മടിക്കുന്നു. കുട്ടികളെ ഇത്തരം ചിത്രം കാണിക്കുന്നതോ, കുട്ടികളോട് മോശമായ വാക്കുകൾ ഉപയോഗിക്കുന്നതോ, ആംഗ്യം കാണിക്കുന്നതോ, നഗ്നതാപ്രദർശനം നടത്തുന്നതോ, നഗ്നത പ്രദർശിപ്പിക്കാൻ നിർബന്ധിക്കുന്നതോ, കുട്ടിയുടെ പുറകെ നിരന്തരം നടക്കുന്നതോ, കുട്ടിയുടെ ലൈംഗികചേഷ്ഠകൾ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നതോ ലൈംഗികപീഡനമാണ്. മൂന്ന് വർഷം വരെ തടവും പിഴശിക്ഷയും കിട്ടാവുന്ന കുറ്റകൃത്യമാണ്.

6. അശ്ലീലപ്രദർശനത്തിനായി കുട്ടിയെ ഏതെങ്കിലും മാധ്യമങ്ങളിലൂടെ ഉപയോഗിക്കുന്നത് ഏഴുവർഷം തടവും പിഴശിക്ഷയും ലഭിക്കാം.



7. അശ്ലീലചിത്രങ്ങൾ വാണിജ്യാവശ്യത്തിനായി സൂക്ഷിക്കുന്നത് മൂന്നുവർഷം തടവും പിഴ ശിക്ഷയും കിട്ടാവുന്ന കുറ്റകൃത്യമാണ്.

ഇത്തരം കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതും ഇതിന് ശ്രമിക്കുന്നതും ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾ തന്നെ.

ഈ നിയമത്തിന്റെ ഏറ്റവും പ്രധാന സവിശേഷത ഈ നിയമത്തിന്റെ ബാല സൗഹൃദ നടപടികൾ (Child Friendly Procedure) ആണ്.

**1. റിപ്പോർട്ട് ചെയ്യുന്ന രീതി**

പലപ്പോഴും സംഭവം നടന്നാൽ ഇതിനെക്കുറിച്ച് അറിയാവുന്ന മാതാപിതാക്കൾ, അധ്യാപകർ, ബന്ധുക്കൾ, അയൽവാസികൾ, സ്കൂൾ കൗൺസെലർമാർ. ആരോഗ്യപ്രവർത്തകർ ഒക്കെ തന്നെ സംഭവം മറച്ചുവെക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ സംഭവത്തെക്കുറിച്ച് അറിവ് ലഭിച്ച ഏതൊരു വ്യക്തിയും ഈ വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനെയോ ലോക്കൽ പോലീസിനെയോ അറിയിക്കേണ്ടത് നിയമപരമായ ബാധ്യതയാണ്. അങ്ങനെ അറിയിക്കാത്തത് ആറുമാസം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

വിവരം ലഭിച്ചാൽ കുട്ടിയുടെ മൊഴി കുട്ടിക്ക് മനസ്സിലാകാവുന്ന ഭാഷയിൽ തന്നെ രേഖപ്പെടുത്തണമെന്നും ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ഈ വിവരം ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)യേയും സ്പെഷ്യൽ

**കുട്ടികളോട് മോശമായ വാക്കുകൾ ഉപയോഗിക്കുന്നതോ, ആംഗ്യം കാണിക്കുന്നതോ, നഗ്നതാപ്രദർശനം നടത്തുന്നതോ, നഗ്നത പ്രദർശിപ്പിക്കാൻ നിർബന്ധിക്കുന്നതോ, കുട്ടിയുടെ പുറകെ നിരന്തരം നടക്കുന്നതോ, കുട്ടിയുടെ ലൈംഗികചേഷ്ഠകൾ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നതോ ലൈംഗികപീഡനമാണ്.**

കോടതിയേയും അറിയിച്ചിരിക്കണം എന്നും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റങ്ങൾ മറച്ചുവെക്കണം എന്നാണ് പൊതുസമൂഹമതം. അതിനാൽ തന്നെ സമൂഹത്തിന്റെ ഭാഗമായ പോലീസും ചിലപ്പോഴെങ്കിലും കേസു കൊടുക്കുന്നതിൽ നിന്ന് രക്ഷിതാക്കളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ, ഈ നിയമപ്രകാരം വിവരം ലഭിച്ചാൽ നിർബന്ധമായും കേസ് രജിസ്റ്റർ ചെയ്തിരിക്കണം.

**2. കുട്ടിയുടെ മൊഴി**

കഴിവതും സബ് ഇൻസ്പെക്ടർ റാങ്കിലും കുറയാത്ത വനിതാപോലീസ് ഉദ്യോഗസ്ഥർ മൊഴി എടുക്കേണ്ടതാണ്. പോലീസ് സ്റ്റേഷനു പകരം കുട്ടിക്ക് സൗകര്യപ്രദമായ സ്ഥലത്തുവെച്ചാണ് മൊഴി എടുക്കേണ്ടത്. ഈ സന്ദർഭത്തിൽ ഉദ്യോഗസ്ഥർ സാധാരണവേഷത്തിലായിരിക്കണം എന്നും നിഷ്കർഷിച്ചിരിക്കുന്നു.

**3. പ്രതിയുമായുള്ള മുഖാമുഖം ഒഴിവാക്കണം**

കുട്ടി പ്രതിയുമായി നേരിൽ കാണുന്നത് തടയാനുള്ള പല വ്യവസ്ഥകളും നിയമത്തിലുണ്ട്. അന്വേഷണത്തിന്റേയോ വിചാരണയുടേയോ ഒരു ഘട്ടത്തിലും കുട്ടി പ്രതിയെ മുഖാമുഖം കാണാനിടവരുത്തരുത്. വിചാരണ വേളയിൽ പ്രതിയും കുട്ടിയും നേരിൽ കാണാതിരിക്കാൻ ഇടയിൽ മറയിട്ടോ ഒരു ഭാഗം മാത്രം കാണാവുന്ന കണ്ണാടിവെച്ചോ വീഡിയോ കോൺഫറൻസിലൂടേയോ വിചാരണ നടത്താം. മറ്റൊരു നിയമത്തിലൊന്നും കണ്ടിട്ടില്ലാത്ത ഒരു വ്യവസ്ഥ ഈ നിയമത്തിലുണ്ട്. വിചാരണ വേളയിൽ കുട്ടിയോടുള്ള ചോദ്യങ്ങൾ നേരിട്ട് ചോദിക്കാതെ ജഡ്ജിക്ക് ചോദ്യങ്ങൾ എഴുതി കൊടുക്കുകയും ജഡ്ജി അതു കുട്ടിയോട് ചോദിക്കുകയും ചെയ്യുന്നതാണ് ആ വ്യവസ്ഥ.



**4. വേഗത്തിലുള്ള വിചാരണ**

ഇത്തരം കേസുകൾക്ക് ഫാസ്റ്റ് ട്രാക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോടതി കേസ് എടുത്ത് മുപ്പത് ദിവസത്തിനുള്ളിൽ കുട്ടിയുടെ വിചാരണ നടത്തിയിരിക്കേണ്ടതും കേസ് കഴിവതും ഒരു വർഷത്തിനുള്ളിൽ തീർപ്പാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

**5. മറ്റ് ബാലസൗഹൃദ വ്യവസ്ഥ**

ഈ നിയമത്തിൽ ബാലസൗഹാർദ്ദപരമായ മറ്റ് പല വ്യവസ്ഥകളും ഉണ്ട്. വിചാരണ വേളയിൽ കുട്ടിക്ക് ആവശ്യം വേണ്ടുന്ന ഇടവേള നൽകണം. കുട്ടിയെ കോടതിയിൽ ഇടക്കിടെ വിളിച്ച് വരുത്തരുത്. കുട്ടിയോട് അനാവശ്യ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. കുട്ടിയുടെ സ്വഭാവഹത്യ ചെയ്യുന്നതോ മാന്യതയെ ഹനിക്കുന്നതോ ആയ രീതിയിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. വിചാരണവേളയിൽ കുട്ടിക്ക് വിശ്വാസമുള്ള ഏതെങ്കിലും വ്യക്തിയെ കൂടെ നിർത്താനും നിയമം വ്യവസ്ഥചെയ്യുന്നു.

**6. കുട്ടിയുടെ സ്വകാര്യത**

സ്വകാര്യതക്ക് ഭംഗം വരുത്താതിരിക്കാനുള്ള വ്യവസ്ഥകളും നിയമത്തിൽ ഉണ്ട്. കുട്ടിയുടെ വിചാരണ മറ്റാരും കേൾക്കാത്ത രീതിയിൽ 'ഇൻ ക്യാമറ' ആയി നടത്താനും നിയമത്തിൽ വ്യവസ്ഥയുണ്ട്. മറ്റൊരു പ്രധാനവ്യവസ്ഥ കുട്ടിയുടെ പേരോ വിലാസമോ സ്കൂളിന്റേയോ ബന്ധുക്കളെയോ കുറിച്ചുള്ള വിവരങ്ങളോ ഒരു മാധ്യമത്തിലും റിപ്പോർട്ട് ചെയ്യരുത് എന്നതാണ്. ഈ വ്യവസ്ഥ ലംഘിച്ചാൽ ആറു മാസം മുതൽ 1 വർഷം വരെ തടവുശിക്ഷയും പിഴശിക്ഷയും ലഭിക്കാം. മാത്രമല്ല, കുട്ടിയെ തിരിച്ചറിയുന്ന ഒരു വിവരവും ഒരു മാധ്യമത്തിലൂടേയും പുറത്തുവരാതിരിക്കാൻ പോലീസും ശ്രദ്ധിക്കേണ്ടതാണ്.

**7. വൈദ്യപരിശോധന**

ആവശ്യമായ തെളിവുകളുടെ അഭാവം പല ലൈംഗികാക്രമകേ

സുകളിലും പ്രതിയെ കുറ്റവിമുക്തമാക്കുന്നതിന് കാരണമാകുന്നു. അതിനാൽ തന്നെ ഈ നിയമത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് പോലും വൈദ്യപരിശോധന നടത്താവുന്നതാണ്. പെൺകുട്ടിയാണെങ്കിൽ വനിതാ ഡോക്ടറാണ് പരിശോധിക്കേണ്ടത്. ഈ സമയത്ത് കുട്ടിക്ക് വിശ്വാസമുള്ള ഒരു വ്യക്തിയുടെ സാന്നിധ്യം ഉണ്ടാവേണ്ടതുമാണ്.

**8. ദുരുപയോഗം തടയൽ**

മറ്റേതൊരു നിയമവും പോലെ ഈ നിയമവും ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത മുന്നിൽ കണ്ട് ഈ നിയമത്തിൽ കള്ളപ്പരാതി നൽകുന്നതും ശിക്ഷാർഹമാക്കിയിട്ടുണ്ട്.

വളരെ ബാലസൗഹാർദ്ദപരമായ വ്യവസ്ഥകളോടെ 2012 നവംബർ 14ന് ശിശുദിന സമ്മാനമായി ഈ നിയമം ചട്ടം സഹിതം നിലവിൽ വന്നു. ഇനി മാറേണ്ടത് സമൂഹമാണ്. ഈ നിയമത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ ഉണ്ടാവുക മാത്രമല്ല അത്തരം സന്ദർഭത്തിൽ അതുപ്രയോഗിക്കാനുള്ള ബോധവും ഉണ്ടാവണം. കുട്ടികൾക്കെതിരെ പ്രത്യേകിച്ച്, പെൺകുട്ടികൾക്കെതിരെ ലൈംഗികാതിക്രമം ഉണ്ടായാൽ കുട്ടിയുടെ ഭാവിയെ ബാധിക്കും എന്ന മുടന്തൻ ന്യായം പറഞ്ഞ് സംഭവം മറച്ചു വെക്കുന്നു. ഇരയാകപ്പെട്ട കുട്ടിയെ വീണ്ടും ഇരയാക്കാനാണ് സമൂഹം വ്യഗ്രതപ്പെടുന്നത്. കുട്ടിയെ ഒറ്റപ്പെടുത്താനും സമൂഹം ശ്രമിക്കുന്നു. ഇത് പീഡനം നടത്തുന്ന വ്യക്തിക്ക് വീണ്ടും വീണ്ടും അവസരം നൽകുന്നതിലേക്ക് എത്തിക്കുന്നു. അതിനാൽ കുറ്റം ചെയ്തവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സമൂഹം ഒന്നിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്ക്, ആണാവട്ടെ പെണ്ണാവട്ടെ അവരുടെ പ്രായത്തിനനുസൃതമായ ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടതും ചൂഷണങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. മാത്രമല്ല, ആൺ-പെൺ വ്യത്യാസമില്ലാതെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ ജാഗ്രത പുലർത്താൻ ഓരോ രക്ഷിതാവും ശ്രമിക്കേണ്ടതുമാണ്. പീഡകരിൽ പുരുഷനും സ്ത്രീയും ഉണ്ടാകാം എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുകയും വേണം. അതിനാൽ നമ്മുടെ ജാഗ്രത തന്നെയാണ് പ്രധാനം.

●



**ഷീബാ ദിവാകരൻ**

# ദൂരദർശിനി



പൂരക്കാഴ്ചകൾക്കു നടുവിൽപ്പോലും
മനക്കോട്ട കെട്ടി മറ്റൊരു പൂരമൊരുക്കാൻ
എനിക്കു കഴിയുമായിരുന്നു.

വറ്റിവരണ്ട,
തെഴുപ്പുകളേതുമില്ലാത്ത മൊട്ടക്കുന്നുകൾ
പുഷ്പവാടികളെന്നോണം ആസ്വദിക്കാനായത്
അതുകൊണ്ടാണല്ലോ.

ഒരുനാൾ പൂരത്തിനു പോയപ്പോൾ
ഗജരാജനുമുകളിൽ
മുത്തുക്കുടയും പിടിച്ച്
കുറച്ചൊന്നിളകിയാടിയിരിക്കുന്ന
ഒരു കൃശഗാത്രനെയും
രാപ്പൂരത്തിൽ ഭയന്ന്
വിറങ്ങലിച്ചിരിക്കുന്ന,
അവന്റെ പെണ്ണിനെയും
ഞാൻ കണ്ടു.

അവന്റെ പെണ്ണിന്റെ സാന്നിധ്യം
അവിടെ തീരെയുണ്ടായിരുന്നില്ലെന്ന്
എല്ലാവരും ആണയിടുന്നു.
ചിലരുടെ സ്വപ്നം
മറ്റു ചിലർക്ക് യാഥാർഥ്യമായിരിക്കും.
ചിലരുടെ യാഥാർഥ്യമോ
ചിലനേരമെങ്കിലും ചിലർക്ക്
സ്വപ്നം കാണാൻ പോലും
കഴിയാത്തവയും.

ലേഖനം



ഖദീജാമുംതാസ്

# ശൈശവ വിവാഹം ഒരു മനുഷ്യാവകാശ ലംഘനം

**പതിനെട്ടു** വയസ്സിൽ താഴെയു ള്ളവർ ശിശുക്കളാണോ എന്ന പരിഹാ സോക്തിയാണ് ഒരു ശൈശവവിവാഹ സെമിനാർ സദസ്സിന്റെ പിൻ നിരയിൽ നിന്നുയർന്നത്. വെറുമൊരു നാമകരണ ത്തിന്റെ പ്രശ്നമാണെങ്കിൽ നമുക്കവളെ കുമാരിയെന്നു മാറ്റിവിളിക്കാമല്ലോ! എന്താണ് പതിനെട്ടു വയസ്സിന്റെ പവി ത്രത, അല്ലെങ്കിൽ അലംഘനീയത എന്നത് അടുത്ത സംശയം. ഒരലംഘ



നീയതയുമില്ല, അത് ഇരുപത്തൊന്നു വരെ ഉയർത്തുന്നതു തന്നെ ശാരീരിക ശാസ്ത്രപരമായും ശരി എന്ന് മറുപടി. ഒരു മാതൃത്വത്തിന്റെ അമിത ഭാരം കൂടി താങ്ങാനാകാത്ത വിധം പെൺശരീരം ആ പ്രായം വരെ അതി ധ്രുതം വളർന്നു കൊണ്ടിരിക്കയാ ണല്ലോ. വിരൽത്തുമ്പിൽ ലോകം മുഴുവനുമുണ്ടെങ്കിലും ഇരുപ ത്തൊന്നു വയസ്സിലും ചില പെൺകുട്ടികളെങ്കിലും മാനസിക മായി ശിശുക്കളായിരിക്കും എന്നതും സത്യം. അല്ലെ ങ്കിൽത്തന്നെ പക്വതയാർജ്ജിച്ചയു ടനെ നടത്തേണ്ട ആദ്യത്തെ കാര്യമല്ലല്ലോ വിവാഹം. സ്വതന്ത്ര യായ പെൺകുട്ടി അവളുടെ വിവാഹ പ്രായം സ്വയം തീരുമാ നിക്കട്ടെ. വിവാഹം കഴിക്കാനും കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനും മാത്രമുള്ളതല്ല സ്ത്രീ എന്ന വൾക്കറിയാം.

എങ്കിലും ആദ്യ ലൈംഗികത, വിവാഹം, മാതൃത്വം എന്നിവ യ്ക്കെല്ലാം ഒരു മിനിമം പ്രായം വെയ്ക്കേണ്ടതുണ്ട്. ശബ്ദമില്ലാ ത്തവരുടെ സുരക്ഷയ്ക്ക് വേണ്ടി യാണത്. ശാരീരികമായ പക്വത ഏറെക്കുറെ അസന്നിഗ്ദ്ധമായ ഒന്നാണെങ്കിൽ മാനസിക പക്വത ആപേക്ഷികം തന്നെയാണ്. ഉഭയ സമ്മതത്തോടെയുള്ള ലൈംഗിക തയും ബലാൽസംഗമായി കണ ക്കാക്കാവുന്ന, കുറഞ്ഞ പ്രായപ രിധി പതിനെട്ടാക്കി മാറ്റി നിർവ്വചി ക്കേണ്ടതുണ്ട്. അകാല ലൈംഗി കത ഗർഭാശയ മുഖത്തെ ഇളം കോശങ്ങൾക്കുണ്ടാക്കാവുന്ന ക്ഷതങ്ങൾ ക്യാൻസറിനിടയാക്കു ന്നു. കോശമാറ്റങ്ങൾ (Cervical Dysplasia)ക്കു വരെ കാരണമാകു ന്നുണ്ടെന്ന ശാസ്ത്രീയ സത്യവും നമുക്കു മുന്നിലുണ്ടല്ലോ.

പതിനെട്ടു വയസ്സിനു മുമ്പുള്ള ലൈംഗികതയും ഇരുപത്തൊന്നു വയസ്സിനു മുമ്പുള്ള മാതൃത്വവും പെൺകുഞ്ഞിനു നേർക്കുള്ള മനു ഷ്യവകാശ ലംഘനങ്ങൾ തന്നെ യാണ്. ●



# മല്ലികാസാരാഭായ് - ഒരഭിമുഖം

**ഉത്തരവാദിത്തങ്ങളിൽ നിന്ന് പിന്മാറലും ശക്തമായ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള കഴിവില്ലായ്മയുംകൊണ്ട് രാജ്യമൊട്ടാകെ മടുത്തിരിക്കുന്നു.**

*മല്ലികാജി, ദേശീയരാഷ്ട്രീയത്തിൽ താങ്കൾ ദശകങ്ങളോളമായി പ്രവർത്തിക്കുന്നു. ദീർഘകാലമായി ഗുജറാത്ത് ഭരിക്കുന്ന നരേന്ദ്രമോഡിക്കും ഹിന്ദുത്വശക്തികൾക്കുമെതിരായി താങ്കൾ നടത്തുന്ന പോരാട്ടം ധീരോദാത്തമാണ്. ഗുജറാത്ത്-ദേശീയതലത്തിലെ രാഷ്ട്രീയാന്തരീക്ഷത്തെക്കുറിച്ച് കുറച്ച് വാക്കുകളിൽ വിശദീകരിക്കാമോ ?*

ഉത്തരവാദിത്തങ്ങളിൽ നിന്ന് പിന്മാറലും ശക്തമായ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള കഴിവില്ലായ്മയുംകൊണ്ട് രാജ്യമൊട്ടാകെ മടുത്തിരിക്കുന്നു. മോഡി ഒരു പ്രത്യേകകഴിവുള്ള ബ്രാൻഡ്മാനേജറാണ്. മാത്രമല്ല,അയാൾ ഒരു ഗംഭീരപ്രാസംഗികനാണ്. തന്റെ ശക്തമായ നടപടികളെക്കുറിച്ചും വികസന അജണ്ടയെക്കുറിച്ചും ജനങ്ങമെള ബോദ്ധ്യപ്പെടുത്താൻ അയാൾക്ക് കഴിഞ്ഞിട്ടുണ്ട്. അയാളുടെ വികസനനേട്ടങ്ങളെക്കുറിച്ചുള്ള ജല്പനങ്ങളുടെ പൊള്ളത്തരമോ വൻതട്ടിപ്പുകളോ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല.

*കോൺഗ്രസ്സ് ഇന്ത്യ ഭരിക്കാൻ തുടങ്ങിയിട്ട് 65വർഷങ്ങളിലേറെയായി.ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണെങ്കിലും അഴിമതിയുടെ തോത് വളരെ ആശങ്കാജനകമാണ്. അത്കൊണ്ട് ഒരുസാധാരണപൗരന് കോൺഗ്രസ്സിനെയോ യു.പി.എയോ പിന്തുണക്കാൻ ഇന്ന് കഴിയില്ല. താങ്കളുടെ അഭിപ്രായം?*

കോൺഗ്രസ്സ് അധികാരത്തിലുള്ളത് കൊണ്ടാണ് അവരുടെ അഴിമതിക്കഥകൾ ഇത്ര പരസ്യമാകുന്നത്. എല്ലാ വലിയപാർട്ടികളും ഇതുപോലെയൊക്കെത്തന്നെയാണ്.

*ഇന്ത്യയിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് എന്തുപറയാൻ കഴിയും? പ്രത്യേകിച്ച് 2012ഡിസംബർ 16ലെ നിർഭയസംഭവത്തിന്റെ പശ്ചാത്തലത്തിൽ? ബലാൽസംഗം, കുട്ടികൾക്കെതിരായ ലൈംഗികകുറ്റക്രത്യങ്ങൾ തടയാനുള്ള 2012ലെ POSCO ACT തുടങ്ങിയ പുതിയ നിയമങ്ങളെപ്പറ്റി?*

ഐക്യരാഷ്ട്രസഭ പറയുന്നത് സ്ത്രീയായിരിക്കുന്നത് ഏറ്റവും അപകടകരമായ രാജ്യമാണ് നമ്മുടേതെന്നാണ്. വളരെ നല്ലനിയമങ്ങൾ നമ്മൾ കൊണ്ടുവരുന്നുണ്ട്. നിരന്തരമായ സ്ത്രീപദവിബോധവൽക്കരണത്തിലൂടെ രാജ്യത്തിന്റെ മനോഘടനയിൽ മാറ്റമുണ്ടായില്ലെങ്കിൽ ഈ അവസ്ഥക്ക് മാറ്റം വരില്ല. ജന്മിത്വ-പുരുഷാധിപത്യ മനോഘടനയുടെ സൃഷ്ടികളാണ് നമ്മളെല്ലാവരും. ഇതിൽ രാഷ്ട്രീയക്കാരും ജുഡീഷ്യറിയും പ്രൊഫഷനലുകളും മറ്റെല്ലാവരും ഉൾപ്പെടും.

*ഈയടുത്ത് പാസ്സാക്കിയ ലോക്പാൽ നിയമത്തെപ്പറ്റിയും ആം ആദ്മിപാർട്ടി ഉയർത്തിപ്പിടിക്കുന്ന ജനലോക്പാൽബില്ലിനെക്കറിച്ചും താങ്കളുടെ അഭിപ്രായമെന്താണ്?*

രണ്ടിലും പോരായ്മകളുണ്ട്. എന്നാൽ പാസ്സാക്കിയ ബിൽ വളരെ ദുർബ്ബലമാണ്.

*ആംആദ്മിപാർട്ടിയിൽ ചേരാനുള്ള കാരണമെന്താണ്?*

ഞാൻ ഒരു സ്വതന്ത്ര എന്ന നിലയിലാണ് ഇതുവരെ പോരാടിയത്. നമ്മുടെ ഈ വ്യവസ്ഥിതിയിൽ ഒരു പാർട്ടി അത്യാവശ്യമാണെന്ന തിരിച്ചറിവിൽ ഞാനെത്തിയിരിക്കുന്നു. ചില മൗലിക നിലപാടുകളിൽ AAP ശരിയാണ്. ആ പാർട്ടിക്ക് ഒരവസരം നമുക്ക് നൽകാം. മറ്റുള്ളവർ അഴിമതിക്കാരാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

*'സംഘടിത'യുടെ പത്രാധിപയായ പ്രൊഫ. സാറാജോസഫ് AAPയിൽ ചേർന്നുവെന്ന് താങ്കൾക്കറിയാമെന്ന് വിചാരിക്കുന്നു. കേരളത്തിലെ വിവിധ പ്രസ്ഥാനങ്ങൾക്കിടയിൽ അതായത് സ്ത്രീപ്രസ്ഥാനങ്ങൾ, ദലിത്പ്രസ്ഥാനങ്ങൾ, ആദിവാസിപ്രസ്ഥാനങ്ങൾ തുടങ്ങിയവക്കിടയിൽ ഡൽഹി തെരഞ്ഞെടുപ്പിലെ അജണ്ടയുടെ വിജയം മൂലം ദേശീയരാഷ്ട്രീയത്തിലുണ്ടായ ആഘാതം ഏറെ ആവേശമുയർത്തുന്നുണ്ട്. ഈ ഉണർവ്വിനെ പിന്തുണക്കാൻ ഞങ്ങൾ കേരളത്തിൽ എന്തു ചെയ്യണമെന്നാണ് താങ്കളുടെ അഭിപ്രായം?*


മാറ്റത്തിന്റെ ആവശ്യത്തെപ്പറ്റി ഉദ്ബോധിപ്പിച്ചു



കൊണ്ട് വീടുവീടാന്തരം സന്ദർശിക്കുക, മാറ്റത്തിനായി സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് അജണ്ട തീരുമാനിക്കുക, കഴിവുള്ള ആളുകളെ മത്സരിക്കാൻ തയ്യാറാക്കുക.

*ദേശീയ തലത്തിൽ കോൺഗ്രസ്സ്, യു.പി.എ, ബി.ജെ.പി, 'ഇടതുപക്ഷ' മെന്ന് സ്വയം കരുതുന്ന പാർട്ടികൾ ഇവയെപ്പറ്റിയും കേരളത്തിൽ യു.ഡി.എഫ്, എൽ.ഡി.എഫ്, ബി.ജെ.പി തുടങ്ങിയ രാഷ്ട്രീയശക്തികളെപ്പറ്റിയും എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട സ്ത്രീപ്രസ്ഥാനം AAPയെക്കുറിച്ച് എന്ത് നിലപാടെടുക്കണമെന്നാണ് മല്ലികാജിയുടെ അഭിപ്രായം? മാത്രമല്ല, ഈ സംസ്ഥാനത്ത് വർഗ്ഗീയ -ജാതീയ ശക്തികൾ ഇപ്പോൾ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക മേഖലകളിൽ അനുനിമിഷം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ നമുക്ക് ആർ.എസ്.എസ്, വിശ്വഹിന്ദുപരിഷത്ത് (ഹിന്ദുസംഘടനകൾ), എൻ.ഡി.എഫ്, എസ്.ഡി.പി.ഐ (മുസ്ലിംസംഘടനകൾ), ക്രിസ്ത്യൻ പുരോഹിതവർഗ്ഗം എന്നിവ കൂടാതെ നരേന്ദ്രമോഡിയുടെ പുറകിൽ അണിനിരന്ന ജാതീയ സംഘടനകൾ എന്നിവയെപ്പറ്റി ഓർക്കാതെ വയ്യ. ഇതേക്കുറിച്ച് താങ്കളുടെ പ്രതികരണം എന്താണ്?*

അങ്ങേയറ്റം നിരാശാജനകമായ ഒരു സാഹചര്യമാണിത്. (സാംനാഥ് ഭാരതിക്കും കുമാർ വിശ്വാസിനും സംഭവിച്ചതുമായി തട്ടിച്ചുനോക്കിയാൽ അതും നിരാശാജനകമാണ്. AAPയുടെ ഓരോ തർക്കവിതർക്കത്തിലും ലിംഗതുല്യത നമുക്ക് ഉറപ്പ് വരുത്തിയേ പറ്റൂ. ●



റിപ്പോർട്ട്



എലിസബത്ത്

# തൊഴിൽ ചെയ്യുന്ന സ്ത്രീകൾ വിശാഖ നിർദ്ദേശങ്ങളെക്കുറിച്ച് അറിയേണ്ടതെന്തിന്?

## സെമിനാർ- ഒരു അവലോകനം

**'തൊഴിൽ** ചെയ്യുന്ന സ്ത്രീകൾ വിശാഖ നിർദ്ദേശങ്ങളെക്കുറിച്ച് അറിയേണ്ടതെന്തിന്?'. കലിക്കറ്റ് പ്രസ് ക്ലബ്ബിനുകീഴിലെ വനിതാമാധ്യമപ്രവർത്തകരുടെ കൂട്ടായ്മ നടത്തിയ ആദ്യ പരിപാടിതന്നെ സെമിനാറിൽ സംബന്ധിച്ച വ്യക്തികളുടെ പ്രാധാന്യം കൊണ്ടും സംസാരിക്കാൻ നൽകിയ വിഷയങ്ങളുടെ വൈവിധ്യം കൊണ്ടും തുറന്ന സംവാദത്താലും വേറിട്ടതായി.

തൊഴിലിടങ്ങളിലെ ലൈംഗിക പീഡനങ്ങളെന്തെന്നും അതിനുള്ള പരിഹാരങ്ങളെന്തൊക്കെയെന്നും വിവരിക്കുന്ന സുപ്രീം കോടതിയുടെ വിശാഖ നിർദ്ദേശങ്ങളെക്കുറിച്ചായിരുന്നു സെമിനാർ സംഘടിപ്പിച്ചത്. വിഷയത്തിലെ പുതുമ കൊണ്ടും സ്ത്രീ സംഘാടകരുടെ അത്യുത്സാഹത്തിന്റെ ഫലമായും സംസ്ഥാന സാമൂഹിക നീതി വകുപ്പും പരിപാടിയിൽ സഹകരിച്ചു. സംസ്ഥാന സാമൂഹിക നീതി വകുപ്പ് മന്ത്രി എം.കെ.മുനീർ സെമിനാറിൽ പങ്കെടുത്ത് എല്ലാ വിധ ഭാവുകങ്ങളും നേർന്നു. പുരുഷകേന്ദ്രീകൃതമായ തൊഴിൽ സംസ്കാരമുള്ള കേരളത്തിൽ എന്തുകൊണ്ടും അനുയോജ്യമായ വിഷയം തന്നെയായിരുന്നു വിശാഖ നിർദ്ദേശങ്ങൾ.

അഭിഭാഷകർ, അധ്യാപകർ, മാധ്യമപ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, അസംഘടിത തൊഴിലാളികൾ തുടങ്ങി സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ളവർ 2014 സപ്തംബർ 18ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടത്തിയ സെമിനാറിൽ പങ്കെടുത്തു.



അഡ്വ അനില , ഭാവ്‌രി ദേവി

വനിതാ മാധ്യമപ്രവർത്തക കൂട്ടായ്മയുടെ കൺവീനറായ അഞ്ജനാശശി സ്വാഗതം പറയുന്നതോടൊപ്പം വിശാഖ നിർദേശങ്ങളെക്കുറിച്ചും സെമിനാറിൽ പങ്കെടുക്കുന്നവരെക്കുറിച്ചുമുള്ള ലഘു വിവരണവും നല്കുകയുണ്ടായി. സ്ത്രീകൾക്കെതിരായ പീഡനങ്ങൾക്കെതിരെ തന്റേതായ രീതികളിൽ പോരാടുന്ന ഭാവ്‌രി ദേവി, കവിതാ ശ്രീവാസ്തവ, അഡ്വ. അനില എന്നിവരുടെ സാന്നിധ്യമായിരുന്നു സെമിനാറിന്റെ



'ഇനിയും ഒരു നിർഭയ ആവർത്തിക്കരുത്. ഇനിയും ഒരു പുരുഷനും ഒരു സ്ത്രീയുടെ നേരെയും കൈപൊക്കാനുള്ള അവസരമുണ്ടാക്കരുത്. അതിനുവേണ്ടി ധീരമായി പോരാടണം' എന്ന് ഉറക്കെയുറക്കെ ഘോഷിക്കുന്ന ശക്തയായ ഭാവ്‌രിയായിരിക്കുന്നു ഇന്നവർ.

ഏറ്റവും വലിയ പ്രത്യേകത. സുപ്രീകോടതി വിശാഖ നിർദേശങ്ങൾ പുറപ്പെടുവിക്കാൻ കാരണക്കാരിയായ, ജിവിക്കുന്ന ഇതിഹാസം ശ്രീമതി ഭാവ്‌രി ദേവി തന്നെയായിരുന്നു സെമിനാറിന്റെ കേന്ദ്രബിന്ദു.

പോരാട്ടത്തിൽ ഇനിയും താൻ മുമ്പിൽത്തന്നെയെന്ന് അറിയിച്ച് തന്റെ കൈപ്പത്തി ചായത്തിൽ മുക്കി ക്യാൻവാസിലേക്ക് പകർത്തി ഭാവ്‌രി സെമിനാർ ഉദ്ഘാടനം ചെയ്തു. രാജസ്ഥാനിലെ ഒരു ഉൾഗ്രാമത്തിൽ ജീവിച്ചിരുന്ന അവർ തനിക്കുനേരെയുണ്ടായ ക്രൂരതകളേയും പീഡനങ്ങളെയും അതിജീവിച്ച് ഇന്നും സ്ത്രീകളുടെ സുരക്ഷക്കായി പോരാടിക്കൊണ്ടിരിക്കുന്നു. 21 വർഷം മുമ്പ് പാടത്ത് പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ അഞ്ച് പുരുഷൻമാർ ചേർന്ന് ഭർത്താവിനുമുമ്പിൽ വെച്ച് പീഡിപ്പിച്ച ഭാവ്‌രിയെയായിരുന്നില്ല സെമിനാറിൽ കണ്ടത്. 'ഇനിയും ഒരു നിർഭയ ആവർത്തിക്കരുത്. ഇനിയും ഒരു പുരുഷനും ഒരു സ്ത്രീയുടെ നേരെയും കൈപൊക്കാനുള്ള അവസരമുണ്ടാക്കരുത്. അതിനുവേണ്ടി ധീരമായി പോരാടണം' എന്ന് ഉറക്കെയുറക്കെ ഘോഷിക്കുന്ന ശക്തയായ ഭാവ്‌രിയായിരിക്കുന്നു ഇന്നവർ.

രാജസ്ഥാനിലെ ജയ്പൂരിൽ നിന്ന് 55 കിലോ മീറ്റർ അകലെ ഭടേരി എന്ന ഗ്രാമത്തിലെ ഒരു സാധാരണ സ്ത്രീയായിരുന്നു അവർ. സർക്കാരിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് സാത്തീൻ എന്ന ജോലി അവർ ചെയ്തുവന്നിരുന്നു. കേവലം 20 രൂപ മാത്രം ലഭിക്കുന്ന ആ ജോലി അവർക്കും കുടുംബത്തിനുമുള്ള അന്നം നൽകിയിരുന്നു. ജോലിയുടെ ഭാഗമായി സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയും ശൈശവ വിവാഹത്തിനെതിരെയും അവർക്ക് സംസാരിക്കേണ്ടിവന്നു. ഒമ്പതുമാസം മാത്രം പ്രായമായ ഒരു കുഞ്ഞിന്റെ വിവാഹം തടയാൻ ശ്രമിച്ചതാണ് ഭാവ്‌രിക്ക് വിനയായത്. പോലീസിൽ പരാതി പറഞ്ഞ് വിവാഹം തടയാൻ ശ്രമിച്ചു അവർ. എന്നാൽ മറ്റൊരിടത്തേക്ക് ചടങ്ങ് മാറ്റി അവർ ആ വിവാഹം നടത്തി. മേൽജാതിക്കാരുടെ വിവാഹം തടയാൻ ശ്രമിച്ച കുംഭാര വംശത്തിൽപ്പെട്ട സ്ത്രീക്കെതിരെ ജാതി-ലിംഗ വിദ്വേഷം ആളിപ്പടരാൻ അത് ധാരാളമായിരുന്നു. അതിന്റെ പ്രതിഷേധമാണ് പാടത്തുവെച്ച് ആ അഞ്ചുപേർ ഭാവ്‌രിയോട് ചെയ്തത്.

പിന്നീടങ്ങോട്ട് അവർ നീതിക്കായുള്ള പോരാട്ടത്തിലായിരുന്നു. മേൽജാതിക്കാർ താഴ്ന്ന ജാതിക്കാരുടെ മേൽ കണ്ണുകൊണ്ടുള്ള നോട്ടം പോലും വെക്കില്ലെന്നും അതുകൊണ്ടുതന്നെ പീഡിപ്പിച്ചു എന്ന ആരോപണം ഒരിക്കലും സത്യമാവില്ലെന്നുമുള്ള കീഴ്ക്കോടതി വിധിതന്നെയായിരുന്നു ഭാവ്‌രിക്കേറ്റ ഏറ്റവും വലിയ തിരിച്ചടി. എങ്കിലും തളരാതെ അവർ പിടിച്ചുനിന്നു. ആ വിധിക്കെതിരെ രാജസ്ഥാൻ ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീലിൻമേലുള്ള വാദം കഴിഞ്ഞ 17 വർഷമായി തുടരുന്നു. വിധിയാവാതെ...

തന്റെ ജീവിതവും പോരാട്ടവും വിവരിച്ച ഭാവ്‌രി ദേവിയുടെ ഉദ്ഘാടനപ്രസംഗത്തിലെ വാക്കുകളിൽ അഗ്നി ചിതറിയിരുന്നു. ഇനിയും കെടാതെ സൂക്ഷിക്കാനുള്ളത്ര കനലുകൾ അവർ ആ മനസ്സിൽ അടക്കിവെച്ചിട്ടുണ്ടെന്ന് ഉറപ്പുള്ള വാക്കുകളായിരുന്നു അവയോരോന്നും.

കേരളം കണ്ടതിൽവെച്ച് ഏറ്റവും ഹതഭാഗ്യയായ പെൺകുട്ടി എന്ന വിശേഷണത്തിന് അർഹയായ സൂര്യനെല്ലി കേസിലെ പെൺകുട്ടിക്കുവേണ്ടി വാദിച്ചവരിലെ ഒരേയൊരു സ്ത്രീ അഭിഭാഷകയും പ്രമുഖ ഫെമിനിസ്റ്റുമായ അഡ്വ. അനിലാ ജോർജ് ആയിരുന്നു സെമിനാറിൽ വിഷയാവതരണം നടത്തിയത്. കവിതാ ശ്രീവാസ്തവയുടെ പ്രവർത്തനങ്ങൾ എടുത്തു പറഞ്ഞുകൊണ്ടാണ് അനില തന്റെ സംഭാഷണം ആരംഭിച്ചത്. കുടുംബവും നാടും തള്ളിപ്പറഞ്ഞപ്പോഴും നീതിക്കായി ഭാവ്‌രി ദേവി നടത്തുന്ന പോരാട്ടങ്ങളെ ധീരതയെന്ന് അനില വിശേഷിപ്പിച്ചു. പുരുഷകേന്ദ്രീകൃതമാണ് കേരളത്തിലെ മിക്ക സ്ഥാപ

സമൂഹത്തിന്റെ മുഖ്യധാരയിൽ സ്ത്രീകൾക്ക് മുന്നേറാനുള്ള അവസരം ലഭിക്കണം. സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ലൈംഗിക പീഡനങ്ങൾക്കെതിരെയുള്ള കമ്മറ്റി ഉണ്ടാക്കണമെന്നാണ് വിശാഖ നിർദ്ദേശം. പല സ്ഥാപനങ്ങളിലും ഇന്ന് ഇത്തരം കമ്മറ്റികളുണ്ട്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിൽ ഇന്നുവരെ ഇത്തരമൊരു കമ്മറ്റി നിലവിൽ വന്നിട്ടില്ല.



കവിതാ ശ്രീവാസ്തവ

നങ്ങളും. അവിടെ സ്ത്രീകളുടെ കഴിവുകളെ കുറച്ചുകാണിക്കുന്ന ഒരു മറ എപ്പോഴും സൃഷ്ടിക്കപ്പെടുന്നുണ്ട്. ആ പുകമറയിൽനിന്നു കൊണ്ട് പോരാടിയാണ് സ്ത്രീകൾ മുന്നോട്ടുനീങ്ങുന്നത്. ഇതിൽ നിന്ന് മാറ്റമുണ്ടാകണം. സമൂഹത്തിന്റെ മുഖ്യധാരയിൽ സ്ത്രീകൾക്ക് മുന്നേറാനുള്ള അവസരം ലഭിക്കണം. സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ലൈംഗിക പീഡനങ്ങൾക്കെതിരെയുള്ള കമ്മറ്റി ഉണ്ടാക്കണമെന്നാണ് വിശാഖ നിർദ്ദേശം. പല സ്ഥാപനങ്ങളിലും ഇന്ന് ഇത്തരം കമ്മറ്റികളുണ്ട്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇന്ത്യയുടെ പരമോന്നത നീതി പീഠമായ സുപ്രീം കോടതിയിൽ ഇന്നുവരെ ഇത്തരമൊരു കമ്മറ്റി നിലവിൽ വന്നിട്ടില്ല – അനില ജോർജ് പറഞ്ഞു. ഇന്നത്തെ സാമൂഹിക അവസ്ഥയെക്കുറിച്ചും കേസുകൾ എങ്ങുമെത്താതെ പോവുന്നതിനെക്കുറിച്ചും അനില വിവരിച്ചു. നമ്മുടെ ലിഖിത നിയമങ്ങളിൽ മാത്രം സ്ത്രീ സുരക്ഷിതയാണെന്നും പ്രാവർത്തികമാക്കപ്പെടുമ്പോൾ അവൾ തള്ളപ്പെടുന്നതെന്തെന്നും അവർ വിശദീകരിച്ചു.

നീതിക്കായി ഭാവ്രി ദേവി നടത്തിയ പോരാട്ടങ്ങളാണ് വിശാഖ നിർദേശങ്ങളിലേക്ക് വഴിതെളിച്ചത്. ഭാവ്രി ദേവിക്കൊപ്പം തോളോടുതോൾ ചേർന്നുനിന്ന് അവരുടെ പോരാട്ടത്തെ മുന്നോട്ട് നയിച്ച അന്താരാഷ്ട്ര മനുഷ്യാവകാശപ്രവർത്തകയും ഫെമിനിസ്റ്റുമായ കവിതാ ശ്രീവാസ്തവയായിരുന്നു സെമിനാറിലെ മറ്റൊരു വിശിഷ്ട സാന്നിധ്യം. 2013 ൽ നിലവിൽ വന്ന തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം- പ്രതിരോധം, നിരോധനം, പരിഹാര നിയമം (വിശാഖ നിർദ്ദേശം), 2013-ലെത്തന്നെ പുതിയ പീഡന വിരുദ്ധ നിയമം, കുട്ടികളുടെ സുരക്ഷിതത്വം എന്നീ മൂന്ന് വിഷയത്തിലൂന്നിയായിരുന്നു കവിത ശ്രീവാസ്തവ സംസാരിച്ചത്. ലൈംഗിക അതിക്രമത്തിൽ നിന്നു മുക്തമായ ഒരു ലോകമാണ് സ്ത്രീക്ക് ആവശ്യമെന്ന് കവിത അടിവരയിട്ടു. അതിനായി സ്ത്രീകൾ മൗനം വെടിയണം. ഭാവ്രി വർഷങ്ങൾക്കുമുമ്പേ മൗനത്തിന്റെ വരമ്പ് തകർത്തതാണ്. അക്കാലത്തുനിന്ന് നമ്മൾ ഏറെ മുന്നോട്ടുപോയിരിക്കുന്നു. അഡ്വ.അണിമയുടെ ശബ്ദം ഇന്ന് ഇന്ത്യ മുഴുവൻ കേട്ടത് അവർ മൗനത്തിന്റെ കവചം വെടിയാൻ തയ്യാറായതിനാലാണെന്നും കവിത കൂട്ടിച്ചേർത്തു.

1989 മുതൽ ഫെമിനിസ്റ്റ് സംഘടനകളിൽ പ്രവർത്തിക്കുന്ന വ്യക്തിയാണ് ഞാൻ. കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹജയുടെ സ്ഥാപകാംഗങ്ങളിൽ ഒരാൾ. സ്ത്രീകളുടെ പരാതികൾ അന്വേഷിക്കാനായി കോട്ടയം ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ രൂപീകരിച്ച കമ്മറ്റിയിൽ അംഗമായിരുന്നു ഞാൻ. അന്നുമുതലിങ്ങോട്ട് പല സർക്കാർ കമ്മറ്റികളും ഞാൻ നിരീക്ഷിച്ചുവരുന്നുണ്ട്. എന്നാൽ പലയിടത്തും അത് നിർജ്ജീവമായിരിക്കുന്ന അവസ്ഥയാണുള്ളത്. കമ്മറ്റി അംഗങ്ങൾക്കിടയിൽത്തന്നെയുള്ള ലിംഗബോധമില്ലായ്മയാണ് അതിന് പ്രധാനകാരണം. ലിംഗഭേദമെന്നതിന്റെ ചരിത്രപരവും തത്വചിന്താപരവുമായ ആശയവും അതിന്റെ നിർമ്മിതിയും മനസ്സിലാക്കുന്നതിലുള്ള പരാജയമാണത്. പരാതിക്കാരിക്കുപോലും ആത്മവിശ്വാസമില്ലാത്ത തരത്തിലുള്ള നീക്കമായതിനാൽത്തന്നെ അതിന്റെ പരിഹാരമെന്നത് തത്വത്തിൽ ഫലശൂന്യമായിത്തീരുന്നു. അതുകൊണ്ടുതന്നെ വീണ്ടും ഒരു പരാതി നൽകാൻ അവർ ശ്രമിക്കില്ല. അതുകൊണ്ടുതന്നെ എല്ലാ ഓഫീസുകളിലും ലിംഗബോധമുണർത്തുന്ന പരിപാടികൾ ആസൂത്രണം ചെയ്യണം. മനുഷ്യാവകാശ പ്രവർത്തകരും അഭിഭാഷകരും വനിതാ അവകാശ പ്രവർത്തകരും കൂടിച്ചേർന്ന് ശരിയായി പ്രവർത്തിക്കുന്ന പരാതിക്കമ്മറ്റികൾ രൂപീകരിക്കുക തന്നെ വേണം.

സെമിനാറിനെത്തുടർന്ന് നടന്ന ചർച്ചയിൽ അന്വേഷിയുടെ സാരഥി അജിത, അഡ്വ.അണിമ തുടങ്ങിയവർ സംസാരിച്ചു. വിശാഖയുടെ വിവിധ വശങ്ങൾ ചർച്ചയിൽ വിഷയമായി.

വിനോദ് ശങ്കരന്റെ മനോഹരമായ സിത്താർ സന്ധ്യയോടെയാണ് ഒരു ദിവസത്തെ ദേശീയ സെമിനാർ സമാപിച്ചത്. സംഘാടകർക്ക് അഭിനന്ദനങ്ങൾ!! ●

## അഭിമുഖം

സംഘടിതയുമായി ഡോ.ഗീത നടത്തിയ അഭിമുഖം



പട്ടാമ്പി കോളേജ് അധ്യാപിക പി.ഗീതയുടെ 'സ്വവർഗ്ഗാനുരാഗവും കുടുംബവും കോടതിയും' (മംഗളം ദിനപത്രം, ഡിസംബർ 27, 2013) എന്ന ലേഖനത്തിനെതിരെ വിശ്വഹിന്ദുപരിഷ് ഉയർത്തിയ എതിർപ്പിനെപ്പറ്റിയും അതിന്റെ സാഹചര്യങ്ങളും ഗീത സംഘടിതയുമായി പങ്കുവെക്കുന്നു.

# ...അഭിമാനത്തോടെ ഇടപെടാൻ കഴിയണം

***സ്വവർഗ്ഗാനുരാഗവും കുടുംബവും കോടതിയും എന്ന ഗീതയുടെ ലേഖനത്തിൽ സ്വവർഗ്ഗാനുരാഗത്തെ പൂർണ്ണമായി അനുകൂലിക്കുമ്പോൾ കുടുംബവും 'വിവാഹവുമെല്ലാം പ്രകൃതിവിരുദ്ധമാണെ'ന്ന് പറഞ്ഞുവെക്കുകയാണ് ചെയ്യുന്നത്. ഇതെത്രത്തോളം ശരിയാണ്?***

സ്വവർഗ്ഗാനുരാഗം ഇന്ത്യൻ കുടുംബജീവിതത്തിന്റെ പരിശുദ്ധി നശിപ്പിക്കുന്നു എന്നാണ് സുപ്രീംകോടതിയുടെ കണ്ടെത്തൽ. സ്വവർഗ്ഗാനുരാഗമാണോ ഇന്ന് ഇന്ത്യൻ കുടുംബം നേരിടുന്ന പ്രശ്നം? അങ്ങനെയെങ്കിൽ എന്തിനാണ് നമുക്ക് ഡിവി ആക്ട്, കുടുംബകോടതികൾ, പ്രൊട്ടക്ഷൻ ഓഫീസർ എന്ന പുതിയ തസ്തിക. പ്രശ്നങ്ങൾ തീർക്കാൻ വേണ്ടിയല്ലേ. അപ്പോൾ പുതിയ ജീവിതത്തിന് നിരക്കാത്ത എന്തൊക്കെയോ പ്രശ്നങ്ങൾ കുടുംബത്തിനകത്ത് വ്യക്തികൾക്കുണ്ടാവുന്നു. നിലനിൽക്കുന്നു. ഇതിലിടപെടാനും പരിഹരിക്കാനും സംവിധാനങ്ങൾ വേണ്ടിവരുന്നു. ഒരുപക്ഷേ ഫ്യൂഡൽ കാലത്ത് കുടുംബം എന്ന ഘടകം നിലനിൽക്കാൻ മതത്തിന്റെ ഇടപെടൽ ഒരുപരിധി വരെ സഹായിച്ചിട്ടുണ്ടാവാം. എന്നാൽ ആധുനികതയിലേക്കു നീങ്ങുന്ന ഒരു സമൂഹത്തിൽ

'കുടുംബം പുതുക്കി പണിയേണ്ട ഒരു യൂണിറ്റാണ്'.

*അങ്ങനെ പറയുമ്പോൾ ആധുനികജീവിതത്തിൽ പ്രണയവിവാഹങ്ങളല്ലേ അധികവും. അതായത് പുരുഷനും സ്ത്രീയും സ്വയം കണ്ടെത്തി ജാതിയും മതവും ജാതകവും ഒന്നും നോക്കാതെ പലപ്പോഴും നിയമത്തിന്റെ പരിരക്ഷകൾക്കപ്പുറത്തു നിന്നുള്ള ജീവിതങ്ങൾ. ഇതെത്രത്തോളം വിജയകരമാകുന്നുണ്ട്?*

വ്യക്തിസ്വാതന്ത്ര്യത്തിന്റെ പാരമ്യത്തിൽ നിന്നിട്ടാവും സ്ത്രീയും പുരുഷനും പ്രണയിക്കുന്നത്. പക്ഷേ ഇവർ ഒരുമിച്ചു ജീവിക്കാൻ തുടങ്ങുമ്പോൾ ജാതിയും മതവും ജാതകവും നോക്കി വിവാഹം കഴിച്ച ആൾക്കാർ ജീവിക്കുന്ന ഒരു ഘടനയിലേക്ക് ജീവിതത്തെ മെരുക്കിയെടുക്കാൻ ശ്രമിക്കുന്നു. മതത്തിനതീതമായി വിവാഹം കഴിച്ചവർ പോലും ഏതെങ്കിലും ഒരു മതത്തിന്റെ യുക്തിയിലേക്ക് കുടുംബത്തെ പരുവപ്പെടുത്താൻ ശ്രമിക്കുന്നു. അങ്ങനെ വരുമ്പോൾ അവിടെ പ്രണയം പരാജയപ്പെടുന്നു. അതുവഴി പ്രണയവിവാഹങ്ങളും. അതുകൊണ്ട് കുടുംബമെന്നു പറയുന്നത് വ്യക്തികളുടെ സ്വേച്ഛകൾക്ക് യോജിക്കുന്ന രീതിയിൽ ജനാധിപത്യപരമായി പുതുക്കി പണിയണമെന്നാണ് ഞാൻ പറയുന്നത്.

*ലേഖനത്തിലേക്ക് വരാം സ്വവർഗ്ഗാനുരാഗത്തെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് അയ്യപ്പനെ പരാമർശിക്കുന്നത്?*

അയ്യപ്പനോ ഹിന്ദുമിഥോളജിയോ ആരുടേയും സ്വകാര്യസ്വത്തല്ല. അനന്തമായ സാധ്യതകളുള്ള ഒരുമതമാണ് ഹിന്ദുമതം. സ്വവർഗ്ഗാനുരാഗത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് അയ്യപ്പന്റെ ജനനം. മിഥോളജി പ്രകാരം ഹരിക്കും ഹരനും ഉണ്ടായിട്ടുള്ള പുത്രനാണ് അയ്യപ്പൻ. ലൈംഗികതയുടെ അനന്തമായ സാധ്യതയാണ് ഇത് തുറന്നു തരുന്നത്. വിഷ്ണുവിന്റെ മോഹിനി വേഷത്തിൽ ശിവനു തോന്നിയ ഭ്രമമാണ് അയ്യപ്പൻ. ഞാൻ ചെറുപ്പത്തിൽ കേട്ട കഥകളിൽ കൈ കീറിയിട്ടാണ് അയ്യപ്പനെ പുറത്തെടുത്തതെന്നും അങ്ങനെ കയ്യപ്പനാണ് പിന്നീട് അയ്യപ്പനായി അറിയപ്പെടാൻ തുടങ്ങിയതെന്നുമാണ്. മാത്രമല്ല ഓരോ ദേശത്തിനനുസരിച്ച് ദൈവസങ്കൽപ്പങ്ങളിൽ മാറ്റവുമുണ്ട്. ഒരു സ്ഥലത്തെ കൃഷ്ണനല്ല മറ്റൊരു സ്ഥലത്തെ കൃഷ്ണൻ. അതുപോലെ തന്നെ ശിവനും അയ്യപ്പനുമെല്ലാം. അവിവാഹിതനായ ഒരു മൂർത്തിയായിട്ടാണ് അയ്യപ്പ സങ്കല്പം. എന്നാൽ ചെർപ്പുളശ്ശേരി അയ്യപ്പൻ കാവിലെ അയ്യപ്പൻ വിവാഹിതനാണ്. ഇവിടെ വിവാഹം നടക്കാറുമുണ്ട് (സാധാരണ അയ്യപ്പക്ഷേത്രത്തിൽ വിവാഹം നടക്കാറില്ല).

> അയ്യപ്പനോ ഹിന്ദുമിഥോളജിയോ ആരുടേയും സ്വകാര്യ സ്വത്തല്ല. അനന്തമായ സാധ്യതകളുള്ള ഒരു മതമാണ് ഹിന്ദുമതം. സ്വവർഗ്ഗാനുരാഗത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് അയ്യപ്പന്റെ ജനനം. മിഥോളജി പ്രകാരം ഹരിക്കും ഹരനും ഉണ്ടായിട്ടുള്ള പുത്രനാണ് അയ്യപ്പൻ. ലൈംഗികതയുടെ അനന്തമായ സാധ്യതയാണ് ഇത് തുറന്നു തരുന്നത്.

*ലേഖനത്തിലെ കേവലമായ രണ്ടുവരി (ഖണ്ഡിക 7 കാണുക) എങ്ങനെയാവാം വിശ്വാസികളെ ഇത്രമേൽ പ്രകോപിതരാക്കുന്നത്?*

ഇത് തീർച്ചയായിട്ടും ലേഖനത്തോടൊ ഞാനുന്നയിച്ച കാര്യങ്ങളോടോ ഉള്ള എതിർപ്പിനേക്കാളേറെ എനിക്കു നേരെയുള്ള ആക്രമണമായിട്ടാണ് അനുഭവപ്പെടുന്നത്. 2013 ഡിസംബർ 27നാണ് പ്രസ്തുത ലേഖനം മംഗളം ദിനപത്രത്തിന്റെ 'കറിവേപ്പില' എന്ന പംക്തിയിൽ വരുന്നത്. തൊട്ടടുത്ത ദിവസം രാവിലെ തന്നെ എനിക്കെതിരെ **'പ്രതികരിക്കുക'** എന്ന തലക്കെട്ടോടു കൂടിയ പോസ്റ്ററുകൾ പട്ടാമ്പി പരിസരത്തു നിറഞ്ഞു. എന്റെ കോലം കത്തിക്കാനൊരുങ്ങുതായി പോലീസ് കോളേജിൽ അറിയിച്ചിരുന്നു. ഇത് പ്രസ്തുത വിഷയത്തോടുള്ള എതിർപ്പായിരുന്നുവെങ്കിൽ എനിക്കു മുന്നേ സി.രാധാകൃഷ്ണൻ ക്ഷേത്രങ്ങൾ കോൺസെൻട്രേഷൻ ക്യാമ്പുകളാണെന്ന് പറയുന്നുണ്ട്. ശ്രീ ശ്രീ രവിശങ്കർ ട്വിറ്ററിൽ സ്വവർഗ്ഗാനുരാഗത്തെ കുറിച്ച് എഴുതിയ സമയത്ത് അയ്യപ്പന്റെ ഹരിഹരസുതത്വം പരാമർശിക്കുന്നുണ്ട്. അപ്പോൾ പ്രശ്നം അതല്ല സി.രാധാകൃഷ്ണനോ ശ്രീ ശ്രീ രവിശങ്കറോ പറയുമ്പോൾ കുഴപ്പമില്ല. ഗീത എന്ന സ്ത്രീ അത് പറയാൻ പാടില്ല എന്നതാണ്. കാരണം ഒരു പെണ്ണിൽ നിന്ന് അവരത് പ്രതീക്ഷിക്കുന്നില്ല.

*അങ്ങനെ ഗീതയോട് പ്രത്യേകിച്ച് ഒരെതിർപ്പുണ്ടാവാൻ എന്താണുകാരണം?*

പ്രധാനകാരണം ഞാനൊരു സ്ത്രീയാണെന്നതുതന്നെ. മറ്റു ചില പ്രത്യേക കാരണങ്ങൾ കൂടി ഉണ്ടാകാം. അതിനെക്കുറിച്ച് പറയുമ്പോൾ 2009ലേക്ക് പോകേണ്ടി വരും. വളരെ അപ്രതീക്ഷിതമായി അന്ന് ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്ന കോളേജിൽ ഒരു സംഘട്ടനം ഉണ്ടായി. എന്റെ ക്ലാസ്സിൽ ഉണ്ടായിരുന്ന ഒരു കുട്ടി തലക്ക് മുറിവേറ്റ് ചോരയൊലിപ്പിച്ച് ഓടുന്നത് കണ്ടു. കുട്ടികൾ തമ്മിലുള്ള എന്തോ പ്രശ്നമായിരിക്കും എന്നു കരുതി. അപ്പോഴാണ്

പുറത്തു നിന്നുള്ള കാവിയുടുത്ത ഒരു വലിയ സംഘം വടികളു മായി ആക്രോശിച്ചുകൊണ്ടു വരു ന്നതാണ് കണ്ടത്. സംഭവം വിചാ രിച്ചതുപോലെ അല്ല എന്ന് മനസ്സി ലായി. കുട്ടികൾ തമ്മിലുള്ള അടി പിടികൾ, ഏത് സംഘടനകൾ തമ്മിലുള്ളതായാലും അതി നൊരു പരിധിയുണ്ട്. എന്നാൽ പുറത്തുനിന്ന് ആൾക്കാർ കുട്ടി കളെ ആക്രമിക്കാൻ വരുമ്പോൾ അങ്ങനെയല്ല. അതുകൊണ്ട് തന്നെ ഞാൻ കൈകൂപ്പിയിട്ട് അവരോട് കുട്ടികളെ ആക്രമിക്ക രുത് തിരിച്ചു പോകണമെന്ന് അപേക്ഷിച്ചു. അവർ ഒരു നിമിഷം നിന്നുവെങ്കിലും "നീ ആരെടീ... മാറെടീ..." എന്നാക്രോശിച്ചു കൊണ്ട് ഒരാൾ കാലുപൊക്കി എന്റെ നാഭിക്കു നേരെ ചവിട്ടാൻ വന്നു. പക്ഷേ അതിൽ തന്നെ ഉണ്ടായിരുന്ന മറ്റൊരാൾ അവരെ തടഞ്ഞു നിർത്തുകയും സംഘം പിൻവലിയുകയും ചെയ്തു.

ഇതിനെതിരെ ഞാൻ പ്രിൻസി പ്പലിന് ഒരു കത്തെഴുതി കൊടു ത്തു. അതെന്തുകൊണ്ടെന്നാൽ എന്റെ ജോലിയുമായി ബന്ധപ്പെട്ട സ്ഥലമാണ് കോളേജ്. അവിടെ എനിക്കും എന്റെ സഹപ്രവർത്ത കർക്കും സമാധാനമായി ജോലി ചെയ്യാൻ കഴിയണം. അതു പോലെ തന്നെ കോളേജിനു പുറത്തു നിന്ന് ആൾക്കാർ വന്ന് കുട്ടികളെ ആക്രമിക്കുന്ന ഒരവ സ്ഥ വരുന്നതിനോട് എനിക്ക് യോജിപ്പില്ല. എന്റെ പരാതി പ്രിൻസിപ്പാൾ പോലീസ് സ്റ്റേഷ നിലേക്ക് ഫോർവേർഡ് ചെയ്തു. അതിനെ തുടർന്ന് കേസ് പിൻവ ലിക്കണമെന്ന് പറഞ്ഞ് ചില ഹിന്ദുസംഘടനകൾ എന്നെ ബന്ധപ്പെട്ടിരുന്നു. വ്യക്തി വൈരാ ഗ്യത്തിന്റേയോ അല്ലെങ്കിൽ ആശയവൈരുദ്ധ്യത്തിന്റേയോ പോലും പേരിൽ കൊടുത്ത ഒരു കേസല്ല ഇത്. ഒരു ജോലിസ്ഥല ത്ത് നടന്ന പ്രശ്നത്തിന്റെ പേരിൽ കൊടുത്ത കേസാണ്. എനിക്ക് എന്റെ കുട്ടികളുടെ കാര്യത്തിൽ അഭിമാനത്തോടെ ഇടപെടാൻ കഴിയണം. അതുകൊണ്ട് ഞാൻ എന്റെ നിലപാടിൽ ഉറച്ചു നിൽക്കാൻ തന്നെ തീരുമാനിച്ചു. പക്ഷേ അതിനുശേഷം വിദ്യാർത്ഥി സംഘടനകൾ (എസ്.എഫ്.ഐ , എബി.വി.പി) തമ്മിൽ ഒത്തുതീർപ്പിലായി. അപ്പോഴെനിക്ക് സാക്ഷികളില്ലാ തായി. ഇന്നിപ്പോൾ ഈ കേസ് മജിസ്ട്രേട്ടിന്റെ അടുത്താണുള്ള ത്. എന്നെ ആക്രമിക്കുന്നതിന് അന്നവർ പ്രചരിപ്പിച്ച കാരണം ചുരിദാർ ഇട്ടതുകൊണ്ട് അധ്യാപി കയാണെന്നു തോന്നിയില്ല എന്ന താണ്.

ഇതുമായി ബന്ധപ്പെടുത്തി മറ്റൊരു സംഭവം ഉണ്ടായത് ഒരി ക്കൽ ഓട്ടോയിൽ കോളേജി ലേക്ക് വരുന്ന സമയത്ത് അധികം ചാർജ്ജ് ചോദിച്ചതുമായി ബന്ധപ്പെട്ട് ഓട്ടോഡ്രൈവറും ഞാനുമായി സംസാരമുണ്ടാവു കയും മറ്റൊരു അവസരത്തിൽ ട്രഷറിയിലേക്ക് പോകാൻ ഇതേ ഓട്ടോയിൽ കയറേണ്ടതായും വന്നു. അയാൾ ഭക്ഷണം കഴി ക്കാൻ പോവുകയാണെന്ന് പറഞ്ഞ് എന്നെ പാതി വഴിയിൽ ഇറക്കി. മറ്റൊരു ഓട്ടോയിലെത്തി ട്രഷറിയിലെത്തിയ സമയത്ത് അതേ ഓട്ടോ ഡ്രൈവർ മറ്റു ചില ആൾക്കാരേയും കൂട്ടി ട്രഷ റിയുടെ മുന്നിൽ നിന്ന് എനിക്കു നേരെ വിരൽ ചൂണ്ടി പരിഹസിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇതി നെതിരെ ഞാൻ പോലീസിൽ പരാതികൊടുത്തു. ഇത് പറയാൻ കാരണമെന്താണെന്ന് വെച്ചാൽ ഈ ലേഖനത്തെത്തുടർന്ന് എനി ക്കെതിരെ വക്കീൽനോട്ടീസ് അയച്ച വി.പി.രവീന്ദ്രൻ എന്ന യാൾ മേലെ പട്ടാമ്പിയിലെ ഓട്ടോറിക്ഷ ഓടിക്കുന്ന ആളാ ണെന്ന് അറിവ് കിട്ടിയിട്ടുണ്ട്. വക്കീൽ നോട്ടീസിന് മറുപടി അയച്ചു കുറച്ചു ദിവസങ്ങൾക്ക് ശേഷം എനിക്കൊരു ഊമക്കത്ത് കിട്ടി. ഭീഷണി സ്വരമുള്ള ആ കത്ത് ഞാൻ പോലീസിന് കൈമാറിയിട്ടുണ്ട്. എന്റെ നിലപാ ടുകളാണ് ആ ലേഖനത്തിൽ ഞാൻ പങ്കുവെക്കുന്നത്. അത് ഭര ണഘടന എനിക്ക് നൽകുന്ന അവകാശമാണ്. അല്ലാതെ ഞാൻ ഒരു മതത്തേയോ ദൈവത്തേയോ അധിക്ഷേപിച്ചിട്ടില്ലെന്ന് അത് വായിച്ചാൽ അറിയാം. എന്നിട്ടും എന്നെ ഇത്രയേറെ ആക്രമിച്ചു. ഇത് ഞാനെന്ന സ്ത്രീക്കു നേരെ യുള്ള ആക്രമണമാണ്.

*അനന്തമായ സാധ്യതകളും അതിലേറെ സങ്കീർണ്ണതകളും ഉള്ള ഒരു മതമാണ് ഹിന്ദുമതം. പക്ഷേ പലപ്പോഴും സങ്കുചിത മായ ഒരവസ്ഥയിലേക്കാണ് മത ങ്ങളും മതപഠനങ്ങളും മാറിക്കൊ ണ്ടിരിക്കുന്നത്. ഗീതയുടെ നേരെ യുള്ള ആക്രമണത്തിന്റെ പശ്ചാ ത്തലവും ഇതുതന്നെയല്ലേ മനസ്സി ലാക്കി തരുന്നത്?*

വ്യാഖ്യാനസാധ്യത ഒരുപാ ടുള്ള മതമാണ് ഹിന്ദുമതം. ഒരു പാടുകാര്യങ്ങൾ ഇതിനിടയിൽ കിടക്കുകയാണ്. ഇതിന്റെ അന ന്തമായ സാധ്യതകളും വൈചി ത്ര്യങ്ങളും മനസ്സിലാക്കുന്നതിനു പകരം ചുരുക്കി ആചാരങ്ങളിലേ ക്കൊതുക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. സ്ഥാപനവത്കരിക്ക പ്പെടുന്ന ഏതു മതവും പെണ്ണിന്റെ വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും കടന്നാക്രമി ക്കും. നാരീപൂജ എന്നൊക്കെ ഇവർ വെറുതേ പറയുന്നതാണ്. ഒരുതരം വിഗ്രഹവത്കരണവും വിധേയപ്പെടുത്തലും ആണത്. പെണ്ണിനെ നിശബ്ദീകരിച്ച് ഒതു ക്കാനും മെരുക്കാനും ശ്രമിക്കുന്ന വരാണിവർ. ഏതു മതവും അങ്ങ നെയാണെന്ന് ഞാൻ കരുതുന്നു. ഹിന്ദുവർഗ്ഗീയത ഇസ്ലാംവർഗ്ഗീയ തയേയും ഇസ്ലാംവർഗ്ഗീയത ഹിന്ദുവർഗ്ഗീയതയേയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കും. പ്രത്യക്ഷത്തിൽ ഇരുവിഭാഗവും എതിർക്കുമെങ്കിലും.

●

മംഗളം ദിനപ്പത്രത്തിൽ വന്ന ഗീതയുടെ ലേഖനം (ഡിസംബർ 27, 2013)

# സ്വവർഗാനുരാഗവും കുടുംബവും കോടതിയും

ഇന്ത്യൻ ഭരണകൂടം മറ്റേത് ആധുനിക ഭരണകൂടത്തേയും പോലെ അണുകുടുംബ സ്വരൂപമുള്ളതാണ്. അതുകൊണ്ടാണ് നമുക്ക് രാഷ്ട്രപിതാവ്, രാഷ്ട്രപതി, മാതൃരാജ്യം എന്നീ പരികല്പനകൾ ഉണ്ടായത്. 'അമ്മയും അച്ഛനും കുട്ടികളും' അഥവാ 'ഭാര്യയും ഭർത്താവും കുട്ടികളും' എന്നതാണ് രാഷ്ട്രത്തിന്റെ സ്വാഭാവിക ഘടനയായി പരിഗണിക്കപ്പെട്ടിരിക്കുന്നത്.

തന്തക്കു പിറന്നവന്മാരെയാണ് അപ്പോൾ രാഷ്ട്രീയത്തിനാവശ്യം. കാരണം അവർക്കുള്ളതാണ് രാഷ്ട്രവിഭവങ്ങൾ. അവരാണ് ഭാവി ഭരണാധികാരികൾ. ഈ അണുകുടുംബ ഘടനയെയോ സങ്കല്പത്തെയോ വെല്ലുവിളിക്കുന്ന ഒന്നിനും അതിനുള്ളിലേക്ക് പ്രവേശനം നൽകാൻ വ്യവസ്ഥ തയ്യാറായിരുന്നില്ല.

ഭരണകൂടവുമായി ബന്ധപ്പെട്ട സർക്കാരും രൂപപ്പെടുന്നത് ഇതേ ബന്ധമൂല്യങ്ങളോടു കൂടിയാണ്. അതിനാൽ സർക്കാറിന്റെ തന്നെ ഭാഗമായ ജുഡീഷ്യറിയും ഇതേ കുടുംബസങ്കല്പത്തെ പുനരുല്പാദിപ്പിക്കാൻ താല്പര്യപ്പെടുന്നു.

ഇന്ത്യയിൽ ക്രിമിനൽനിയമം മതേതരമാണെങ്കിലും സിവിൽ നിയമം മതാത്മകമാണ്. മതം നിർദ്ദേശിക്കുന്ന കുടുംബസദാചാര സങ്കല്പങ്ങൾക്കാണ് ഇപ്പോൾ പ്രാമുഖ്യം. മനുഷ്യർ ജനിക്കുന്നതു മുതൽ മരിക്കുന്നതുവരെയുള്ള എല്ലാ കർമ്മങ്ങളും മതപരമാവുന്നു. കുടുംബരൂപീകരണം നടക്കുന്നത് ഈ മതങ്ങൾക്കുള്ളിലാണ്. പ്രേമവിവാഹങ്ങൾ പോലും ധാർമ്മികമായി പരാജയപ്പെടുന്ന ഇടമാണിത്. ഈ മതങ്ങൾ ഇന്ത്യൻ സർക്കാരിന്റെ ജനാധിപത്യ മതേതര സംസ്ക്കാരത്തെ നിർണ്ണയിക്കാൻ തക്ക ശക്തിയുള്ളവയാണ്. അതിനാൽ മതം അനുവദിക്കുന്നത്ര മാത്രം ജനാധിപത്യമേ ഇന്ത്യൻ ജുഡീഷ്യറിക്കു വിതരണം ചെയ്യാൻ കഴിയൂ. നിർഭാഗ്യവശാൽ അതാണിപ്പോൾ ഇന്ത്യൻ ജനാധിപത്യം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന്.

സ്ത്രീ പുരുഷന്മാർക്കിടയിൽ ഉണ്ടാകേണ്ടതും നിലനിൽക്കേണ്ടതുമായ സ്വാഭാവിക ബന്ധങ്ങളെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളിൽ ഈ വൈരുധ്യം പ്രകടമാണ്. അതുകൊണ്ടാണ് സ്വാഭാവികം, പ്രകൃതിവിരുദ്ധം എന്നിങ്ങനെ രതി വിഭജിക്കപ്പെട്ടിരിക്കുന്നത്. വിവാഹബന്ധങ്ങളിൽ സ്ത്രീ പുരുഷന്മാർക്കിടയിൽ നടക്കുന്ന രതി മാത്രം സ്വാഭാവികവും അനുവദനീയവുമായി കരുതപ്പെടുന്നു.

വാസ്തവത്തിൽ 'വിവാഹ' മെന്നത് എത്ര മാത്രം പ്രകൃതിവിരുദ്ധമാണെന്നതു മറന്നുകൊണ്ടാണ് വിവാഹേതര ബന്ധങ്ങളെ കുറ്റകരമെന്നു വിധിക്കുന്നത്. പ്രകൃതിക്കു നിരക്കുന്നത് ആണും പെണ്ണും തമ്മിലുള്ള ലൈംഗികബന്ധമാണെന്നതിന്റെ യാതൊരു സാധൂകരണവും ശാസ്ത്രീയമായി മുന്നോടുവെക്കാൻ സാധ്യമാകാതിരുന്നിട്ടും സ്വവർഗ്ഗരതി ഭരണഘടനാവിരുദ്ധവും കുറ്റകരവുമായിരുന്ന നാടാണ് ഇന്ത്യ. ഇന്ത്യയിലൊട്ടാകെ അയ്യപ്പൻ ആരാധ്യനായ ദേവനാണെന്നതിനെ കോടതി എങ്ങനെ കാണുന്നുവോ ആവോ! അയ്യപ്പനെ നിയമം മൂലം നിരോധിക്കാൻ ഇന്ത്യൻ കോടതികൾ ധൈര്യപ്പെടുമോ?

സ്വവർഗാനുരാഗികൾ ദീർഘകാലം നടത്തിയ നിയമ പോരാട്ടത്തിനൊടുവിൽ 2009ൽ സ്വവർഗ

വിവാഹം നിയമവിധേയമാക്കിക്കൊണ്ട് ഡൽഹി ഹൈക്കോടതി ഉത്തരവായി. മതസംഘടനകൾ, വിശേഷിച്ച് കത്തോലിക്കാ വിഭാഗവും മുസ്ലീംസംഘടനകളും ഈ വിധിയെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. 2013 ൽ ഹൈക്കോടതി വിധിയെ, സ്വവർഗ്ഗവിവാഹത്തെ അസാധുവാക്കിക്കൊണ്ട് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചു.

ഇന്ത്യൻ കുടുംബജീവിതത്തിന്റെ പരിശുദ്ധിയെ നശിപ്പിക്കുന്നുവെന്നതായിരുന്നു സ്വവർഗ്ഗവിവാഹത്തിനെതിരായി സുപ്രീംകോടതി കണ്ടെത്തിയ ഒരു പ്രധാന ന്യായം. എന്താണ് ഇന്ത്യൻ കുടുംബജീവിതത്തിന്റെ മഹത്വം. ഒരു പക്ഷേ ലോകത്തിൽ തന്നെ ഏറ്റവും ജനാധിപത്യവിരുദ്ധമായ കുടുംബങ്ങൾ നിലനിൽക്കുന്നത് ഇന്ത്യയിലായിരിക്കും. പെണ്ണിന്റെ ഏകപക്ഷീയമായ നിശബ്ദസഹനം മാത്രമാണവയെ ഇത്തരത്തിൽ ആദർശാത്മാകമായി നിലനിർത്തുന്നതെന്നതാണ് സത്യം. തുല്യതയെ കുറിച്ച് സംസാരിക്കാൻ പോലും അനുവദിക്കപ്പെടാതെ അടഞ്ഞ ഇടമാണ്. ഈ ഭരണഘടനാവിരുദ്ധതയെ ഭരണഘടനപോലും നിശബ്ദമായി അംഗീകരിച്ചിരിക്കുന്നു.

എന്നാൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ ഇപ്പറയപ്പെട്ട കുടുംബനീതികൾ ഇന്ത്യൻ കോടതികൾക്കകത്തുതന്നെ ചോദ്യം ചെയ്യപ്പെട്ടു. ഷാബാനുകേസ്, മേരി റോയ് കേസ് എന്നിവയുടെ വിജയം ഇന്ത്യൻ ജുഡീഷ്യറിയുടെ ജനാധിപത്യപരവും പുരോഗമനാത്മകവുമായ മുഖത്തെ വെളിവാക്കാൻ പോന്നതായിരുന്നു.

കുടുംബക്കോടതികളുടെ സ്ഥാപനത്തോടെ ആദർശകുടുംബങ്ങൾ കൂടുതൽ സുതാര്യമായി ആദ്യഘട്ടത്തിൽ കുടുംബവഴക്കുകൾക്കിടയിലെ മധ്യസ്ഥറോളിലായിരുന്നു കുടുംബക്കോടതികൾ പ്രവർത്തിച്ചത്. ഒത്തുതീർപ്പു ശ്രമങ്ങളെ തുടർന്ന് പല കുടുംബത്തർക്കങ്ങളും നിശബ്ദമാക്കപ്പെട്ടു. എന്നാൽ ക്രമേണ സ്ഥിതിഗതികൾ മാറിമറിയുകയായിരുന്നു. സാന്ത്വനഉപദേശങ്ങൾക്കോ ഒത്തുതീർപ്പ് ചർച്ചകൾക്കോ കുടുംബങ്ങൾക്കുള്ളിലെ അഭിപ്രായ വ്യത്യാസങ്ങളെ ഒതുക്കിതീർക്കാനോ സഹനങ്ങളെ നിശബ്ദമാക്കാനോ കഴിയാതായി.

ഇതിനിടയിൽ ഗാർഹികപീഡനനിരോധനനിയമം കൂടി നിലവിൽ വന്നതോടെ പരസ്യമായിത്തന്നെ ചോദ്യം ചെയ്യുന്ന സ്ഥാപനമായി കുടുംബം മാറി. കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ കുടുംബക്കോടതികളിൽ നടന്ന വിവാഹമോചനങ്ങളുടെ എണ്ണം പരിശോധിച്ചാൽ കൊണ്ടാടപ്പെടുന്ന കുടുംബഭദ്രതയുടെ സ്വഭാവം മനസ്സിലാക്കാവുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി അത് ചെയ്യേണ്ടതുമാണ്.

സ്ത്രീകൾ വിദ്യാസമ്പന്നരും ഉദ്യോഗസ്ഥകളും സ്വപ്രത്യയ സ്ഥൈര്യമുള്ളവരും ആയതോടെ അവർ കുടുംബത്തിനകത്തേക്കല്ല പുറത്തേക്കാണ് യാത്രതിരിച്ചതെന്ന് കാണാം. വളരെ ആഗ്രഹത്തോടെ സ്വയം കെട്ടിപ്പൊക്കിയ കുടുംബങ്ങളും വീട്ടുകാരുടെ അനുഗ്രഹാശിസ്സുകളോടെ നിലവിൽ വന്ന കുടുംബങ്ങളും ഒറ്റയടിക്ക് ദയനീയമായി നിലംപരിശാകുന്നതിന്റെ ചരിത്രം കീഴ്ക്കോടതികളിൽ മൂർത്തമായി അടയാളപ്പെട്ടിരിക്കുന്നു. ഇവിടെയൊന്നും കുടുംബങ്ങൾ തകർന്നത് സ്വവർഗ്ഗാനുരാഗികളുടെ വിവാഹം നിയമവിധേയമായതുകൊണ്ടായിരുന്നില്ലെന്ന് പ്രസ്തുതരേഖകൾ പരിശോധിച്ചാൽ സുപ്രീംകോടതിക്ക് ഇനിയും ബോധ്യപ്പെടാവുന്നതേയുള്ളൂ. മതമേലാളന്മാർ അത് അംഗീകരിക്കാൻ ഇടയില്ല. കാരണം അവർ കണ്ണടച്ച് ഇരുട്ടാക്കുന്നവരാണ്. പക്ഷേ, ഇന്ത്യയിലെ പരമോന്നത നീതിപീഠം അങ്ങനെയാണെന്ന് സാമാന്യബുദ്ധിയുള്ളവർ വിശ്വസിക്കുകയില്ലല്ലോ.

ബ്രിട്ടൻ, കാനഡ, ആഫ്രിക്കപോലുള്ള രാഷ്ട്രങ്ങളിൽ സ്വവർഗ്ഗവിവാഹം നിയമവിധേയമാണ്. ഇസ്ലാമികരാഷ്ട്രങ്ങളിൽ അത് നിയമവിരുദ്ധമാണ്. മതേതര ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ പത്തുവർഷം വരെ തടവോ പിഴയോ ലഭിക്കാവുന്ന കുറ്റമായി സ്വവർഗ്ഗവിവാഹം വീണ്ടും മാറിയതിന്റെ (377-ാം വകുപ്പുണ്ടായതിന്റെ)പശ്ചാത്തലം അന്വേഷിക്കപ്പെടേണ്ടതാണ്. ഇന്ത്യൻ ജനതയെ നൂറ്റാണ്ടുകൾക്ക് പിന്നിലേക്ക് തള്ളുന്ന 2013 ലെ സുപ്രീംകോടതി വിധിയും പുനഃപരിശോധിക്കപ്പെടേണ്ടതാണ്.

സ്വവർഗ്ഗാനുരാഗം ഒരു രോഗമോ വൈകൃതമോ ആണെന്ന് വാദിക്കുന്ന മതമേലാളന്മാരുടെ വ്യക്തിജീവിതവും സ്വകാര്യജീവിതവും പരസ്യമായി പ്രശ്നവത്കരിക്കപ്പെടട്ടെ. സ്വവർഗ്ഗാനുരാഗികളാണ് എന്നതിന്റെ പേരിൽ ഒരു വിഭാഗം പൗരരെ ഭ്രഷ്ടരാക്കുകയും നിസ്സഹായരാക്കുകയും ചെയ്തുകൊണ്ടും അവരുടെ അടിസ്ഥാന മനുഷ്യാവകാശങ്ങളെ ലംഘിച്ചുകൊണ്ടും ഏതുതരം കുടുംബഭദ്രതയെയാണ് സുപ്രീംകോടതി ഇന്ത്യൻ ജനതക്ക് വാഗ്ദാനം ചെയ്യുന്നത്. ●

റിപ്പോർട്ട്



സുൽഫത്ത്

# കാസർഗോഡ് വിഷമഴ നിന്നു...

## ജനിതകത്തകരാറുമായി അടുത്ത തലമുറ ജനിക്കുന്നു.



**കാസർഗോട്ടെ** എൻഡോസൾഫാൻ വിഷമഴയുടെ ഇരകൾ ജനുവരി 26 മുതൽ മുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിക്കു മുന്നിൽ അനിശ്ചിതകാല കഞ്ഞിവെപ്പു സമരത്തിനൊരുങ്ങുകയാണ്. എൻഡോസൾഫാൻ നിരോധിച്ചു കഴിഞ്ഞു. ദുരിതബാധിതർക്ക് സർക്കാർ നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുമുണ്ട്. പിന്നേയും സമരം തുടരുന്നതെന്തിനെന്ന സംശയം പൊതുസമൂഹത്തിനുണ്ടാവുക സ്വാഭാവികമാണ്. 2012 ഏപ്രിൽ 20 മുതലാണ് എൻഡോസൾഫാൻ സമരനേതൃത്വത്തിലേക്ക് അമ്മമാർ എത്തുന്നത്. ഈ സമരങ്ങളാണ് പരിമിതമായ തോതിലെങ്കിലും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിലനിർത്താൻ സർക്കാരിനെ നിർബന്ധിതരാക്കുന്നത്. ആനുകൂല്യങ്ങൾ അവരുടെ അവകാശമാണ്. ആരുടേയും ഔദാര്യമല്ല. ഭരണകൂടം നടത്തിയ ബോധപൂർവ്വമായ രാസയുദ്ധത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നൽകാനുള്ള ബാധ്യതയും ഭരണകൂടത്തിനുണ്ട്.

1960കളിലാണ് കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിലെ പന്ത്രണ്ടായിരം ഏക്കർ ഭൂമിയിൽ കൃഷിവകുപ്പ് കശുമാവ് വെച്ചുപിടിപ്പിക്കുന്നത്. 1977ൽ കൃഷിവകുപ്പിന്റെ കയ്യിലുള്ള കശുമാവിൻ തോട്ടങ്ങൾ കേരളപ്ലാന്റേഷൻ കോർപ്പറേഷന് (P.C.K) കൈമാറി. 1976 മുതൽ കൃഷിവകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ ആകാശമാർഗ്ഗം ഹെലികോപ്ടർ വഴി എൻഡോസൾഫാൻ തളിക്കാൻ തുടങ്ങി. 1980 മുതൽ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും 1981 മുതൽ പി.സി.കെയുടെ പന്ത്രണ്ടായിരം ഏക്കർ കശുമാവിൻതോട്ടത്തിലും എൻഡോസൾഫാൻ ഹെലികോപ്ടർ വഴി തളിക്കാൻ തുടങ്ങുകയും ചെയ്തു.




ഇന്ത്യയിൽ തന്നെ ഉല്പാദനം നടത്തുന്ന കീടനാശിനിയാണ് എൻഡോസൾഫാൻ. ഇന്ത്യാഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് ഗുജറാത്തിലെ എക്സൽ ഇൻഡസ്ട്രീസ്, തമിഴ്നാട്ടിലെ കോറമാണ്ടൽഗ്രൂപ്പ് എന്നീ സ്ഥാപനങ്ങളുടെ ഫാക്ട

റികളിലാണ് ഉല്പാദനം നടക്കുന്നത്. 162 രാജ്യങ്ങളിൽ നിരോധിച്ച കീടനാശിനിയാണ് ഇത്. ഇന്ത്യയിൽ സുപ്രിംകോടതിയും എൻഡോസൾഫാൻ താല്കാലികമായി നിരോധിച്ചിട്ടുണ്ട്.

1971 ലെ കീടനാശിനി നിയമം കീടനാശിനി തളിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെപ്പറ്റിയും മാനദണ്ഡങ്ങളെപ്പറ്റിയും പറയുന്നുണ്ട്. ഈ നിയമങ്ങളും മാനദണ്ഡങ്ങളുമൊക്കെ ലംഘിച്ചുകൊണ്ടാണ് പ്ലാന്റേഷൻ കോർപ്പറേഷൻ 1976 മുതൽ കശുമാവിൻ തോട്ടങ്ങളിൽ കീടനാശിനി തളിക്കാൻ തുടങ്ങിയത്.

1. മൂന്ന് മീറ്ററിലധികം ഉയരത്തിൽ നിന്ന് കീടനാശിനി തളിക്കരുത്. 11 മീറ്റർ ഉയരം വരെ ഹെലികോപ്ടർ പറന്നിരുന്നതായി കേരളകാർഷികസർവ്വകലാശാലയിലെ ഡോ.ശ്രീകുമാർ തന്നെ അച്യുതൻ കമ്മിറ്റിയുടെ തെളിവെടുപ്പ് വേളയിൽ സമ്മതിച്ചതാണ്.

2. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ എൻഡോസൾഫാൻ തളിക്കാൻ പാടില്ല. കുളങ്ങൾ, കിണറുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവ മൂടണം. നിരവധി നീർച്ചാലുകളും കുളങ്ങളും വയലുകളും കിണറുകളുമുള്ള കുന്നിൻ പ്രദേശത്താണ് പി.സി.കെയുടെ തോട്ടങ്ങൾ. തെങ്ങോലയും പ്ലാസ്റ്റിക് ഷീറ്റും കിണറുകൾ മൂടാൻ പൊതുജനങ്ങൾക്ക് നൽകിയിരുന്നു എന്ന് പി.സി.കെ പറയുന്നുണ്ട്. മറ്റുള്ളവ മൂടുക അപ്രായോഗികമാണ്. 'മരുന്ന്' എന്നപേരിൽ തളിച്ച വിഷത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിരുന്നില്ല. നിയമപരമായി ജനങ്ങൾക്ക് നല്കേണ്ട മുന്നറിയിപ്പുകളൊന്നും പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയിരുന്നുമില്ല.

3. കാറ്റുള്ളപ്പോൾ തളിക്കരുത്. കാറ്റില്ലാത്ത പകൽ 10 മണിക്ക് മുമ്പുള്ള സമയത്ത് മാത്രമേ തളിക്കാൻ പാടുള്ളൂ. പരിസരത്ത് സ്കൂളുണ്ടെങ്കിൽ അവയ്ക്ക് അവധി നൽകണം. കാറ്റുള്ളപ്പോഴും ഇല്ലാത്തപ്പോഴും നട്ടുച്ചവരേയും തളിച്ചു. സ്കുളിൽ പോകുന്ന കുട്ടികൾ വിഷമഴ ആസ്വദിച്ചു. വിഷമഴയിൽ നനഞ്ഞു.

ഒരു കീടനാശിനിയും തുടർച്ചയായി 6 മാസത്തിലധികം ഉപയോഗിക്കരുത്. ഇടക്ക് കീടനാശിനിക്ക് അവധി കൊടുക്കുകയോ മറ്റൊരു കീടനാശിനി ഉപയോഗിക്കുകയോ വേണം. കീടങ്ങൾ പ്രതിരോധം നേടാതിരിക്കാനാണിത്.

4. ഒരു കീടനാശിനിയും തുടർച്ചയായി 6 മാസത്തിലധികം ഉപയോഗിക്കരുത്. ഇടക്ക് കീടനാശിനിക്ക് അവധി കൊടുക്കുകയോ മറ്റൊരു കീടനാശിനി ഉപയോഗിക്കുകയോ വേണം. കീടങ്ങൾ പ്രതിരോധം നേടാതിരിക്കാനാണിത്.

എന്നാൽ 1981 മുതൽ 2001 വരെ 20 കൊല്ലം തളിച്ചു. കീടനാശിനിക്ക് അവധി കൊടുത്താൽ ഉല്പാദനം കുറയുമെന്നും മറ്റ് കീടനാശിനികൾക്ക് വില അധികമായതിനാൽ അവ തളിക്കുന്നത് പി.സി.കെക്ക് നഷ്ടമുണ്ടാക്കുമെന്നും അവർ വാദിച്ചു.

കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ഒരു സ്വകാര്യക്കമ്പനിയല്ല. സർക്കാറിന്റെ കൃഷിവകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണ്. ഈ നിയമലംഘനത്തിനുത്തരവാദികൾ ആരാണ്?

1979 മുതൽ പശുക്കുട്ടികളിൽ ജനിക്കുമ്പോൾ തന്നെ അംഗവൈകല്യം കണ്ടുവരുന്നതായി നിരീക്ഷിച്ച 'ശ്രീപദ്രെ' എന്ന പത്രപ്രവർത്തകൻ ലേഖനങ്ങളും കത്തുകളും എഴുതി എൻഡോസൾഫാൻ പ്രശ്നം ജനങ്ങളിലെത്തിച്ചു. വാണിനഗറിലെ ഡോക്ടർ വൈ.എസ്.മോഹൻകുമാർ പ്രദേശത്തെ മനുഷ്യരിൽ അസാധാരണാവിധം അപൂർവ്വരോഗങ്ങൾ കണ്ടുവരുന്നതായി റിപ്പോർട്ടു ചെയ്തു. ആരോഗ്യവകുപ്പിന്റെ അടിയന്തിരശ്രദ്ധയും അദ്ദേഹം ആവശ്യപ്പെട്ടു. സർക്കാരും പ്ലാന്റേഷൻ കോർപ്പറേഷനും ചില കൃഷിശാസ്ത്രജ്ഞരുമൊക്കെ പ്രശ്നത്തെ തള്ളിക്കളയുകയാണ് ചെയ്തത്.

കാസർഗോഡ് ജില്ലയിലെ പെരിയ കൃഷിഭവനിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റായിരുന്ന ലീലാകുമാരിയമ്മയുടെ കോടതി ഇടപെടലുകളാണ് 2000 ഒക്ടോബർ 18ന് എൻഡോസൾഫാൻ വിഷപ്രയോഗം നിർത്തിവെക്കാൻ പി.സി.കെ.യെ നിർബന്ധിതതമാക്കിയത്.

2000 ഡിസംബർ 26നായിരുന്നു കാസർഗോഡ് അവസാനമായി ആകാശമാർഗ്ഗം എൻഡോസൾഫാൻ തളിച്ചത്. 13 വർഷം കഴിഞ്ഞു. എന്നാൽ 13 വയസ്സിൽ താഴെയുള്ള ആയിരക്കണക്കിന് എൻഡോസൾഫാൻ രോഗബാധിതരായ കുഞ്ഞുങ്ങളാണ് കാസർഗോഡുള്ളത്. ജനിതകത്തകരാറുകളുമായി ദിനംപ്രതി കുട്ടികൾ ജനിച്ചു കൊണ്ടുമിരിക്കുന്നു.

ആഗസ്റ്റ് 6ന് ഹിരോഷിമയിലേയും നാഗസാക്കിയിലേയും കുഞ്ഞുങ്ങളെ സ്മരിച്ചുകൊണ്ട് യുദ്ധവിരുദ്ധ പ്രതിജ്ഞയെടുക്കുന്നവർ വർഷങ്ങൾക്കു ശേഷവും ഉടലിനേക്കാളും വലിയ തലയുമായി ജനിച്ചുവീഴുന്ന, ജനിതകവൈകല്യം ബാധിച്ച കാസർഗോട്ടെ കുഞ്ഞുങ്ങളെ ഓർക്കാറേയില്ല. ഈ കുഞ്ഞുങ്ങളെ രോഗികളാക്കിയ ഭരണകൂടത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നുമില്ല.

ജില്ലയിലെ 29 പഞ്ചായത്തുകളിലും 3 മുൻസിപ്പാലിറ്റികളിലും എൻഡോസൾഫാൻ രോഗികളെ

സർക്കാർ തന്നെ മെഡിക്കൽ ക്യാമ്പുകളിലൂടെ കണ്ടെത്തി യിട്ടുണ്ട്. എന്നാൽ സർക്കാറിന്റെ സൗജന്യചികിത്സാസഹായവും നാമമാത്ര ആനുകൂല്യങ്ങളും ലഭി ക്കുന്നത് പി.സി.കെയുടെ കശുമാ വിൻ തോട്ടങ്ങളുള്ള 11 പഞ്ചായ ത്തുകളിലുള്ള രോഗികൾക്കു മാത്രമാണ്. ആകാശമാർഗ്ഗമുള്ള വിഷം തളി വായുവിനേയും വെള്ളത്തേയും മണ്ണിനേയും മലി നമാക്കിയപ്പോൾ ദുരിതം 11 പഞ്ചായത്തുകളിൽ ഒതുങ്ങിയില്ല. ആദ്യഘട്ടത്തിൽ 11 പഞ്ചായത്തു കൾക്ക് പുറത്തുള്ളവർക്കും സഹായങ്ങളും ആനുകൂല്യങ്ങളും നൽകിയിരുന്നെങ്കിലും ഇപ്പോൾ ദുരിതബാധിത പഞ്ചായത്തുക ളായി സർക്കാർ കണക്കാക്കിയി രിക്കുന്നത് പ്ലാന്റേഷന്റെ കശുമാ വിൻ തോട്ടങ്ങളുള്ള പതിനൊന്നു പഞ്ചായത്തുകളെ മാത്രമാണ്.

മെഡിക്കൽ ക്യാമ്പുകൾ നട ത്തിയാണ് രോഗികളെ കണ്ടെ ത്തുന്നത്. കേരളത്തിലെ വിവിധ മെഡിക്കൽകോളേജുകളിൽ നിന്നുള്ള വിദഗ്ദഡോക്ടർമാ രാണ് വിവിധഘട്ടങ്ങളായുള്ള പരി ശോധനയിലൂടെ അർഹരായവരെ നിശ്ചയിക്കുന്നത്. 2010-11 വർഷ ങ്ങളിൽ നടന്ന മെഡിക്കൽക്യാമ്പു കളിൽ നിന്ന് 5500 പേരെയാണ് രോഗികളുടെ ലിസ്റ്റിൽ ഉൾപ്പെടു ത്തിയിട്ടുള്ളത്.

ലിസ്റ്റിൽ ഉൾപ്പെട്ട രോഗി കൾക്ക് ഗവൺമെന്റ് ആശുപത്രി കളിൽ സൗജന്യചികിത്സ ലഭ്യമാ ണ്. ക്യാമ്പിൽ കണ്ടെത്തിയ രോഗങ്ങളിൽ പ്രധാനപ്പെട്ടവ താഴെപറയുന്നവയാണ്.

1. നാഡീവ്യവസ്ഥ സംബന്ധ മായ ചില പ്രത്യേകരോഗങ്ങൾ.

2. എൻഡോറിൻ സിസ്റ്റം സംബ ന്ധമായ ചില പ്രത്യേകരോഗങ്ങൾ

3. റീപ്രൊഡക്ടീവ് സിസ്റ്റം സംബന്ധമായ ചില പ്രത്യേക രോഗങ്ങൾ.

4. പ്രത്യേകതരം കാൻസറുകൾ

5. ജനിതകവൈകല്യങ്ങൾ

6. ഓർഗനോയോമെറൻ പെസ്റ്റി സൈഡ്സ് ഏതെങ്കിലും രീതിയിൽ ബാധിക്കാൻ ഇടയുള്ള രോഗങ്ങൾ.

7. തൊലിപ്പുറത്തുള്ള ചില അസാധാരണ രോഗങ്ങൾ.

വിദഗ്ദചികിത്സ ആവശ്യമുള്ള രോഗങ്ങളാണ് ഇവയെല്ലാം. കാസർഗോട്ടെ ഏതെങ്കിലും ഗവൺമെന്റ് ആശുപത്രികളിൽ ഇതിനുള്ള വിദഗ്ദഡോക്ടർമാ രുടെ സേവനം ലഭ്യമാക്കിയില്ല. എം.ആർ.ഐ സ്കാനിംഗിനുള്ള സൗകര്യം പോലും ഇവിടെയില്ല. ജില്ലയിലെ 11 പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി മെഡി ക്കൽ സെന്ററുകളായി ഉയർത്തണ മെന്ന് 2010 ഡിസംബർ 31ന് ദേശീയമനുഷ്യാവകാശക്കമ്മീ ഷൻ കേരളഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. രോഗികൾക്ക് സൗജന്യആംബുലൻസ് സഹായം ലഭ്യമായിരുന്നത് വർഷ ങ്ങൾക്ക് മുമ്പേ നിർത്തി. ആവശ്യ മുള്ള മരുന്നുകളുടെ ലഭ്യതയെ ക്കുറിച്ച് പറയാതിരിക്കുകയാണ് ഭേദം.

കിടക്കയിൽ നിന്ന് എഴു ന്നേൽക്കാൻ കഴിയാത്ത പ്രായ ത്തിന്റെ വളർച്ചയില്ലാത്ത മനു ഷ്യർ, തലമാത്രം വളരുന്ന കുട്ടി കൾ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ക്യാൻസർരോഗികൾ, കാസർഗോ ഡൻ ഗ്രാമങ്ങളിലെ വീടുകൾ സന്ദർശിച്ചാൽ കാണുന്ന ദുരിത ക്കാഴ്ചകളാണ്. ഇവ ഇവരെ തനി ച്ചാക്കി ഒരു തൊഴിലിനോ വിവാ ഹം, ഉത്സവം പോലുള്ള കൂട്ടായ്മകൾക്കോ കുടുംബങ്ങ ളിലെ മരണങ്ങൾക്കുപോലുമോ പോവാൻ കഴിയാത്ത കാവലാളു കളായ വേറെ കുറെ മനുഷ്യർ. മരണത്തിനും ജീവിതത്തിനുമിട യിലുള്ള നൂൽപ്പാലങ്ങളിൽ നീങ്ങുന്ന ഇവരുടെ ബാധ്യത ഏറ്റെടുക്കേണ്ട ഉത്തരവാദിത്തം ആർക്കാണ്?

രോഗികളെ രണ്ട് കാറ്റഗറി യായി തിരിച്ചിട്ടുണ്ട്. 2000 രൂപയും 1000രൂപയുമാണ് 'സ്നേഹ സാന്ത്വനം' പെൻഷൻ, വികലാംഗപെൻഷനുണ്ടെങ്കിൽ ആ 400 രൂപ കുറയും. ചികി ത്സക്കും ഭക്ഷണത്തിനും മറ്റാവ ശ്യങ്ങൾക്കുമെല്ലാം കൂടി ഇത്രമാ ത്രം. അവ കൃത്യമായി കിട്ടുന്നതു തന്നെ അപൂർവ്വം. പൂർണ്ണമായും കിടപ്പിലായവരെ ശുശ്രൂഷിച്ച് വീട്ടിൽ നിൽക്കുന്നവർക്ക് 700 രൂപ. 400 രൂപയുണ്ടായിരുന്നത് കഴിഞ്ഞ സമരത്തിനൊടുവിലാണ് വർദ്ധിപ്പിച്ചത്. വളരെ കുറച്ചു പേർക്കാണ് ഈ തുക ലഭിക്കുന്ന ത്.

"എന്റെ കാലശേഷം ഈ മക്കൾക്ക് ആരാണു തുണ" കാസർഗോട്ടെ ആയിരക്കണക്കിന് അമ്മമാർ പൊതുസമൂഹത്തിനുമു മ്പിൽ വെക്കുന്ന ചോദ്യമാണ് ഇത്. കൈകാലുകൾക്ക് വളർച്ച യില്ലാതെ ഒറ്റമുറി വീട്ടിൽ 24 വർഷമായി ഒരേ കിടപ്പ് കിടക്കുന്ന ശീലാബതിയുടെ വൃദ്ധയായ അമ്മ.... വാടകക്വാർട്ടേഴ്സിന്റെ മുകളിലത്തെ നിലയിൽ നിരങ്ങി നീങ്ങുന്ന 18കാരി ഷേക്ക് ഹസീന യുടെ ഉമ്മ.... ഭക്ഷണം വാരിക്കൊ ടുക്കേണ്ട, പ്രാഥമിക കൃത്യങ്ങൾ അമ്മ തന്നെ ചെയ്തുകൊടു ക്കേണ്ട പ്രായം കൊണ്ട് യുവതീ യുവാക്കളെങ്കിലും ബുദ്ധി കൊണ്ടും വളർച്ചകൊണ്ടും ബാല്യം വിട്ടുമാറാത്ത, രോഗിക ളായ മക്കളുടെ അമ്മമാരുടെ ഹൃദയഭേദകമായ ഈ ചോദ്യ ത്തിന് ആരാണ് ഉത്തരം കൊടു ക്കേണ്ടത്? അവർക്ക് ഈ ഗതി വരുത്തിയ ഭരണകൂടം തന്നെ യല്ലേ?

2010 ഡിസംബർ 31ന് കാസർഗോഡ് സന്ദർശിച്ച ദേശീയ മനുഷ്യാവകാശ കമ്മീ ഷൻ അടിയന്തിരമായും നടപ്പാ ക്കാൻ 4 നിർദ്ദേശങ്ങൾ കേരള സർക്കാരിന്റെ മുന്നിൽവെച്ചു. പൂർണ്ണമായും കിടപ്പിലായവർക്കും മരണമടഞ്ഞവരുടെ കുടുംബ ങ്ങൾക്കും 5 ലക്ഷം രൂപ വീതവും മറ്റ് അർഹതപ്പെട്ട രോഗികൾക്ക് 3 ലക്ഷം രൂപ വീതവും അടിയന്തിര ധനസഹായം നൽകാനായിരുന്നു ഒരു നിർദ്ദേശം. 8 ആഴ്ചകൊണ്ട് നടപ്പാക്കണമെന്നായിരുന്നു മനു

ഷ്യാവകാശ കമ്മീഷൻ പറഞ്ഞത്. ജനകീയ സമ്മർദ്ദങ്ങൾക്കൊടുവിൽ ഒന്നരവർഷത്തിനു ശേഷമാണ് (2012 മെയ് 26ന്) ദേശീയമനുഷ്യാവകാശക്കമ്മീഷന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുമെന്ന് ഉത്തരവിറക്കിയത്. കമ്മീഷൻ വെച്ച മറ്റ് മൂന്ന് നിർദ്ദേശങ്ങൾ മറ്റ് പ്രദേശങ്ങളിലും സർവ്വേ നടത്തി എൻഡോസൾഫാൻ മൂലം രോഗികളായവരെ കണ്ടെത്തി ആനുകൂല്യങ്ങൾ നൽകണം. പാലക്കാട് ജില്ലയെ കമ്മീഷൻ പേരെടുത്ത് പറയുന്നുണ്ട്. ജില്ലയിലെ 11 പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി മെഡിക്കൽസെന്ററുകളായി ഉയർത്തി വിദഗ്ദചികിത്സ രോഗികൾക്ക് നൽകണം. രോഗികളുടെ ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയും സ്ഥിരമായി കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ദേശീയ മനുഷ്യാവകാശകമ്മീഷന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുമെന്ന് പറഞ്ഞ ഉത്തരവിൽ ധനസഹായത്തിന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. മരണമടഞ്ഞവരുടെ കുടുംബങ്ങളെ ഒഴിവാക്കിക്കൊണ്ടും എല്ലാ ആശ്വാസ നടപടികളും 5 വർഷം കൊണ്ട് നിർത്തലാക്കുമെന്ന് സൂചന നൽകിയും ഇറങ്ങിയ ഉത്തരവ് പിൻവലിപ്പിക്കാനും സമരത്തിന് കഴിഞ്ഞു. എന്നാൽ ലിസ്റ്റിൽ ഉൾപ്പെട്ട 5500 പേരിൽ പകുതിപ്പേർക്കും ഇതുവരേയും ധനസഹായം ലഭിച്ചിട്ടില്ല. ലഭിച്ചവർക്കാകട്ടെ 2 ലക്ഷവും 1 ലക്ഷവും വീതം. അടിയന്തിരചികിത്സ ആവശ്യമുള്ള രോഗികളോടാണ് ഈ അലംഭാവം കാണിക്കുന്നത്. വിഷമദ്യം കുടിച്ച് മരിച്ചവരുടെ കുടുംബത്തിനും അപകടമരണം സംഭവിച്ചവരുടെ കുടുംബത്തിനുമൊക്കെ ലക്ഷക്കണക്കിന് രൂപ ധനസഹായം നൽകാൻ നിയമമുള്ള നാട്ടിലാണ് സർക്കാർ അറിഞ്ഞുകൊണ്ട് നടത്തിയ ക്രൂരതയുടെ ഇരകളോട് ഈ അവഗണന.

2000 ഡിസം.26ന് വിഷമഴയുടെ അവസാനദിവസം പി.സി.കെയുടെ കയ്യിൽ ബാക്കിയായത് 1500 ലിറ്റർ എൻഡോസൾഫാൻ ആണ്. ബാരലുകളിൽ ഇപ്പോഴും അവ സൂക്ഷിച്ചിട്ടുണ്ട്. പി.സി.കെയുടെ ഗോഡൗണിൽ അത് ചോർന്നൊലിക്കാൻ തുടങ്ങിയപ്പോൾ ജപ്പാന്റെ സാങ്കേതികസഹായത്തോടെ ബാരൽ മാറ്റി വീണ്ടും സൂക്ഷിച്ചിരിക്കുകയാണ്. അത് നിർവ്വീര്യമാക്കി നശിപ്പിച്ചുകളയാൻ എന്തുകൊണ്ട് സർക്കാർ തയ്യാറാവുന്നില്ല? 25 ലിറ്ററിന്റേയും 10 ലിറ്ററിന്റേയും അലൂമിനിയം കന്നാസുകളിൽ പി.സി.കെയുടെ കൈവശമുള്ള നെഞ്ചൻപറമ്പ് ഗ്രാമത്തിലെ കിണറുകളിൽ എൻഡോസൾഫാൻ ഇട്ടിരുന്നെന്നും ഇപ്പോൾ ആ കിണറുകൾ മൂടിയെന്നും ജനങ്ങൾ പറയുന്നു. അത് സത്യമാണെങ്കിൽ ഇനി എത്ര തലമുറ തീരാ ദുരിതത്തിലേക്ക് വീഴും? കന്നാസുകൾ ദ്രവിച്ച് ഭൂഗർഭജലത്തിലൂടെ എത്ര തലമുറയുടെ കുടിവെള്ളത്തിൽ എത്തും കിണറുകളിൽ വിഷം മൂടിയിട്ടില്ല എന്ന് പറഞ്ഞ് ഒഴിയാതെ കിണർ തുറന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അവരുടെ സംശയങ്ങൾ ദൂരീകരിച്ചില്ലെങ്കിൽ കുടിവെള്ളത്തെ പോലും വിശ്വസിക്കാൻ കഴിയാതെ ആധിയിൽ കഴിയേണ്ടിവരും ഒരിക്കൽ വിഷമഴയേറ്റ ഈ പാവം മനുഷ്യർക്ക്.

വിഷം തളിക്കുമ്പോൾ ജനങ്ങൾക്ക് മാറി നിൽക്കാമായിരുന്നില്ലേ എന്ന് ചോദിച്ചുകൊണ്ട് 2013ൽ ഒരു കമ്മീഷൻ കാസർഗോഡ് വന്നു. ഇരകൾക്കുവേണ്ടി ഒരു ട്രൈബ്യൂണലിന്റെ സാധ്യത പഠിക്കാനായിരുന്നു സർക്കാർ റിട്ട.ജസ്റ്റിസ് രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ കമ്മീഷനെ നിയമിച്ചത്. ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പോലും അട്ടിമറിക്കാൻ ഉതകുന്ന തരത്തിൽ റിപ്പോർട്ട് നൽകിയ കമ്മീഷനെ ജനങ്ങൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയാൻ സർക്കാറും തയ്യാറാകണം.

കാസർഗോട്ടെ മണ്ണിനേയും ജലത്തേയും വായുവിനേയും വിഷലിപ്തമാക്കിയതിന്റെ ഉത്തരവാദികൾ സർക്കാർ തന്നെയാണ്. ഇടതുവലതു സർക്കാരുകളിലെ കെ.ആർ.ഗൗരിയമ്മയും കൃഷ്ണൻ കണിയാമ്പറിലും മുല്ലക്കര രത്നാകരനും ചുമതലയുണ്ടായിരുന്ന കൃഷിവകുപ്പാണ് 20 കൊല്ലം ജനങ്ങളുടെ തലക്കുമുകളിൽ കൂടി വിഷം കോരി ഒഴിച്ചത്. വിഷമഴയുടെ കെടുതികൾ അറിയാതെയായിരുന്നില്ല മനാദണ്ഡങ്ങൾ പാലിക്കാതെ വിഷം തളിച്ചത്. ശ്രീപദ്രെയും ഡോ. വൈ.എസ്.മോഹൻകുമാറും ഡോ.ശ്രീപതി കാഞ്ചൻപാടിയുമൊക്കെ തെളിവു സഹിതം ഭരണകൂടത്തെ ബോധ്യപ്പെടുത്തിയതാണ് ദുരന്തത്തിന്റെ ഭീകരത. പല ലോകരാജ്യങ്ങളും ആ കാലഘട്ടത്തിൽ എൻഡോസൾഫാൻ അവരുടെ രാജ്യങ്ങളിൽ നിരോധിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും ആർക്കുവേണ്ടിയാണ് ഇത്രയും ക്രൂരത ചെയ്തത്. വിഷമഴ നിലച്ചുകഴിഞ്ഞിട്ടും ജനിതകതകരാറുമായി പുതിയ തലമുറ ജനിക്കുമ്പോഴെങ്കിലും തങ്ങൾ ചെയ്ത പാതകത്തിന്റെ ഉത്തരവാദിത്തം ഭരണകൂടം ഏറ്റെടുക്കേണ്ടതല്ലേ? നിസ്സംഗത പാലിക്കുന്ന ഭരണകൂടത്തെ കൊണ്ട് അവരുടെ ഉത്തരവാദിത്തം നിറവേറ്റിക്കാനുള്ള ബാധ്യത പൊതുസമൂഹത്തിനുമില്ലേ? കൺമുന്നിൽ ഒരു തലമുറ കൂടി വികൃതജന്മങ്ങളായി പിറക്കുന്നതു കാണാതെ പോകാൻ നമുക്കാവുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകാമെന്ന മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിയുടെ ഉറപ്പിനെ തുടർന്ന് ജനുവരി 28ന് സമരം അവസാനിപ്പിച്ചു.

●

പെൺപക്ഷം

**കെ.അജിത**

# എൻഡോസൾഫാൻ പീഡിതർക്ക് ഇനി എപ്പോഴാണ് നീതി ലഭിക്കുക?






**കാസർഗോഡ്** ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, കശുവണ്ടി ഫാമുകളിൽ വരുന്ന കീടങ്ങളെ നശിപ്പിക്കാനെന്ന പേരിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും തളിച്ചുകൊണ്ടിരുന്ന എൻഡോസൾഫാൻ എന്ന രാസവിഷം ആ വലിയ ഭൂപ്രദേശത്തെ ആവാസവ്യവസ്ഥയെ മുഴുവൻ തകർത്തുകൊണ്ട്, തലമുറകളായി ജനജീവിതം അന്തമില്ലാത്ത ദുരിതമാക്കി മാറ്റി. ഈ കീടനാശിനി പ്രയോഗത്തിന്റെ അതിമാരകമായ അനന്തരഫലങ്ങളെക്കുറിച്ച് യാതൊരുവിധ ധാരണയുമില്ലാതെ, വർഷങ്ങളോളം ഒരു ജനതയെ ഈ രാസയുദ്ധത്തിന് വിധേയരാക്കിയെന്ന കുറ്റത്തിൽ നിന്ന് മാറിമാറി കേരളം ഭരിച്ച സർക്കാറുകൾക്കോ, PCK എന്ന പേരിൽ അറിയപ്പെടുന്ന കമ്പനിക്കോ ഒരിക്കലും രക്ഷപ്പെടാൻ സാദ്ധ്യമല്ല. 160 ഓളം രാജ്യങ്ങളിൽ നിരോധിച്ച ഈ വിഷം കിണറുകളുള്ളിടങ്ങളിലോ സ്കൂളുകൾക്ക് പരിസരത്തോ തളിക്കാൻ പാടില്ല എന്ന പ്രത്യേക നിബന്ധന ഉണ്ടായിട്ടും യാതൊരു വകതിരിവുമില്ലാതെ ഈ മരുന്ന് തളിച്ചുകൊണ്ടിരുന്ന കമ്പനിയുടേയും അതിനനുമതി കൊടുത്ത സർക്കാറുകളുടേയും ക്രിമിനൽ നിരുത്തരവാദിത്വത്തിന് കാലം ഒരിക്കലും മാപ്പുനൽകാനിടയില്ല.

2001ൽ പ്രതിഷേധങ്ങൾ മൂലം ഇതിന്റെ തളിക്കൽ നിർത്തിയെങ്കിലും, കമ്പനി എസ്റ്റേറ്റുകളിൽ ബാരലുകളിൽ സൂക്ഷിച്ചുവെച്ച എൻഡോസൾഫാൻ ഇനിയും നശിപ്പിക്കാൻ സർക്കാറും കമ്പനിയും തയ്യാറല്ല എന്ന വസ്തുത, ഈ കുറ്റകൃത്യത്തെ അങ്ങേയറ്റം ഭയാനകമാക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളായി എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയുടെ നേതൃത്വത്തിൽ ജനിതകവൈകല്യം ബാധിച്ച് വർഷങ്ങളോളം ശയ്യാവലംബികളായി ജീവിക്കുന്ന കുഞ്ഞുങ്ങളുടെ അമ്മമാർ കാസർഗോഡ് സമരം ചെയ്തുകൊണ്ടിരുന്നു. സർക്കാർ പലവിധ വാഗ്ദനങ്ങൾ നൽകിയെങ്കിലും ഒന്നുപോലും നടപ്പിലാക്കിയില്ല. ഇക്കഴിഞ്ഞ ജനുവരി 26-ാംനു അങ്ങനെ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ അമ്മമാരും കുഞ്ഞുങ്ങളും കഞ്ഞിവെപ്പുസമരം നടത്തി. ഗത്യന്തരമില്ലാതെ സർക്കാർ വീണ്ടും വാഗ്ദാനങ്ങളും ഉറപ്പുകളും നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഈ തിരഞ്ഞെടുപ്പ് വേളയിലെങ്കിലും സർക്കാർ കാട്ടുമോ? നമുക്ക് കാത്തിരുന്നു കാണാം. ●



# വാസ്തവം



ഡോ.ജാൻസി ജോസ്

**പ്രേമിച്ചതിന്റെ** പേരിൽ ദളിത്യുവതിക്ക് ലഭിച്ച ശിക്ഷ കേരളം എങ്ങനെ നോക്കിക്കണ്ടിരിക്കും? 'പത്തുപേർ ചേർന്ന് ആ, പെൺകുട്ടിയെ ബലാത്സംഗം ചെയ്യുക. പഞ്ചായത്തിന്റെ ഈ വിധിയോട് കേരളം എങ്ങനെ പ്രതികരിച്ചു? നിയമത്തിന്റെ വഴിയേ മാത്രം പോകാനാഗ്രഹിക്കുന്ന കേരളീയർ ഇത്തരം വിധികൾക്ക് നിയമസാധുതയുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിച്ചിരിക്കുമോ? നിയമം ഏതുവഴിക്കു പോയാലും അതിന്റെ പിന്നാലെ രാഷ്ട്രീയ, സാമ്പത്തിക അകമ്പടിയോടെ മാത്രം അനുഗമിക്കുന്ന നമ്മുടെ ആളുകൾ ഒരു നിയമത്തേയും ഭയക്കുന്നവരല്ലല്ലോ. എത്ര പെൺകുട്ടികളെ പീഡിപ്പിച്ചാലും സ്വാധീനമുള്ളവരേയും ഇല്ലാത്തവരേയുമെല്ലാം കോടതി വെറുതെ വിടും എന്നറിയാവുന്നതുകൊണ്ട് ചങ്കൂറ്റത്തോടെ തലയുയർത്തി വീണ്ടും വീണ്ടും പെൺകുട്ടികളെ പീഡിപ്പിക്കുകയാണ്.

ടി.പി.കൊലക്കേസിലെ പ്രതികളെ സംരക്ഷിക്കാൻ പാർട്ടി കാണിക്കുന്ന ആവേശം കൊലപാതക രാഷ്ട്രീയമില്ലാതാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ! എത്ര പണവും സ്വാധീനവും ഉപയോഗിച്ചു ഇതുവരെ? എത്ര ഉപയോഗിക്കും? ഇതൊന്നും എനിക്കറിയാവുന്ന കാര്യങ്ങളല്ല. ജനങ്ങൾ മനസ്സിൽ വിധിയെഴുതാതിരിക്കാൻ ശ്രമിക്കേണ്ടത് അത്യാവശ്യമാണെന്നേ പറയാനുള്ളൂ.

കസ്തൂരി രംഗൻ റിപ്പോർട്ട് ജനങ്ങളുടെ മാനസികനില തന്നെ തെറ്റിച്ചിരിക്കുന്ന ഈ സമയത്ത് അവരെ സുരക്ഷിത സ്ഥാനത്തെത്തിച്ച് അവർക്ക് സംരക്ഷണം കൊടുക്കുവാൻ ആരെങ്കിലും മുന്നോട്ട് വന്നുവെങ്കിൽ എത്ര നന്നായിരുന്നു. അവരുടെ ആശങ്ക ഒഴിവാക്കാനും റിപ്പോർട്ട് പഠിച്ച് പരിഹാരം കാണാനും ആരുണ്ട്? ഞാൻ കാണുന്ന ഒരു ചെറിയ പോംവഴി ഇതാണ്. ഓരോ കുടുംബത്തിനും നഗരത്തിൽ ഫ്ളാറ്റ് കൊടുക്കുക. കുടുംബത്തിൽ രണ്ടുപേർക്കു വീതം സർക്കാർ തൊഴിൽ കൊടുക്കുക. ഈ പ്രശ്നങ്ങളുടെയൊക്കെ കൂടെ നിൽക്കാൻ കഴിഞ്ഞാൽ അടുത്ത തവണയും ചക്കരക്കുടത്തിൽ കയ്യിട്ടു വാരാം. അല്ലെങ്കിൽ കയ്യിട്ടു വാരാൻ പരിചയമില്ലാത്തവരെ ജനങ്ങൾ സ്വാഗതം ചെയ്തേക്കും.

●

ജനുവരി ലക്കം സംഘടിതയിൽ, മേധാപട്ക്കറുടെ പ്രഭാഷണത്തിലെ സ്ത്രീ ശാക്തീകരണത്തിന്റെ മുദ്രാവാക്യം ജബ് ജബ് മഹിളാ ലട്തി ഹെ, അന്യായ് കി **'നീവ്'** എന്ന് തിരുത്തി വായിക്കുക.

അതേ ലക്കത്തിലെ പാലമില്ലാത്ത പുഴ എന്ന കഥ മാനസിയുടേതാണ്. കഥാകാരിയുടെ പേര് ചേർക്കാൻ വിട്ടു പോയി.

തെറ്റുകൾ പറ്റിയതിൽ സംഘടിത നിർവ്യാജം ഖേദിക്കുന്നു.


നാടകം

**ശോഭിത ജോയ്**

# ഭൂമിയിലേക്ക് വഴുതി വീണ ഒരു പെണ്ണ്

**സമകാലിക** സാമൂഹിക ജീവിതപരിസരത്തിൽ സ്ത്രീയുടെ പദവി എന്താണെന്നും അതിന്റെ പരിമിതകൾ എന്തെല്ലാമാണെന്നും അവയെ എങ്ങനെ പരിഹരിക്കാമെന്നും പുരോഗമനവാദികളും സ്ത്രീപക്ഷവാദികളും തങ്ങളുടെ നിലപാടുകളിലൂടെ വ്യക്തമാക്കിക്കൊണ്ടിരുന്നു. സ്ത്രീക്ക് തൊഴിൽ വേണം, വിദ്യാഭ്യാസം വേണം, സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുണ്ടാവണം. അവളുടെ സ്വത്വം സമൂഹം അംഗീകരിക്കണം എന്നിങ്ങനെ ഒട്ടേറെ ഉപാധികൾ ഉയർന്ന പദവിയുടെ നിർണ്ണായക ഘടകങ്ങളായി ഉയർത്തിക്കാടുന്നു. മേൽപ്പറഞ്ഞതെല്ലാം യാഥാർത്ഥ്യമാണെന്ന് അംഗീകരിക്കുകയും അതിനു വേണ്ടി വാദിക്കുകയും അത് തന്റെ ജീവിത ദർശനവും നാടകദർശനവുമായി പ്രഖ്യാപിക്കുകയും ചെയ്ത നാടകകൃത്താണ് കെ.ടി.മുഹമ്മദ്.

അരനൂറ്റാണ്ടിനപ്പുറം സ്ത്രീ സ്വാതന്ത്ര്യത്തേയും സ്ത്രീയുടെ പദവിയേയും മുൻനിർത്തി രചിച്ച അദ്ദേഹത്തിന്റെ നാടകങ്ങൾ ഇന്നും പ്രസക്തമായി നില കൊള്ളുന്നു. ഈ യാഥാർത്ഥ്യം വർത്തമാനകാലത്തും ശക്തമായിരിക്കുന്നു.



പുരുഷാധിപത്യവ്യവസ്ഥ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ സ്ത്രീയുടെ പദവി എന്നും രണ്ടാംതരമാവും എന്ന കാര്യത്തിൽ തർക്കമില്ല. ഏത് ജാതി, മതവിഭാഗങ്ങളിലായാലും ഈ അവസ്ഥക്ക് വലിയ മറ്റമൊന്നുമില്ല. നൂറ്റാണ്ടുകളായി സ്ത്രീ അനുഭവിച്ചു വരുന്ന വിധേയത്വം അഥവാ അടിച്ചമർത്തൽ ഇസ്ലാം മതത്തിൽ ശക്തമായിരുന്നു. ഇന്നും അതു തുടരുകയും ചെയ്യുന്നു. മതത്തിന്റെ പേരിൽ മതാധ്യക്ഷന്മാർ അനുശാസിക്കുന്ന ചട്ടങ്ങളും നിയമങ്ങളും ആചാരങ്ങളും ലംഘിക്കുവാൻ മുസ്ലിം സമൂഹത്തിനു പൊതുവെയും അതിലെ സ്ത്രീകൾക്കു പ്രത്യേകിച്ചും കഴിഞ്ഞിരുന്നില്ല. മറ്റു ചില മതങ്ങളിൽ ഈ അവസ്ഥയെ ചോദ്യം ചെയ്യാൻ തയ്യാറായവർ ഉണ്ടായി. അവരിൽ ചിലർ കുടുമ മുറിച്ചും പൂണൂൽ പൊട്ടിച്ചും മിശ്രഭോജനം നടത്തിയും മതത്തിന്റെ അർത്ഥശൂന്യമായ ആചാരങ്ങൾക്കെതിരെ പോരാടി. ഇ.എം.എസ്സും വി.ടി ഭട്ടതിരിപ്പാടും എം.ആർ.ബിയും ഈ അർത്ഥത്തിൽ കെ.ടിക്ക് മുമ്പേ പോയവരായിരുന്നു. അവരൊക്കെ സ്വന്തം രചനകളിലൂടേയും പ്രക്ഷോഭ പ്രവർത്തനങ്ങളിലൂടേയും സമൂഹത്തിൽ മാറ്റത്തിന്റെ അലകൾ സൃഷ്ടിക്കുകയായിരുന്നു. മറ്റു നവോത്ഥാന നായകന്മാരെപ്പോലെ കെ.ടിയും നാടകരചനയിലൂടെ പ്രതിഷേധത്തിന്റെ ഊക്കൻ കല്ലുകൾ സമൂഹമധ്യത്തിലേക്ക് എറിഞ്ഞുകൊണ്ട് മുസ്ലിം സമുദായത്തിൽ ഒരു സാംസ്കാരിക നവോത്ഥാനത്തിനു തുടക്കം കുറിക്കുകയായിരുന്നു. മതത്തിന്റെ ചങ്ങലക്കെട്ടുകൾക്കുള്ളിൽ വീർപ്പുമുട്ടിപ്പിടയുന്ന സ്വസഹോദരങ്ങളെ അതിൽ നിന്നും മോചിപ്പിക്കുകയെന്നതായിരുന്നു കെ.ടി.യുടെ

ജീവിതലക്ഷ്യം. ഈ ലക്ഷ്യം സാധിച്ചത് 'ഇത് ഭൂമിയാണ്' എന്ന നാടകത്തിലൂടെ ആയിരുന്നുവെന്നു പറയാം.

അശരണയായ ഒരു പെൺകുട്ടിയെ രക്ഷിക്കാൻ സമ്മതിക്കാത്ത മതത്തിന്റെ ശാഠ്യത്തിനും കാഴ്ചപ്പാടിനുമെതിരെ ശബ്ദിച്ച ഖാലിദിന്റെ ശബ്ദം ഇന്നും കേൾക്കുന്നുണ്ട്. മതപുരോഹിതരുടെ/മതമേലധ്യക്ഷമാരുടെ ഭീഷണിയെതെല്ലും കൂസാതെ അവളെ സ്വന്തം വീട്ടിൽ സംരക്ഷിച്ച് അക്ഷരാഭ്യാസം നൽകി, മതത്തിന്റെ നന്മതിന്മകളെ ബോധ്യപ്പെടുത്തിയ ഖാലിദ്, സ്വന്തം സമുദായത്തിൽ സ്ത്രീക്ക് നാടകാഭിനയം നിഷിദ്ധമാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് തന്റെ കൂടെ പാത്തേയിയെ അഭിനയിക്കാൻ പ്രാപ്തയാക്കിയത്. നാടകത്തിനുള്ളിൽ പാകപ്പെടുത്തിയ നാടകം – 'ഇത് ഭൂമിയാണ്' – കെ.ടി.യുടെ ജീവിത ദർശനത്തിന്റേയും സ്ത്രീപക്ഷ ചിന്തയുടേയും ഉത്തമ നിദർശനമാണ്. തെരുവിലേക്ക് വലിച്ചെറിയപ്പെട്ട പാത്തേയി അറിവിന്റെ ലോകത്ത് എത്തിയതോടെ തിന്മകൾ തിരിച്ചറിയാനും അതിനെതിരെ ശബ്ദിക്കാനും തയ്യാറായി. സ്ത്രീ വിദ്യാഭ്യാസത്തേയും വിമോചനത്തേയും കുറിച്ചും മാത്രമല്ല പ്രണയം, വിവാഹം, കുടുംബബന്ധങ്ങൾ, സ്ത്രീയുടെ പദവി തുടങ്ങിയവയെക്കുറിച്ചെല്ലാം ശക്തമായ സ്ത്രീപക്ഷ നിലപാടുകൾ അദ്ദേഹത്തിന്റെ രചനകളിലൂടെ പകർന്നുവെക്കുന്നുണ്ട്.

വിദ്യാഭ്യാസം വിമോചനത്തിന്റെ ചവിട്ടുപടിയാണെന്ന് കെ.ടി.വിശ്വസിച്ചു. സ്വന്തം സമുദായത്തിലെ സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്ന പുരുഷാധിപത്യ നിലപാടിനെ കെ.ടി.എക്കാലവും നിശിതമായി വിമർശിച്ചുപോന്നു.

'ഇസ്ലാം മതത്തിലെ പെണ്ണുങ്ങൾ ആണുങ്ങളുടെ അടിമകളല്ല. സ്ത്രീകൾക്ക് വിദ്യാഭ്യാസം പാടില്ലെന്ന് മതം പറഞ്ഞിട്ടില്ല. ഒരു മതിൽക്കെട്ടിനുള്ളിൽക്കിടന്ന് പെറ്റുകൂട്ടുന്ന പണി എടുക്കാൻ ഇനി നിങ്ങൾക്ക് അധികകാലം പെണ്ണുങ്ങളെ കിട്ടുകയില്ല. നിങ്ങൾ സ്ത്രീകളുടെ ബുദ്ധി മരവിപ്പിക്കുകയാണ്. അവർക്ക് വെളിച്ചം കാണിക്കാതെ വിദ്യാഭ്യാസം നൽകാതെ അവരെ നശിപ്പിക്കുകയാണ്. അതുകൊണ്ട് നശിക്കുന്നത് പെണ്ണുങ്ങൾ മാത്രമല്ല ആണുങ്ങളുമാണ്. (ഇത് ഭൂമിയാണ്)'

> സ്ത്രീക്കു സ്വാതന്ത്ര്യം വേണം അത് വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കാൻ കഴിയണം. അത് കുടുംബത്തിനുള്ളിൽ നിന്നു തന്നെ തുടങ്ങണം ഇതായിരുന്നു സ്ത്രീസ്വാതന്ത്ര്യത്തെ ക്കുറിച്ചുള്ള കെ.ടിയുടെ കാഴ്ചപ്പാട്.

സ്ത്രീക്കു സ്വാതന്ത്ര്യം വേണം അത് വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കാൻ കഴിയണം. അത് കുടുംബത്തിനുള്ളിൽ നിന്നു തന്നെ തുടങ്ങണം ഇതായിരുന്നു സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കെ.ടിയുടെ കാഴ്ചപ്പാട്. ഇന്ന് സമൂഹം ഉറക്കെ വിളിച്ചു പറയുന്ന കുടുംബത്തിനുള്ളിലെ ജനാധിപത്യമെന്ന കാഴ്ചപ്പാട് കെ.ടി അന്നേ പറഞ്ഞുവെച്ചിരുന്നു അതിന്റെ സൂചന 'ഇത് ഭൂമിയാണ്' എന്ന നാടകത്തിൽ ഉണ്ട്. വീട്ടിലെ സകലജോലികളും തീർത്ത് അല്പം വായിക്കാനിരിക്കുന്ന ഭാര്യയുടെ കൈയിൽ നിന്ന് പുസ്തകം വാങ്ങി വലിച്ചെറിഞ്ഞുകൊണ്ടാണ് അന്തർനാടകത്തിലെ ഖാലിദ് രംഗത്തെത്തിയതു തന്നെ. ഈ അന്തർനാടകത്തിലെ ഓരോ വാക്യവും സ്ത്രീകൾക്ക് സമൂഹം നൽകേണ്ട അംഗീകാരത്തെ സൂചിപ്പിക്കുന്നതാണ്.

ഫ്യൂഡൽ പൗരോഹിത്യമതം അനുശാസിക്കുന്ന പല ആചാരങ്ങളും അർത്ഥശൂന്യവും സ്ത്രീവിരുദ്ധവുമാണെന്ന് കെ.ടി തിരിച്ചറിഞ്ഞിരുന്നു.

'ഇത് ഭൂമിയാണ്, ആകാശമല്ല' എന്ന് പറഞ്ഞുകൊണ്ടാണ്. കെ.ടിയുടെ ഇതു ഭൂമിയാണ് എന്ന നാടകം ആരംഭിക്കുന്നത്. നാടകത്തിൽ 'ഭൂമിയിലേക്ക് വഴുതി വീണ ഒരു പെണ്ണ്, നോമ്പുകാലത്തൊരു പിശാച്, ഭൂമി ചുറ്റിത്തുടങ്ങി, വഴിക്കു നടക്കുകയില്ല. കയിച്ചിട്ടു തുപ്പാൻ വയ്യ, ഭൂമിയുടെ നിറം, നരകത്തിന്റെ അടിത്തട്ടിലേക്ക് നാടകം തുടങ്ങുന്നു, ഇത് ഭൂമിയാണ്' എന്നിങ്ങനെ അർത്ഥഗർഭങ്ങളായ ശീർഷകങ്ങൾ ചാർത്തിയിട്ടുള്ള 9 രംഗങ്ങളാണ് ഈ നാടകത്തിലുള്ളത്. മുസ്ലിം സമുദായത്തിന്റെ സിരകളെ ഗ്രസിച്ചിരിക്കുന്ന സാമൂഹികാനാചാരങ്ങളേയും വിലക്ഷണതകളേയും തുടച്ചുമാറ്റി അവരെ പുരോഗതിയിലേക്ക് നയിച്ച് കാലത്തിനൊപ്പം ജീവിക്കുന്നവരാക്കി മാറ്റുകയായിരുന്നു കെ.ടി.യുടെ ഉദ്ദേശ്യം. മനുഷ്യജീവിതം സുഗമമാക്കുന്നതിനുവേണ്ടിയാണ് മതങ്ങൾ ഉണ്ടായിരിക്കുന്നതെങ്കിലും ഇന്നത്തെ സാഹചര്യം അതിനു വിപരീതമാണ് എന്നുറച്ചു വിശ്വസിച്ചിരുന്നു. കെ.ടി. 'ദൈവം സർവ്വശക്തനാണ്, ദൈവത്തിന്റെ രക്ഷ അവൻ മനുഷ്യന്റെ കയ്യിൽ

ശേഷം പേജ് 53 ൽ

സിനിമ

**രമ്യ.സി.എം**




1950 കളുടെ തുടക്കം ഇന്ത്യൻ സിനിമ പൊതുവിൽ ഒരു ബോധനവീകരണത്തിലൂടെ കടന്നു പോയതായും ലോക ക്ലാസിക് സിനിമയുമായുള്ള പരിചയം പഴയ ജനപ്രിയ സംവിധാകർക്ക് മാറി ചിന്തിക്കാൻ പ്രേരണയായതായും, പുതിയ സംവിധായകരും സംവേദന ക്ഷമതയും കടന്നു വന്നതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്.

# സിനിമ ഒരു സങ്കരകല

**സിനിമ** ഒരു സങ്കരകലയാണ്. ചിത്രകല, ശിൽപകല, വാസ്തുവിദ്യ, നൃത്തം, സംഗീതം, അഭിനയം എന്നിങ്ങനെ എല്ലാ മാധ്യമങ്ങളേയും ഉൾക്കൊള്ളാൻ കഴിയുന്നു എന്നതാണ് സിനിമയുടെ പ്രത്യേകത. ശബ്ദം എന്നതുപോലെ ശബ്ദമില്ലായ്മയും, പ്രതീകവും, ബിംബങ്ങളും അർത്ഥോൽപ്പാദനത്തിന് സഹായിക്കുന്നു. സാഹിത്യത്തിൽ ഭാഷ കൊണ്ടാണ് പ്രതീകങ്ങളെ സൃഷ്ടിക്കുന്നതെങ്കിൽ സിനിമയിൽ ദൃശ്യപരത കൊണ്ടാണ് അർത്ഥം സാധ്യമാക്കുന്നത്. സംഭാഷണത്തിലൂടെ ഫലിപ്പിക്കാൻ കഴിയാത്ത വസ്തുതകളെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നതോടെ ആശയസംവേദനം അയവുള്ളതാകുന്നു. ഭാഷണം കൊണ്ടും ദൃശ്യം കൊണ്ടും അർത്ഥോൽപ്പാദനം നടത്താൻ കഴിയുന്നതുകൊണ്ടു തന്നെ മറ്റൊരു മാധ്യമത്തിനും വരിക്കാൻ കഴിയാത്ത വിജയം സിനിമ നേടി.

മലയാള സിനിമയുടെ ചരിത്രം ആരംഭിക്കുന്നത് ജെ.സി. ഡാനിയലിന്റെ വിഗതകുമാരൻ വരുന്നതോടെയാണ്. അതിനുശേഷം മാർത്താണ്ഡവർമ്മ, ജീവിതനൗക, ജ്ഞാനാംബിക തുടങ്ങിയ നിരവധി ചിത്രങ്ങൾ പുറത്തുവന്നെങ്കിലും അവ സ്ഥിരം ഫോർമുലയിൽ ഉള്ളവയായിരുന്നു. 1950 കളുടെ തുടക്കം ഇന്ത്യൻ സിനിമ പൊതുവിൽ ഒരു ബോധനവീകരണത്തിലൂടെ കടന്നു പോയ



തായും ലോക ക്ലാസിക് സിനിമ യുമായുള്ള പരിചയം പഴയ ജന പ്രിയ സംവിധായകർക്ക് മാറി ചിന്തിക്കാൻ പ്രേരണയായ തായും, പുതിയ സംവിധായകരും സംവേദന ക്ഷമതയും കടന്നു വന്നതായും വിലയിരുത്തപ്പെട്ടി ട്ടുണ്ട്. മലയാളത്തിലും അതിന്റെ അലകളെത്തി. പാശ്ചാത്യ സാഹി ത്യവുമായുള്ള പരിചയവും പുരോഗമന സാഹിത്യപ്രസ്ഥാന ത്തിന്റെ ഉദയവും സാമൂഹികവും രാഷ്ട്രീയവുമായ മാറ്റങ്ങളും സമ രങ്ങളുമൊക്കെ നമ്മുടെ സാഹി ത്യത്തിലും ഗതി മാറ്റമുണ്ടാക്കി. ബഷീറും തകഴിയും എസ്. കെ. പൊറ്റക്കാടും ഉറൂബും ലളിതാം ബിക അന്തർജ്ജനവും ദേവും

വളർത്തുകയും പിന്നീട് കുഞ്ഞു ങ്ങളില്ലാതിരുന്ന ശ്രീധരൻ– നളിനി ദമ്പതികൾക്ക് കൊടുക്കുകയും ചെയ്യുന്നതോടെ ചിത്രം അവസാ നിക്കുന്നു. പറഞ്ഞു പതിഞ്ഞ കഥയാണെങ്കിലും ശ്രീധരൻ– നീലി പ്രണയം നടന്നതും വായി ക്കപ്പെടുന്നതും ജാതി വ്യവസ്ഥ യുടേയും മാനവികതയുടേയും അടിസ്ഥാനത്തിലാണ്. ആധുനിക തയുടെ സൃഷ്ടിയായ തീവണ്ടി പ്രതീകാത്മകമായി എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നും പ്രതീകം എന്ന നിലയിൽ നിന്ന് രൂപം എന്ന നിലയിലേക്ക് തീവണ്ടി എങ്ങനെ മാറ്റപ്പെടുന്നു എന്നും അന്വേഷിക്കുകയാണീ പ്രബന്ധം.

രിക്കുന്ന നീലി വീർത്ത വയറിൽ പിടിച്ച് വേദനയോടെ പുളയുക യാണവൾ.

ദൂരെ നിന്നും തീവണ്ടിയുടെ ചൂളം വിളി.

കിതച്ചു പായുന്ന തീവണ്ടി യുടെ ചൂളം വിളി കേൾക്കവേ നിറവയറുമായി പാളത്തിലേക്ക് ഇഴഞ്ഞുനീങ്ങുന്ന നീലിയുടെ രംഗം ആണ് നമ്മൾ ചിത്രത്തിൽ കാണുന്നത്. ഇലക്ട്രിക് പോസ്റ്റു കളും തീവണ്ടിയും മാറിമാറി നമുക്ക് കാണാം. അക്കാലത്തെ സാമൂഹിക പുരോഗതിയുടെ പ്രതീകമായി തീവണ്ടിയും ഇല ക്ട്രിക്പോസ്റ്റും കടന്നു വരുന്നു. ആധുനികതയുടെ വാഹനമായി തീവണ്ടി ചിത്രത്തിൽ അവതരി



**യാഥാർത്ഥ്യ ബോധത്തോടെ കഥാപാത്രങ്ങളെ സൃഷ്ടിച്ച സിനിമയായിരുന്നു നീലക്കുയിൽ. അധ്യാപകനായ ശ്രീധരനും നീലിയെന്ന പുലയിപ്പെണ്ണും തമ്മിലുള്ള പ്രണയവും അവൾ ഗർഭിണിയാവുമ്പോൾ അവളെ സ്വീകരിക്കുവാൻ മടിച്ച് സ്വജാതിയി ലുള്ള നളിനി എന്ന പെൺകുട്ടിയെ വിവാഹം കഴിക്കുകയും ചെയ്യുന്നു.**

ഒക്കെ സൃഷ്ടിച്ച പുതുബോധം പതുക്കെ സിനിമയിലേക്കും കടന്നു വന്നു. അങ്ങനെ നിലവി ലിരുന്ന ചലച്ചിത്രപ്രവണതകളെ ഉപേക്ഷിച്ച് ഭാവുകത്വപരമായ പരിണാമത്തിന് വഴി തെളിച്ച ചല ച്ചിത്രമാണ് നീലക്കുയിൽ.

യാഥാർത്ഥ്യ ബോധത്തോടെ കഥാപാത്രങ്ങളെ സൃഷ്ടിച്ച സിനിമയായിരുന്നു നീലക്കുയിൽ. അധ്യാപകനായ ശ്രീധരൻ നീലി യെന്ന പുലയിപ്പെണ്ണിനെ പ്രണ യിക്കുകയും അവൾ ഗർഭിണിയാ യപ്പോൾ അവളെ സ്വീകരിക്കു വാൻ മടിച്ച് സ്വജാതിയിലുള്ള നളിനി എന്ന പെൺകുട്ടിയെ വിവാഹം കഴിക്കുകയും ചെയ്യു ന്നു. ഊരുവിലക്കപ്പെട്ട നീലി മരി ക്കുന്നു. അവളുടെ കുഞ്ഞിനെ ശങ്കരൻനായർ എടുത്തു

ലൂമിയർ സഹോദരന്മാർ ആദ്യമായി പാരീസ്സിൽ നടത്തിയ നിശ്ചലപ്രദർശനത്തിൽ തീവണ്ടി യുടെ ചലനം ഉണ്ടായിരുന്നു. തീവണ്ടിയുടെ ചലനം കണ്ട് പരി ഭ്രാന്തിയോടെ ജനം തിയേറ്റർ വിട്ട് ഓടി. ഇന്ന് തീവണ്ടി ദൈനം ദിന ജീവിതത്തിന്റെ ഭാഗമായി. എന്നാൽ ആദ്യകാലങ്ങളിൽ തീവണ്ടിയെ ഭയത്തോടെയാണ് ജനം വീക്ഷിച്ചിരുന്നത്. സാങ്കേ തിക പുരോഗതിയുടെ ഭാഗമായി ആധുനികതയുടെ ചിഹ്നമായി പിന്നീട് പല ചിത്രങ്ങളിലും തീ വണ്ടി ഉപയോഗിക്കപ്പെട്ടു.

നീലക്കുയിലിൽ തീവണ്ടി യുടെ ദൃശ്യം വരുന്നതുതന്നെ ഭയത്തിന്റെ പ്രതീകമായാണ്.

**സീൻ–3 പകൽ**

വഴിയരികിൽ കല്ലിൻ പുറത്തി

പ്പിക്കപ്പെടുന്നു.

സാങ്കേതിക പുരോഗതിയുടെ അടയാളമായി തീവണ്ടി പല ചിത്രങ്ങളിലും കടന്നു വരുന്നു. 'പഥേർപാഞ്ചാലി'യിലെ ട്രെയിൻ ദൃശ്യം ഉദാഹരണം. തീവണ്ടി അത്ര പരിചിതമില്ലാതിരുന്ന സമൂ ഹത്തിനെ സംബന്ധിച്ചിടത്തോളം ആശങ്കയുടെയും, പേടിയുടെയും, അതിശയത്തിന്റെയും ആകെ തുകയായിരുന്നു തീവണ്ടി. നീല ക്കുയിൽ എന്ന ചിത്രത്തിൽ ആധു നികതയുടെ സൃഷ്ടിയാണ് തീവണ്ടി. ആധുനികത എന്നാൽ പ്രത്യക്ഷമായ ആധുനികത.

ആധുനികതയെ രണ്ടായി തിരി ക്കാം. പ്രത്യക്ഷമായ ആധുനീക രണം/ആന്തരികമായ ആധുനീകര ണം. പ്രത്യക്ഷമായ ആധുനികത നാട്ടിൽ സംഭവിക്കുന്ന സാങ്കേതി

കമായ പുരോഗതി, ഇലക്ട്രിസിറ്റി, ബസ് അങ്ങനെ നാടിന്റെ ആകമാനമുള്ള പുരോഗതിയാണ്. എന്നാൽ ആന്തരികമായ ആധുനീകരണം മനുഷ്യമനസ്സിൽ നടക്കുന്ന പ്രക്രിയയാണ്. ഇത് കാണാൻ കഴിയുന്നതല്ല. ഈ പ്രത്യക്ഷ/ആന്തരിക ആധുനീകരണത്തിന്റെ ഇടമായി തീവണ്ടിയും പാളവും മാറുന്നു. ആധുനികതയുടെ മൂല്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുന്ന ധൈര്യത്തിലാണ് നീലി ശ്രീധരൻ നായരെ സ്നേഹിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ അയാൾ നേടിയ സമത്വ സങ്കൽപ്പം, വർണ്ണത്തിനതീതമായി മനുഷ്യനെ സ്നേഹിക്കാനുള്ള മനസ്സ് എല്ലാം ശ്രീധരൻ നേടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. ഈ നവോത്ഥാന ചിന്തയിലൂടെയാണ് അയാൾ നീലിയെ സ്നേഹിക്കുന്നതും. എന്നാൽ ആന്തരികമായ ആധുനീകരണം അയാൾക്ക് സംഭവിക്കുന്നില്ല. രണ്ട് പേരാണ് ചിത്രത്തിൽ ആന്തരികമായി ആധുനീകരിക്കപ്പെടുന്നത്. ഒന്ന നീലിയും മറ്റൊന്ന് ശങ്കരൻ നായരും. എന്നാൽ ഇവർ രണ്ടും ഒരു പോലെ രക്തസാക്ഷികളാണ്. ശ്രീധരന് ആന്തരികമായ ആധുനീകരണം സംഭവിക്കുന്നതിന് നീലി മരിച്ച രക്ത സാക്ഷിയും ശങ്കരൻനായർ ജീവിച്ചിരിക്കുന്ന രക്തസാക്ഷിയും ആണ്.

ഫ്യൂഡലിസത്തിന്റെ അന്ത്യത്തിനും മാനവികതയുടെ ഉദയത്തിനും ഒരു പോലെ പാളം വേദിയാകുന്നു. നീലിയുടെ മരണവും മോഹനന്റെ ജനനവും നടക്കുന്നത് പാളത്തിൽ വെച്ചാണ്. ആധുനികതയുടെ വരവോടെ ജാതിചിന്ത ഇല്ലാതായി തീരുകയും മാനവികത ഉണരുകയും ചെയ്യുന്നു. ഫ്യൂഡലിസ്റ്റ് മനോഭാവം പുലർത്തുന്നതു കൊണ്ടു തന്നെ ശ്രീധരനും കൂട്ടരും നീലിയുടെ ചോരക്കുഞ്ഞിനെ നോക്കി നിൽക്കുന്നു. എന്നാൽ തന്റെ സമൂഹത്തിനു നേരെ കൂരമ്പുകൾ

ആധുനികതയുടെ മൂല്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുന്ന ധൈര്യത്തിലാണ് നീലി ശ്രീധരൻ നായരെ സ്നേഹിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ അയാൾ നേടിയ സമത്വ സങ്കൽപ്പം, വർണ്ണത്തിനതീതമായി മനുഷ്യനെ സ്നേഹിക്കാനുള്ള മനസ്സ് എല്ലാം ശ്രീധരൻ നേടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

തൊടുത്തു വിട്ടുകൊണ്ട് ഈ പുലയക്കുഞ്ഞും രാജ്യത്തിനവകാശിയാണെന്ന് പറഞ്ഞ് അവനെ ശങ്കരൻനായർ വളർത്തുന്നുണ്ട്. സവർണ്ണതയുടെ ബലിയാടാണ് നീലി. എന്നാൽ അവളുടെ കുഞ്ഞിനെ ശങ്കരൻ നായർ എടുക്കുന്നതോടെ നവോത്ഥാന ചിന്തയിലൂന്നിയ മാനവികതാസങ്കൽപ്പം ഉണരുന്നു. (മോഹനനെ മാനവിക മൂല്യത്തിന്റെ സൃഷ്ടിയായി സങ്കൽപ്പിക്കാം). ഒരേ സമയം പാളം ജനനത്തിനും മരണത്തിനും വേദിയാവുന്നതിലൂടെ ആധുനികതയോടുള്ള എഴുത്തുകാരന്റെ സംശയദൃഷ്ടിയാണ് ഇവിടെ നിഴലിക്കുന്നത്. ആധുനികമൂല്യങ്ങൾ ഉണരുന്നതോടൊപ്പം അസ്തമിക്കുമോ എന്ന ആശങ്ക എഴുത്തുകാരൻ പങ്കുവെയ്ക്കുന്നു.

ഉത്തരാധുനികതയുടെ വരവോടെയാണ് കീഴാളത, സ്ത്രീ, പ്രകൃതി എന്നിവ പഠിക്കപ്പെടുന്നത്. ഇവിടെ സ്ത്രീയുടെ ആശ്രയകേന്ദ്രമായി പാളം മാറുന്നത് ഈ സങ്കൽപ്പത്തിലാണ്. ആധുനികതയുടെ മൂല്യങ്ങളിലാണ് സ്ത്രീക്ക് ഇനി ആശ്രയം. നീലി എന്നത് വെറുമൊരു സ്ത്രീയല്ല. അവളൊരു കീഴാള സ്ത്രീയാണെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. എല്ലാത്തരത്തിലുള്ള അപമാനത്തിൽ നിന്നും നീലിയെ രക്ഷിക്കുന്നത് പാളമാണ്.

പിതൃത്വം എന്ന സങ്കൽപ്പത്തെ ഊട്ടി ഉറപ്പിക്കുന്നതും പാളത്തിൽ വെച്ചാണ്. നീലി പ്രസവിക്കുന്ന ചോരക്കുഞ്ഞായ മോഹനനെ എടുക്കാൻ ശ്രീധരൻ തയ്യാറാകുന്നില്ല. അന്ന് അയാളെ നിയന്ത്രിച്ചിരുന്ന മൂല്യം സവർണ്ണതയുടെതായിരുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞ് തന്റെ മകനാണ് മോഹനൻ എന്ന സത്യം നളിനിയോട് പറഞ്ഞതിനുശേഷം കാണാതാകുന്ന (വീട് വിട്ടിറങ്ങുന്ന) മോഹനനെ ശ്രീധരൻ കണ്ടെത്തുന്നതും പാളത്തിൽ വെച്ചാണ്. ആദ്യഭാഗത്ത് പ്രത്യക്ഷമായ ആധുനീകരണം നടന്ന ശ്രീധരനാണെങ്കിൽ രണ്ടാം ഭാഗത്ത് ആന്തരീകമായ ആധുനീകരണം സംഭവിച്ച ശ്രീധരനെയാണ് നാം കാണുന്നത്. പിതാവ് എന്ന നിലയിലുള്ള ശ്രീധരൻ നായരുടെ അവകാശത്തിനുമേൽ ശങ്കരൻ നായർ പകച്ചു പോകുന്നു. ശ്രീധരൻ നായരെ മഹത്വവത്ക്കരിക്കുന്നതിനുവേണ്ടി ആദ്യം നീലിയും പിന്നീട് ശങ്കരൻ നായരും ബലിയാടായി മാറുന്നു.

അലോസരപ്പെടുത്തുന്ന ഓർമ്മയുടെ പ്രതീകമായി തീവണ്ടി കടന്നു വരുന്നു. പശ്ചാത്താപത്തിൽ നീറുന്ന ശ്രീധരൻനായർക്ക് നീലിയുടെ ഓർമ്മ അലറിക്കിതച്ചു വരുന്ന തീവണ്ടിയാണ്. രൂപം കൊണ്ടും ശബ്ദം കൊണ്ടും തീവണ്ടി സൃഷ്ടിക്കുന്ന ഭയം പിന്നീട് വന്ന പല ചിത്രങ്ങൾക്കും മാതൃകയായിട്ടുണ്ട്. ഭൂതകാലസ്മരണകളെ ഉണർത്താൻ കഴിയുന്ന പ്രതീകമായി പിന്നീട് തീവണ്ടി മാറി. ദേശീയതയുടെ പ്രതീകമായി പാളവും തീവണ്ടിയും കടന്നു വരുന്നു. ദേശത്തെയും ഭാഷയെയും മതത്തെയും ലംഘിച്ചു

കൊണ്ടാണ് തീവണ്ടി സഞ്ചരിക്കുന്നത്. ദേശീയതയിലൂന്നിയ പൗര സങ്കല്പത്തിന് അടിസ്ഥാനമായി പാളം കടന്നു വരുന്നു. നവോത്ഥാന ചിന്തയിലൂന്നിയ വിശ്വമാനവിക സങ്കല്പം ആധുനികത മുന്നോട്ട് വയ്ക്കുന്നു. ഈ വിശ്വമാനവികതയുടെ ഇടമായി പാളം അടയാളപ്പെടുത്തുന്നു.

പുരുഷന് ആവശ്യാനുസരണം ഉപയോഗിക്കാവുന്നതും മെതിച്ച് പോകാവുന്നതുമായ ഉപകരണമായി സ്ത്രീ മാറപ്പെടുന്നു. തീവണ്ടിയെ പുരുഷനായും പാളത്തെ സ്ത്രീയായും സങ്കൽപ്പിക്കുകയാണെങ്കിൽ സവർണ്ണനായ ശ്രീധരൻ നായർ കുതിച്ചുപാഞ്ഞ പാളം മാത്രമായിരുന്നു നീലി. പാളം ഒരിക്കലും സഞ്ചരിക്കുന്നില്ല. തീവണ്ടി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. ചിത്രത്തിന്റെ അവസാനം മോഹനനെ ശ്രീധരൻനായർക്ക് ലഭിക്കുന്നതോടെ അയാൾ ആധുനികതയിലെ മാനവികമൂല്യത്തെ ഊട്ടി ഉറപ്പിക്കുന്നു. ആധുനികതയിൽ സ്നാനം ചെയ്യപ്പെടുന്നതോടെ ശ്രീധരൻനായർ പുണ്യാളനായി മാറുന്നു. ശ്രീധരന്റെ മനുഷ്യത്വം അരക്കിട്ടുറപ്പിക്കുന്നത് നീലിയുടെ രക്തം കൊണ്ടാണ്.

സിനിമ എന്ന മാധ്യമത്തിനു അതിന്റേതായ യുക്തിയുണ്ട്. ഈ യുക്തിയെ നിയന്ത്രിക്കുന്നത് തീർച്ചയായും പുരുഷന്റെ കാഴ്ചപ്പാടാണ്. 'എന്തുകാണണം എന്ത് കാണരുത്' എന്ന് അവൻ തീർച്ചപ്പെടുത്തുന്നു. ചിത്രത്തിൽ നീലിയെ ഉപേക്ഷിക്കുന്ന ശ്രീധരൻനായരുടെ നെഞ്ചിലേക്ക് എഴുത്തുകാരൻ ശങ്കരൻ നായരുടെ വേഷത്തിൽ കൂരമ്പുകൾ വർഷിക്കുന്നെങ്കിലും സിനിമയുടെ അവസാനം ശ്രീധരനെ മഹത്വവൽക്കരിക്കുന്നതിലൂടെ ബോധപൂർവ്വമോ അബോധപൂർവ്വമോ സിനിമ കാത്തു സൂക്ഷിക്കുന്ന പുരുഷാധിപത്യ നിലപാട് മറനീക്കി പുറത്തു വരുന്നു. ശങ്കരൻനായരെ അവിവാഹിതനായി സിനിമയിൽ അവതരിപ്പിക്കുന്നതും ശ്രീധരൻനായർ -നളിനി ദമ്പതികൾക്ക് കുട്ടികളില്ലാതിരിക്കുന്നതും പുരുഷയുക്തിയുടെ● കപട ന്യായീകരണമാണ്.



**മിനു പ്രേം**

# ചതുരംഗം



**ചതുരംഗ**
കളിയാണിത് !
കൈകളിൽ
മുഖമാഴ്ത്തി
ഒരിക്കലും
കൂട്ടിമുട്ടാത്ത
രണ്ടു
ലോകങ്ങളിലാണ്
യാത്ര ...

നമുക്കിടയിൽ
ഒരിക്കൽ
തുടുത്ത
പ്രണയമില്ല !
മുന്നിലേക്ക്
ഒളിഞ്ഞും
തെളിഞ്ഞും
ഊടുവഴികളാണ് .

ചതിക്കുഴികളിൽ
വഴുക്കി
വീഴുമ്പോൾ
കൊയ്തെടുക്കുന്ന
ഓരോ
വിജയത്തിലും
നീ
പുഞ്ചിരിക്കുമ്പോൾ
ഓർമ്മയുടെ
പിൻവഴിയിലേക്കാണെന്റെ
നടത്തം!
എങ്കിലും
എനിക്കും
നിനക്കുമിടയിലിനി
വഴികളില്ല
കറുപ്പിലും
വെളുപ്പിലും
എനിക്കു
നീ മാത്രം.

പുനർവായന



ഡോ. മിനി പ്രസാദ്



# കണക്കു ചെയ്യാനുള്ള പുതിയ വഴികൾ

**ഒരു** സ്ത്രീ ഒരേ സമയം എത്ര റോളു കളിലാണ് ആടിത്തീർക്കേണ്ടത്?

**ഒരു** സ്ത്രീ ഒരേ സമയം എത്ര റോളുകളിലാണ് ആടിത്തീർക്കേണ്ടത്? അമ്മ എന്ന വലിയ പദവി, ഭാര്യ എന്ന ബഹുമതി, വീട്ടുകാരി എന്ന ബഹുമാനത്തിൽ പുതഞ്ഞുപോവുന്ന അടുക്കളക്കാരി എന്ന ജോലി. അതിനനുബന്ധമായി അലക്ക്, തുടപ്പ്, തേപ്പ് ഇങ്ങനെ ചുമതലകളും ഭാരങ്ങളും വർദ്ധിക്കുന്നു. തുന്നൽക്കാരിയും മക്കളുടെ ട്യൂഷൻ ടീച്ചറുമായി വേഷമിടുന്നവൾ ഒരു ഉദ്യോഗസ്ഥയും കൂടി ആയാലോ. ഇരട്ട ജോലിഭാരം താങ്ങുന്ന അവൾക്ക് ആരും തിരിച്ച് താങ്ങാവുന്നില്ല. വീടിനും ഓഫീസിനും ഇടയിൽ ഓടിത്തളരുന്ന അവൾ അവളെത്തന്നെ മറന്നുപോവുന്നു. ഇതൊരു സാമാന്യമായ സത്യമാണ്. പിതൃ ആധിപത്യനീതികൾ കാര്യങ്ങൾ തീരുമാനിച്ചുറപ്പിക്കുന്ന നമ്മുടെ സാമൂഹ്യാവസ്ഥയിൽ സ്ത്രീയെന്ന രണ്ടാംകിട പൗരയുടെ ദൈനംദിന കർത്തവ്യങ്ങളിൽ വീടും ജോലിയും ഒക്കെ ഉൾപ്പെടുന്നു. ഇതൊക്കെ ഒരുപാട് പറഞ്ഞു കഴിഞ്ഞ കാര്യങ്ങളല്ലേ എന്നൊരു നെറ്റി ചുളിക്കൽ ഇവിടെ സ്വഭാവികം. അതേ എന്ന ഉത്തരത്തോടെ ഈ പ്രമേയം അപൂർവ്വ തീക്ഷ്ണതയോടെ കൈകാര്യം ചെയ്യുന്ന ഗ്രേസിയുടെ 'ഭിന്നസംഖ്യ' എന്ന കഥയെ സമീപിക്കുകയാണ്.

ഗ്രേസിയുടെ അനേകം കഥകളിലെന്ന പോലെ ഇതിലും നായികക്ക് പേരില്ല. അവൾ മൂന്നുദിവസമായി സഹിക്കുന്ന പനിയുടെ അവസാനമാണ് കഥയാരംഭിക്കുന്നത്. ഓഫീസിൽ നിന്ന് തിരികെ വരുമ്പോൾ എവിടെയെങ്കിലും ഒന്നു ചുരുണ്ടുകൂടാനുള്ള തീവ്രമായ ആഗ്രഹമുണ്ടവൾക്ക്. ഭർത്താവിന് വന്നു കയറുമ്പോൾ ആദ്യം വേണ്ടത് ചായയാണ്. അന്നൊരു ദിവസം ആ ജോലി അയാൾക്കേല്പിച്ചു കൊടുക്കുന്നു. അത്തരം ഒരു ചുമതല ഏറ്റെടുക്കുന്നതിലുള്ള പ്രതിഷേധം പിറുപിറുപ്പിലൊതുക്കിക്കൊണ്ട് അയാൾ അടുക്കളയിലേക്ക് പോവുന്നു. പിന്നെ ഏറെനേരം കഴിഞ്ഞ് ചായ എന്ന പേരിലൊരു ദ്രാവകം അവൾക്ക് കൊണ്ടുവന്നുകൊടുക്കുന്നു. പനിയുടെ കാഠിന്യത്തിൽ വായയുടെ രുചിയില്ലായ്മയിൽ ആ ചായ അവൾ ഛർദ്ദിക്കുന്നു. തനിക്കു നേരെയുള്ളൊരു വെല്ലുവിളിയായിട്ടാണ് ആ പ്രവർത്തി അയാൾക്കനുഭവപ്പെടുന്നത്. കടുത്ത അസംതൃപ്തി നിറഞ്ഞ ഒരു തുറിച്ചുനോട്ടത്തിലൂടെ അയാളത് വെളിപ്പെടുത്തുന്നു. പ്രതിഷേധത്തിന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ ഭാഷയേ ആവശ്യമില്ലല്ലോ. അവളെന്താണ് ഇങ്ങനെ കിടക്കുന്നത് എന്നൊരന്വേഷണമോ പതിവില്ലാത്ത അത്തര

മൊരു പ്രവൃത്തിയിലെ ഉത്ക ണ്ഠയോ ഒന്നും അയാളെ ഭരിക്കുന്നില്ല. പതിവുപോലെ പത്രം വായനയിലേക്കയാൾ പോവുന്നു. ലോകത്തിന്റെ ഗതികളിൽ ശ്രദ്ധ വെക്കേണ്ടതും മാറ്റങ്ങളറിയേണ്ടതും അയാളെ സംബന്ധിച്ച് പ്രധാനമാണ്. അതുകൊണ്ടു തന്നെ വീട്ടിലെന്തു നടന്നാലും സ്വന്തം പതിവുകൾ അയാൾക്ക് ഉപേക്ഷിക്കാനാവില്ലല്ലോ. പത്രം വായന തുടങ്ങിയാൽപ്പിന്നെ എന്തും പുരുഷന് വിസ്മരിക്കുകയുമാവാം.

രാത്രി ഭക്ഷണത്തിന് സമയമായിട്ടും ഭർത്താവിന്റെ ഭാഗത്തു നിന്ന് പ്രതികരണമൊന്നും കാണാഞ്ഞപ്പോൾ അവൾ സ്വന്തം "ശരീരം വലിച്ചിഴച്ച്" അടുക്കളയിലെത്തിക്കുകയും ഭക്ഷണമുണ്ടാക്കുകയും ചെയ്യുന്നു. സ്വന്തം കുടുംബത്തിന്റെ വിശപ്പും ആവലാതികളും അവൾക്ക് മുഖ്യമാണ്. കുടുംബനാഥനാവട്ടെ മുഖ്യമായ അനേകം പ്രശ്നങ്ങൾ തനിക്കുണ്ടെന്ന ഭാവം കൊണ്ട് ഗാർഹിക പ്രശ്നങ്ങളിൽ നിന്നു വിടുതൽ നേടുകയും ചെയ്യുന്നു. അതിൽ ആരും ഒരു തെറ്റും കാണുന്നില്ല. അവളുടെ രോഗം, അവശത, ആകുലത. ഇതൊന്നും വീട്ടുകാര്യങ്ങൾക്ക് തടസ്സമാവാനോ പാടില്ല. "ചത്തു കിടന്നാലും ഈ വീട്ടിൽ സ്വൈര്യം കിട്ടില്ല." എന്ന അവളുടെ അമർഷം മുറ്റിയ വാക്കുകൾ കാറ്റിൽ ലയിക്കുന്നു. അങ്ങനെ അനാഥമായിപ്പോവുന്ന എത്രയോ ആത്മഗതങ്ങളാണ് ഒരു സ്ത്രീ ജീവിതം പൂർണ്ണമാക്കുന്നത്. ഇക്കാലത്ത് അത്യാവശ്യം അടുക്കളപ്പണി അറിയാത്ത ആണുങ്ങളുണ്ടോ എന്ന ചോദ്യവും അനാഥമായിപ്പോവുന്നു. അത്തരം ഒരു ചോദ്യത്തോട് പ്രതികരിക്കുക എന്നത് പത്രം വായന നിർത്തി അടുക്കളയിൽ വന്ന് ഭാര്യയെ സഹായിക്കുകയാണ്. അത് സാദ്ധ്യമല്ലാത്തതിനാൽ ആ ചോദ്യം അവഗണിക്കുന്നതിലൂടെ അവളുടെ രോഗാവസ്ഥകൾ, ആകുലതകൾ എന്നിവ

"ചത്തു കിടന്നാലും ഈ വീട്ടിൽ സ്വൈര്യം കിട്ടില്ല." എന്ന അവളുടെ അമർഷം മുറ്റിയ വാക്കുകൾ കാറ്റിൽ ലയിക്കുന്നു. അങ്ങനെ അനാഥമായിപ്പോവുന്ന എത്രയോ ആത്മഗതങ്ങളാണ് ഒരു സ്ത്രീ ജീവിതം പൂർണ്ണമാക്കുന്നത്. ഇക്കാലത്ത് അത്യാവശ്യം അടുക്കളപ്പണി അറിയാത്ത ആണുങ്ങളുണ്ടോ എന്ന ചോദ്യവും അനാഥമായിപ്പോവുന്നു.

യെല്ലാം അയാൾ അവഗണിക്കുന്നു.

തനിക്ക് കണക്കു പറഞ്ഞു തരൂ എന്ന ആവശ്യവുമായി മകൾ വരുമ്പോൾ അവളുടെ പനിച്ചൂടും അമർഷവും വർദ്ധിക്കുന്നു. ചാരുകസേരയിൽ ചാരിയിരുന്ന് പത്രം വായിക്കുന്ന ഭർത്താവിനെ ചൂണ്ടിക്കൊണ്ട് കണക്കു ചെയ്യാൻ അവിടെ നിന്ന് സഹായം തേടിക്കൊള്ളാൻ മകളോട് നിർദ്ദേശിക്കുന്നു. അച്ഛൻ വെറുതേ നോക്കിയിരിക്കുകയേയുള്ളൂ ഒന്നു പറഞ്ഞുതരില്ല എന്ന മകളുടെ വാക്കുകൾ അമ്മയെ പെട്ടെന്ന് ട്യൂഷൻ ടീച്ചറാക്കുന്നു. അവൾക്ക് വെറുതെ നോക്കിയിരിക്കാനാവില്ലല്ലോ. മകളുടെ വിജയം അവളുടെ ഒരാവശ്യമാണ്. കടുത്ത തലവേദനയെ  അവഗണിച്ചുകൊണ്ട് അവൾ പറഞ്ഞുകൊടുക്കുമ്പോഴാവട്ടെ തനിക്കൊന്നും മനസ്സിലായില്ല എന്ന പല്ലവികൾ ആവർത്തിക്കുന്നു.

മകളുടെ പരിഭവം അമ്മയുടെ നിസ്സഹായത വർദ്ധിപ്പിക്കുന്നു. അവൾക്ക് തല പൊട്ടിപ്പൊളിയുന്നതു പോലെ തോന്നുന്നു. നിങ്ങൾക്കിതൊന്ന് പറഞ്ഞുകൊടുത്തുകൂടേ എന്നത് ഒരപേക്ഷയുടെ സ്വരമാണ് ആജ്ഞയുടേതല്ല. 'ഞാനതൊക്കെ എന്നേ മറന്നു' എന്ന വാക്കുകൾ കൊണ്ട് അയാൾ രക്ഷപ്പെടുന്നു. ആ തണുപ്പൻ പ്രതികരണം,  വിദൂരതയിലെവിടെയോ നോക്കിയുള്ള ആ ഇരിപ്പും അതിലെ അലസതയും അവഗണനയും ഒക്കെ തന്നോടുള്ള വെല്ലുവിളിയായിട്ടാണ് അവൾക്കപ്പോൾ തോന്നുന്നത്. 'നിങ്ങൾ പലതും മറന്നു' എന്ന അവളുടെ അമർഷമുറ്റിയ വാക്കുകൾക്കും അയാളിൽ നിന്ന് പ്രതികരണങ്ങളൊന്നുമുണ്ടായിട്ടില്ല. പഴയപ്രണയകാലമൊക്കെ അയാൾക്ക് ഇന്നു കടങ്കഥകളാണ്. എന്നേ മറന്ന കഥകൾ. കാലം അവളിൽ മാറ്റം വരുത്തിയതോടെ അവളുടെ ഭൂതകാലവും അയാൾ മറന്നു കളഞ്ഞു. അവഗണനയുടെ മറ്റൊരു വഴി. ഇനിയും പ്രതികരിച്ചാൽ അമർഷത്തിന്റെ ഒരു വാക്കെങ്കിലും അവളിൽ നിന്നുണ്ടായാൽ അവൾക്ക് ഭ്രാന്താണ് എന്ന പതിവുപല്ലവി ആവർത്തിച്ച് അയാൾക്കാരംഗത്തു നിന്നും നിഷ്ക്രമിക്കാം. ആ ഭ്രാന്തിന്റെ ഉറവിടം തേടേണ്ട ചുമതല അയാളുടേതല്ലതാനും. അതുകൊണ്ട് അവൾ ഭർത്താവിനെ കണക്ക് പഠിപ്പിക്കാനുള്ള ഒരു പാഴ്ശ്രമം നടത്തുന്നു. ഒന്നും ശ്രദ്ധിക്കാനോ പരിഗണിക്കാനോ തയ്യാറല്ലാത്ത അയാൾക്കു മുന്നിൽ ഒരു ദൃശ്യാവിഷ്ക്കാരത്തിന്റെ സാധ്യത തെളിഞ്ഞുവരുന്നത് പെട്ടെന്നാണ്. ആ രീതിയിൽ ആർക്കും ഏതു വിഷമപ്രശ്നവും വേഗം വ്യക്തമായിക്കിട്ടും എന്നത് അവൾക്ക് പെട്ടെന്നൊരു ഉന്മേഷം നൽകുന്നു.

ദൃശ്യാവിഷ്ക്കരണം എന്ന ആശയം ഉറയ്ക്കുന്നതോടെ അവളുടെ കണ്ണുകൾക്ക് വന്യമായൊരു തിളക്കം കൈവരുന്നതായി കഥാകാരി പറയുന്നു. കിടപ്പുമുറിയി

ലേക്ക് ഓടിക്കയറുന്നതും അല മാരി തുറക്കുന്നതും സാരി കണ്ടെ ത്തുന്നതുമൊക്കെ വളരെ വേഗ ത്തിലാണ്. ഒരു സ്റ്റൂളെടുത്തിട്ട് അതിൽ കയറി നിന്ന് തൂക്കുവിള ക്കുകൾ സ്വപ്നം കാണുന്ന ഒരു കമ്പി വളയത്തിൽ സാരിയുടെ ഒരറ്റം കെട്ടി മറ്റേയറ്റത്ത് കുരു ക്കിട്ടു കൊണ്ട് അതിൽ തലക ടത്തി അവൾ വിളിച്ചു കൂവി. "ഇവിടെ വരൂ. ഞാൻ ശരിക്കും പഠിപ്പിച്ചു തരാം. തുറന്നു കിടന്ന ജനാലയിൽ പ്രത്യക്ഷപ്പെട്ട മുഖ ങ്ങൾക്കു നേരെ അവൾ ചിരിച്ചു. ആ ചിരിയിലെ ആളുന്ന ജ്വാല അവരെ സ്തബ്ധരാക്കി.

തലയിൽ ചൂണ്ടുവിരൽ തൊട്ട് അവൾ പറഞ്ഞു.

ഇത് അംശം
പിന്നെ ഉടൽ തൊട്ട്
ഇത് ഛേദം
കിതച്ച് അവൾ തുടർന്നു
രണ്ട് ഭിന്നസംഖ്യകൾ കൂട്ടിമു ട്ടുമ്പോൾ ദാ ഇങ്ങനെ.

അവൾ പൊടുന്നനേ സ്റ്റൂൾ കാലുകൊണ്ട് തട്ടിക്കളഞ്ഞു.

**തലയിൽ ചൂണ്ടുവിരൽ**
**തൊട്ട് അവൾ പറഞ്ഞു.**
**ഇത് അംശം**
**പിന്നെ ഉടൽ തൊട്ട്**
**ഇത് ഛേദം**
**കിതച്ച് അവൾ തുടർന്നു**
**രണ്ട് ഭിന്നസംഖ്യകൾ**
**കൂട്ടിമുട്ടുമ്പോൾ**
**ദാ ഇങ്ങനെ.**

ഇതാണ് കണക്കു പഠിപ്പിക്കാ നുള്ള പുതിയ രീതി. ജീവിതം കൊണ്ട് കണക്കു പഠിപ്പിക്കുക. അവഗണനകൾ അതിന്റെ പരി ധിയും കടന്നു എന്ന തോന്നലും അതുളവാക്കുന്ന നിസ്സഹായ തയും കൂടിയാവുമ്പോൾ എന്തെ ങ്കിലും ചെയ്യാതിരിക്കാൻ അവൾക്കാവുന്നില്ല. ഞാൻ ശരിക്കും പഠിപ്പിച്ചു തരാം എന്ന വാക്കുകളിലെ ദൃഢത പോലും തൊട്ടറിയാൻ അവളുടെ ഭർത്താ വിനാവുന്നില്ല. പത്തുപതിനാറു വർഷം ഒരുമിച്ചു ജീവിച്ചിട്ടും അവളെ ഏതർത്ഥത്തിലാണ് അയാൾ ഉൾക്കൊണ്ടതെന്നും മന സ്സിലാക്കിയതെന്നും ഇവിടെ നാമ റിയാതെ ചോദിക്കുന്നു. ഇതൊരു തുടർ ചോദ്യത്തിലേക്കും നയി ക്കുന്നു. എത്രപേർ പരസ്പരം അറിഞ്ഞും മനസ്സിലാക്കിയും ജീവിക്കുന്നുണ്ടാവാം.

ഇതൊരു അതിശയോക്തി കലർന്ന അവതരണമാണെന്ന് വാദിക്കാം. പെണ്ണെഴുത്തെല്ലാം ഇങ്ങനെയാണെന്ന് ഒരു പഴിയും ചാരാം. എന്നാലും അള മുട്ടി യാൽ ചേരയും കടിക്കും എന്നൊരു പഴഞ്ചൊല്ലില്ലേ. അതു പോലെ അവർക്ക് ജീവിതത്തിന്റെ മടുപ്പിനവസാനം ഒരുവഴി തെളിഞ്ഞു കിട്ടുന്നു. പ്രതികാര ത്തിന്റേയും കണക്കു തീർക്കലി ന്റേയും ഒരു സുഖം അതിനെ ത്വരിതപ്പെടുത്തുന്നു. സ്വയം ഉത്ത രമായി തീരുന്നതോടെ വിഷമ പ്രശ്നം അവസാനിക്കുന്നു. 'ഡെമോൺസ്ട്രേഷൻ' വളരെ ഫലപ്രദമാവുകയും ചെയ്യുന്നു. ●

# സഖാവ് കെ.കെ രമയുടെ സമരം വിജയിക്കട്ടെ!

*അന്വേഷിയുടെ പ്രസ്താവന: 3.2.2014*

സഖാവ് ടി.പി.ചന്ദ്രശേഖ രന്റെ വധവുമായി ബന്ധപ്പെട്ട് പൈശാചികമായ ഈ വധ ത്തിന് പിന്നിൽ പ്രവർത്തിച്ച ഗൂഢാലോചന, പ്രത്യേകിച്ചും ശിക്ഷിക്കപ്പെട്ട ചില പ്രതി കൾക്കെങ്കിലും സഖാവ് ടി.പി യുമായി വ്യക്തിവൈരാഗ്യമോ ശത്രുതയോ ഇല്ലെന്ന് തെളിഞ്ഞ സ്ഥിതിക്ക്, പുറത്തു കൊണ്ടുവരണമെന്നും, ഗൂഢാ ലോചനക്കേസ് അന്വേഷണം സി.ബി.ഐ യെ ഏല്പിക്കണ മെന്നും ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ പത്നി കെ. കെ.രമ ആരംഭിച്ച നിരാഹാര സമരത്തിന് ഞങ്ങൾ പൂർണ്ണ മായ പിന്തുണ പ്രഖ്യാപിക്കു ന്നു. ഇന്നാട്ടിൽ രാഷ്ട്രീയ കൊലപാതകങ്ങളും, വാടക കൊലയാളികളെ ഉപയോഗിച്ച് രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തുന്നതും ഒരു പതിവ് രീതി യായി മാറുന്ന അതിഭയാനകമായ



അനുഭവമാണ് അടുത്ത കാലത്ത് കണ്ടുവരുന്നത്. നമ്മുടേത് ഒരു ജനാധിപത്യരാജ്യമാണെന്നും അഭിപ്രായസ്വാതന്ത്ര്യം ഒരു മൗലി കാവകാശമാണെന്നുമൊക്കെ എല്ലാവരും പ്രസംഗിക്കുന്നുണ്ടെ ങ്കിലും രാഷ്ട്രീയ എതിരാളികളെ വകവരുത്തുകയെന്ന ഫാസിസ്റ്റ് രീതി ചില രാഷ്ട്രീയപ്പാർട്ടികളെ ങ്കിലും നടപ്പിലാക്കുന്നതിന്റെ ഏറ്റവും നിഷ്ഠൂരമായ ദൃഷ്ടാന്ത മാണ് ടി.പി. വധം. ഈ രീതിയെ ചെറുക്കേണ്ടത് ജനാധിപത്യത്തിലും മനുഷ്യാ വകാശങ്ങളിലും വിശ്വാസ മുള്ള ഇന്ത്യയിലെ പൗരസമൂ ഹത്തിന്റെ ഉത്തരവാദിത്വ മായി ഞങ്ങൾ കരുതുന്നു. കെ.കെ.രമയുടെ സമരം വിജ യിക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണ്. ഇത്തരം ഫാസിസ്റ്റ് രീതികൾക്കെതിരെ പ്രതികരിക്കാൻ എല്ലാ വിഭാഗം ജനങ്ങളും മുന്നോട്ടു വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

*അജിത കെ.*
*ശ്രീജ പി.*

കഥ



ഗ്രേസി



# ഭിന്നസംഖ്യ

**തലക്കകത്ത്** ബലൂൺ പോലെ എന്തോ വീർത്തുവരുന്നതായി അവൾക്കു തോന്നി. താൻ ആകെ ഒരു വിസ്ഫോടനത്തിന്റെ വക്കിലാണെന്ന് അവൾ തിരിച്ചറിഞ്ഞു. ഇളംചൂടുവെള്ളത്തിൽ കുളിച്ചാൽ ആശ്വാസമാകുമെന്നു കരുതി അവൾ കുളിമുറിയിൽ കയറി.

മൂന്നുദിവസം മുമ്പാണ് അവൾക്ക് പനി തുടങ്ങിയത്. വിങ്ങുന്ന തലയും പുകയുന്ന കണ്ണുകളും കത്തുന്ന ശരീരവുമായി ഓഫീസിൽ നിന്നിറങ്ങുമ്പോൾ എവിടെയെങ്കിലുമൊന്ന് ചുരുണ്ടുകൂടിയാൽ മതിയെന്നായിരുന്നു.

ഭർത്താവ് വന്നു കയറിയപ്പോൾത്തന്നെ അവൾ പറഞ്ഞു. എനിക്ക് തലപൊക്കാൻ വയ്യാ. ചായയിട്ടോളൂ.

അയാൾ എന്തോ പിറുപിറുത്തുകൊണ്ട് അടുക്കളയിലേക്ക് നടന്നു. ഏറെനേരം കഴിഞ്ഞ് ഒരു കപ്പു ചായ അവൾക്ക് കൊടുക്കുകയും ചെയ്തു. തേയില കുറുക്കിയെടുത്ത കഷായം ഒരു കവിൾ ഇറക്കിയതും എടുത്തടിച്ചതുപോലെ അവൾ ഛർദ്ദിച്ചു.

ഭർത്താവ് കടുത്ത അസംതൃപ്തിയിൽ അവളെ തുറിച്ചു നോക്കി.

രാവിലെ ഓടിച്ചുവായിച്ച് മടക്കിവെച്ച പത്രം നിവർത്തി അയാൾ ചാരുകസേരയിൽ മലർന്നു. സന്ധ്യയായിട്ടും എഴുന്നേൽക്കാനുള്ള ഭാവമില്ലെന്നുകണ്ട് അവൾ കിടക്കയിൽ നിന്ന് ശരീരം വലിച്ചിഴച്ച് അടുക്കളയിലെത്തിച്ചു. ലഘുവായിട്ടാണെങ്കിലും ചില വിഭവങ്ങളുണ്ടാക്കി മേശപ്പുറത്തു നിരത്തുമ്പോൾ അവൾ പിറുപിറുത്തു.

ചത്തു കിടന്നാലും ഈ വീട്ടിൽ സ്വൈരം കിട്ടുകയില്ല. ഇക്കാലത്ത് അത്യാവശ്യത്തിന് അടുക്കളപ്പണി ചെയ്യാത്ത ആണുങ്ങളുണ്ടോ?

ഭർത്താവ് അത് കേട്ടതായിപ്പോലും ഭാവിച്ചില്ല.

മൂന്നു ദിവസവും ഓഫീസിലെ ജോലിയിൽ നിന്ന് നിവൃത്തി കിട്ടിയെങ്കിലും അടുക്കളപ്പണിയിൽ അവൾക്ക് യാതൊരിളവും ഉണ്ടായില്ല.

കുളിമുറിയിൽ നിന്നും പുറത്തുകടന്നതും മകൾ പാഠപുസ്തകവുമായി അടുത്തു വന്നു.

അമ്മേ, ഈ ഫ്രാക്ഷന്റെ അഡീഷൻ ഒന്ന് പറഞ്ഞുതന്നേ.

തിളച്ചുപൊങ്ങുന്ന അമർഷമൊതുക്കി അവൾ പറഞ്ഞു.

അച്ഛനോട് ചോദിക്ക്.

അച്ഛൻ വെറുതെ നോക്കിയിരിക്കേയുള്ളൂ. ഒന്നും പറഞ്ഞുതരില്ല. അവൾ പുസ്തകത്തിലൂടെ കണ്ണോടിച്ചു. ഒരു കടലാസ്സെടുത്തു കുത്തിക്കുറിച്ച് ആവുന്നപോലെ വിശദീകരിച്ചു.

കുട്ടി പക്ഷേ പരിഭവിച്ചു.

എനിക്കൊന്നും മനസ്സിലായില്ല!

അവളുടെ തല വിങ്ങാൻ തുടങ്ങി. രണ്ടു ചെന്നിയിലും അമർത്തിപ്പിടിച്ച് അവൾ ഭർത്താവിനു നേരെ തിരിഞ്ഞു.

നിങ്ങൾക്ക് ഇതൊന്ന് പറഞ്ഞുകൊടുക്കാൻ പറ്റ്വോ?

കാലുകൾ ടീപ്പോയിയിൽ കയറ്റിവെച്ച് എവിടെയോ നോക്കിയിരുന്ന് അയാൾ പറഞ്ഞു.

ഞാനതൊക്കെ മറന്നു.

അവളുടെ മുഖം കടുത്തു. എടുത്തടിച്ചതുപോലെ അവൾ പറഞ്ഞു.

ഉവ്വ്! നിങ്ങൾ പലതും മറന്നു!

ആദ്യനാളുകളിലെ അവരുടെ സ്നേഹത്തിന്റെ തീക്ഷ്ണത. ഒന്നിനും വേണ്ടിയല്ലാതെ കുമിള പോലെ വീർത്തുവരുന്ന പിണക്കങ്ങൾ പൊടുന്നനെ പൊട്ടുമ്പോൾ അമർത്തിയാലും ചിതറിത്തെറിക്കുന്ന ചിരിയുടെ വെളിച്ചം. എവിടെയോ കളഞ്ഞുപോയ മയിൽപ്പീലിത്തുണ്ടുകൾ വീണ്ടും കണ്ടെത്തുന്ന കുട്ടിയുടെ കൂതുഹല ത്തോടെ നൊട്ടിനുണഞ്ഞ മുലപ്പാലിന്റെ മാധുര്യം. അങ്ങനെ പലതും. നക്ഷത്രങ്ങൾ കരിക്കട്ടകളാകുന്നത് കണ്ട് അവൾ കരയുകയും ചിരിക്കുകയും ചെയ്തു. അപ്പോഴൊക്കെയും അവൾക്ക് ഭ്രാന്താണെന്ന് അയാൾ കോട്ടുവായിട്ടു.

ഇപ്പോഴാകട്ടെ അവൾ ശരിക്കും ഒരു ഭ്രാന്തി തന്നെയായിരുന്നു. നിലത്ത് ചമ്രം പടിഞ്ഞിരുന്ന് അവൾ പുലമ്പി.

ശരി, എന്നാലാദ്യം നിങ്ങളെ പഠിപ്പിക്കാം.

രണ്ടോ മൂന്നോ തവണ ആവർത്തിച്ചിട്ടും അയാൾക്ക് പഴയ പാഠങ്ങളൊന്നും ഓർമ്മിക്കാനായില്ല. ഒരുപക്ഷേ, അയാൾ അതൊന്നും ശ്രദ്ധിക്കുകയാവില്ലെന്ന് അവൾക്കുതോന്നി. അവളുടെ നെഞ്ചിൽ പൊട്ടിവീണ ഇടിയും മിന്നലുമേറ്റ് ശേഷിച്ച സ്വപ്നത്തിന്റെ നാമ്പുകൾകൂടി കരിഞ്ഞു. തലക്കിടിച്ച് അവൾ കരഞ്ഞു.

എന്റെ ഒരു തലേലെഴുത്ത്!

അയാൾ അതൊന്നും ഗൗനിക്കാതെ പഴയപടി ശൂന്യമായ ഒരു തുറിച്ചു നോട്ടത്തോടെ ഇരിപ്പ് തുടരുകതന്നെ ചെയ്തു.

കണ്ണുകളിൽ വന്യമായ ഒരു തിളക്കത്തോടെ പിടഞ്ഞെഴുന്നേറ്റ് അവൾ കിടപ്പുമുറിയിലേക്ക് പാഞ്ഞു. വാതിലടച്ചു കുറ്റിയിട്ട് പറ്റിയ ഒരു സാരി തിരഞ്ഞെടുത്തു. ഒരു സ്റ്റൂളെടുത്ത് അതിൽ കയറി നിന്ന് തൂക്കുവിളക്ക് സ്വപ്നം കാണുന്ന ഒരു കമ്പിവളയത്തിൽ സാരിയുടെ ഒരറ്റം കെട്ടി മറ്റേ അറ്റത്ത് ഒരു കുരുക്കിട്ട് അതിൽ തല കടത്തി അവൾ വിളിച്ചുകൂവി.

ഇവിടെ വരൂ! ഞാൻ ശരിക്കും പഠിപ്പിച്ചുതരാം!

തുറന്നുകിടന്ന ജനാലയിൽ പ്രത്യക്ഷപ്പെട്ട മുഖങ്ങളുടെ നേരെ നോക്കി അവൾ ചിരിച്ചു. ചിരിയിൽ ആളുന്ന ജ്വാല അവരെ സ്തബ്ധരാക്കി!

തലയിൽ ചൂണ്ടുവിരൽ തൊട്ട് അവൾ പറഞ്ഞു.

ഇത് അംശം!

പിന്നെ ഉടൽ തൊട്ട്,

ഇത് ഛേദം!

കിതച്ച് അവൾ തുടർന്നു.

രണ്ട് ഭിന്നസംഖ്യകൾ തമ്മിൽ കൂട്ടുമ്പോൾ, ദാ, ഇങ്ങനെ! അവൾ പൊടുന്നനെ സ്റ്റൂൾ കാലുകൊണ്ട് തട്ടിക്കളഞ്ഞു. ●

---

പേജ് 45 ബാക്കി

ഏൽപ്പിക്കുകയില്ല, എന്നു ശപഥം ചെയ്യുന്നു. ദൈവത്തെ രക്ഷിക്കാനുള്ള ഉപാധികളായി മാറിയിരിക്കുന്ന മതങ്ങളെപ്പറ്റി പരിതപിക്കുന്ന അദ്ദേഹം മതത്തെ കച്ചവടച്ചരക്കാക്കിയിരിക്കുന്നവർക്കു നേരെ വിമർശന ശരങ്ങൾ എയ്തു വിടുന്നു. മതാനുഷ്ഠാനങ്ങൾ വെറും കടം വീട്ടലായി മാറിയിരിക്കുന്ന സാഹചര്യത്തിൽ മനുഷ്യനേയും അവന്റെ മനുഷ്യത്വത്തെയും കെ.ടി.ഉയർത്തിക്കാട്ടുന്നു. വഞ്ചനകളുടേയും ദുഷ്പ്രവൃത്തികളുടേയും മുകളിൽ ആവരണമിട്ട് രക്ഷപ്പെടാൻ നോക്കുന്ന മുസ്ലീം മതാധികാരി വർഗ്ഗത്തിന് ഒരു താക്കീതും നേർപാഠവുമാണ് ഈ നാടകം.

ഇതു ഭൂമിയാണ് എന്ന നാടകത്തിന്റെ കേന്ദ്രത്തിൽ സംഭവിക്കുന്നത് സ്ത്രീപുരുഷ സമൂഹങ്ങൾ തമ്മിലുള്ള സംഘർഷമല്ല മറിച്ച് സ്ത്രീയും പൗരോഹിത്യവും തമ്മിലുള്ള സംഘർഷമാണ്. ഒരു സമൂഹത്തെ വരിഞ്ഞു കെട്ടാനുള്ള ഏറ്റവും ശക്തമായ/ സമർത്ഥമായ മാർഗ്ഗം ആ സമൂഹത്തിലെ സ്ത്രീശക്തി ചോർത്തിക്കളയുക എന്നതുമാത്രമാണ്. മാപ്പിള സമൂഹം ഇത്തരത്തിൽ സ്ത്രീശക്തിയെ ചോർത്തിക്കളയും സ്ത്രീ കേവലം ഉപഭോഗവസ്തുവാണെന്ന കേരളീയ പൊതുമണ്ഡലത്തിന്റെ കാഴ്ചപ്പാടിന് നിരക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തു.

ഔപചാരിക വിദ്യാഭ്യാസം നിഷേധിച്ച് ജീവിതത്തിന്റെ തുറസ്സുകളെ മൊത്തം നഷ്ടപ്പെടുത്തി അറക്കകത്ത് ഒളിച്ചിരിക്കുന്ന പെണ്ണ് എന്ന മാപ്പിള സമൂഹത്തിലെ പ്രതിഭാസം ഇത് ഭൂമിയാണ് എന്ന നാടകത്തിലുണ്ട്. എന്നാൽ ഇതോടൊപ്പം തെരുവിലേക്ക് വലിച്ചെറിയപ്പെടുകയും തെരുവിൽ നിന്ന് കണ്ടെടുക്കുകയും സ്നേഹപൂർണ്ണമായ പരിചരണങ്ങളിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ വഴിയിലൂടെ കൈപിടിച്ച് നടത്തി ആധിപത്യ പ്രത്യയശാസ്ത്രം വെച്ചുപുലർത്തുന്ന സ്ത്രീപുരുഷലോകത്തിന്റെ നേർക്ക് തലയുയർത്തി നിൽക്കാൻ പ്രാപ്തിനേടുന്ന ഒരു സ്ത്രീസമൂഹവും ഈ നാടകത്തിൽ പ്രാതിനിധ്യവത്കരിക്കപ്പെടുന്നുണ്ട്. അത്തരമൊരു സ്ത്രീസമൂഹം നിവർന്നു സംസാരിക്കുന്നത് കേവലം പുരുഷവർഗ്ഗത്തോടൊ പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തോടൊ അല്ല. മറിച്ച് എല്ലാ പ്രത്യയശാസ്ത്രങ്ങളേയും ആത്യന്തികമായി രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പൗരോഹിത്യത്തിന്റെ നേർക്കാണ്.

* കെ.ടി മുഹമ്മദിന്റെ ഇതു ഭൂമിയാണ് എന്ന നാടകത്തിലെ ആദ്യ രംഗത്തിന്റെ പേര്– 'ഭൂമിയിലേക്ക് വഴുതിവീണ ഒരു പെണ്ണ്.' ●

കഥ

"നിങ്ങളുടെ ഭാര്യയാവുന്നതിന് മുൻപും ഞാൻ ജീവിച്ചിരുന്നു. എനിക്ക് മറ്റൊരു ലോകമുണ്ടായിരുന്നു. ആ ലോകവും ഒരു പിടി ഓർമ്മകളുമാണ് ആ മുറിക്കുള്ളിൽ, പറ്റുമെങ്കിൽ ഈ പൂട്ട് പൊളിക്കാനെന്നെ സഹായിക്ക്."



അലിഷ ബേബി

# റൂട്ട്സ്

**"വിവേക്** എന്നെ ഒന്ന് വന്ന് ഹെൽപ്പ് ചെയ്യാമോ, പ്ലീസ്...?"

സ്റ്റോർ റൂമിന്റെ തുരുമ്പിച്ച പൂട്ട് പൊളിക്കാനുള്ള ശ്രമത്തിനിടയിൽ സ്മിത വിളിച്ചു ചോദിച്ചു.

സ്മിത വിളിച്ചത് കേട്ടില്ലെന്ന മട്ടിൽ അയാൾ തന്റെ വായനയിൽ തന്നെ ലയിച്ചിരുന്നു.

"ഇതിന്റെ താക്കോൽ എവിടെയാമ്മേ?"

"നിനക്ക് വല്ല ഭ്രാന്തുമുണ്ടോ? എന്തിനായിപ്പോ ആ റൂം തുറക്കുന്നത്?" വിവേകിന്റേതായിരുന്നു ചോദ്യം.

"നിങ്ങളുടെ ഭാര്യയാവുന്നതിന് മുൻപും ഞാൻ ജീവിച്ചിരുന്നു. എനിക്ക് മറ്റൊരു ലോകമുണ്ടായിരുന്നു. ആ ലോകവും ഒരു പിടി ഓർമ്മകളുമാണ് ആ മുറിക്കുള്ളിൽ, പറ്റുമെങ്കിൽ ഈ പൂട്ട് പൊളിക്കാനെന്നെ സഹായിക്ക്."

"നീയും നിന്റെ ഓർമ്മകളും അതിലേക്ക് ഞാൻ ഇന്റർഫിയർ ചെയ്യുന്നില്ല."

"ഓ ശരി, എനിക്കൊറ്റക്ക് പറ്റുമോയെന്ന് നോക്കട്ടെ, അമ്മേ ഇതിന്റെ താക്കോൽ എവിടെയാ?"

"കാലം കുറേയായി, ആ മുറി തുറന്നിട്ട്, താക്കോലൊക്കെ എവിടെയാ വെച്ചത് എന്നൊന്നും ഓർമ്മയില്ല."



അമ്മയുടെ മറുപടിയും പ്രത്യാശക്ക് വകയില്ലാത്തതായിരുന്നു.

"മമ്മി, ഞാൻ ഹെൽപ്പ് ചെയ്യണോ?"

ക്രൂരമായൊരു നോട്ടം വിവേകിനെറിഞ്ഞ് കൊടുത്തിട്ട്, സ്മിത തന്റെ ആറുവയസ്സുകാരൻ മകനോടായി പറഞ്ഞു.

"വേണ്ട റിഷി, ഇത് മമ്മി ഒറ്റക്ക് ചെയ്തോളാം, നിനക്കെങ്കിലും എന്നെ ഹെൽപ്പ് ചെയ്യാൻ തോന്നിയല്ലോ, താങ്ക്സ്."

കുറച്ച് നേരത്തെ തിരച്ചിലിനിടയിൽ കിട്ടിയ ഹാമ്മർവെച്ച് നടത്തിയ പരിശ്രമം വിജയം കണ്ടപ്പോൾ സ്മിത ചിരിച്ച് കൊണ്ട് പറഞ്ഞു.

"ലുക്ക്, വിവേക് എനിക്കും ചിലത് നടക്കും."

"അത് നീ മിസ്സിസ് വിവേക് ആയതു കൊണ്ടാണ്."

"ഓ... പിന്നെ, എന്റെ കൂടെ ജോയിൻ ചെയ്താൽ കുറേ കാര്യങ്ങൾ കാണിച്ച് തരാം."

"I'm busy with my readings"

"This is too bad vivek, നമ്മൾ വെക്കേഷൻ enjoy ചെയ്യാനല്ലേ ഇങ്ങോട്ട് വന്നത് "

“സ്മിതാ, പ്ലീസ് ഞാനിതൊന്ന് കംപ്ലീറ്റ് ചെയ്യട്ടെ.”

“ഓകെ, ഫൈൻ, ഞാനെന്തായാലും എന്റെ വെക്കേഷൻ ബുക്സിൽ bury ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. Let me search my roots" വാതിൽ തള്ളിത്തുറന്ന് സ്മിത സ്റ്റോർ റൂമിന്റെ അകത്ത് കടന്നു. ഒരു വിധം തപ്പിത്തടഞ്ഞ് സ്വിച്ച് ബോർഡിൽ കൈയ്യെത്തിച്ചു. നിർഭാഗ്യം ബൾബ് ഹോൾഡർ ശൂന്യമായിരുന്നു.

“എന്തുപറ്റി, തിരിച്ച് പോന്നു? വേരെല്ലാം ഉണങ്ങിപ്പോയോ?”

“കളിയാക്കണ്ട, ഇരുട്ടത്ത് കണ്ണ് കാണാനുള്ള മാജിക് ഒന്നും എനിക്കറിയില്ല.”

“ആ ഞാൻ പറയാൻ മറന്നതാ, അവിടത്തെ ബൾബ് ഊരിയാ അച്ഛൻ ഗാരേജിൽ ഇട്ടത്” കൊച്ചുമകനോടൊപ്പം കളിക്കുന്നതിന്റെയിടയിൽ അമ്മ വിളിച്ചുപറഞ്ഞു.

“എന്നാലത് നേരത്തേ പറയണ്ടേ?”

“ഈ രാത്രി തന്നെ അതിന്റെയകത്ത് കയറണോ, നാളെ നേരം വെളുക്കട്ടെ മോളെ.”

“ഇതെന്റെ വാശി തന്നെയാമ്മേ, ഒരു ടോർച്ച് കിട്ടുമോയെന്ന് നോക്കട്ടെ.”

“വെക്കേഷൻ അടിച്ച് പൊളിക്കാനെന്ന് പറഞ്ഞ് കെട്ടിയോനെയും കുട്ടിയേയും കൂട്ടി ഡൽഹിയിൽ നിന്നും പോന്നത് സ്റ്റോർറൂം പൊളിക്കാനായിരുന്നോ?”

“അതെ, എന്തെങ്കിലും പറയാനുണ്ടോ?”

“ഉണ്ട്. നല്ലൊരു ചെക്കനെ കണ്ടെത്തി നിന്നെ കെട്ടിച്ചയച്ചത് സമയം കിട്ടുമ്പോൾ തിരിച്ചു വന്ന് ഈ വീട്ടിലെ സകലതും പൊളിക്കാനല്ല. കൊട്ടാരം പോലൊരു വീട് അങ്ങ് ഡൽഹിയിൽ ഉണ്ടല്ലൊ, ഈ പാവങ്ങളായ വൃദ്ധർ ഇവിടെ ജീവിച്ച് പോയ്ക്കോട്ടെ.” അച്ഛന്റേതായിരുന്നു അപ്രതീക്ഷമായൊരു മറുപടി.

“ആഹാ... അപ്പോ എല്ലാരും കൂടി ചേർന്ന് എന്നെ തളർത്താനാണോ പ്ലാൻ? വിവേകിന്റെ ബാഗിൽ നിന്നും ഞാൻ ടോർച്ചെടുക്കുന്നുണ്ട്?”

“തിരിച്ചുവെക്കുമെങ്കിൽ എടുത്തോ?”

ഇടത് കൈയ്യിൽ ടോർച്ചും പിടിച്ച് സ്മിത സ്റ്റോർ റൂമിലേക്ക് കടന്നു. നെറ്റിയുടെ പുറകിൽ പിടിച്ച് അവളെ അനുഗമിച്ച റിഷിയെ അവൾ പിന്തിരിപ്പിച്ചു.

ടോർച്ചിന്റെ മങ്ങിയ വെളിച്ചത്തിൽ ഒന്നും വ്യക്തമായിരുന്നില്ലെങ്കിലും ഒരു വിധം തന്റെ പഴയ മേശ കണ്ടെത്താൻ സ്മിതക്ക് കഴിഞ്ഞു.

മേശവലിപ്പ് തുറന്നപ്പോൾ അതിൽ പഴക്കം ചെന്ന രണ്ട് ഡയറികൾ, അവൾ അത് തന്റെ നെഞ്ചോടൊതുക്കി പിടിച്ചു. പേജുകൾ ദ്രവിച്ച് തുടങ്ങിയിരിക്കുന്നു. ഒത്തനടുവിൽ നിന്നായി ഒരു ഗ്രൂപ്പ് ഫോട്ടോ അവൾ പുറത്തെടുത്തു. മങ്ങിയ വെളിച്ചത്തിൽ കണ്ണടച്ചു നിൽക്കുന്ന തന്റെ രൂപം അവൾക്ക് കാണാമായിരുന്നു.

മേശവലിപ്പ് തുറന്നപ്പോൾ അതിൽ പഴക്കം ചെന്ന രണ്ട് ഡയറികൾ, അവൾ അത് തന്റെ നെഞ്ചോടൊതുക്കി പിടിച്ചു. പേജുകൾ ദ്രവിച്ച് തുടങ്ങിയിരിക്കുന്നു. ഒത്തനടുവിൽ നിന്നായി ഒരു ഗ്രൂപ്പ് ഫോട്ടോ അവൾ പുറത്തെടുത്തു. മങ്ങിയ വെളിച്ചത്തിൽ കണ്ണടച്ചു നിൽക്കുന്ന തന്റെ രൂപം അവൾക്ക് കാണാമായിരുന്നു. അരികിലായി അഞ്ജലി, ദിവ്യ, രേണു തന്റെ ആത്മസുഹൃത്തുക്കൾ, പുറകിലെ വരിയിലായി തവളക്കണ്ണൻ കിഷോർ, രാഹുൽ, തടിയൻ അശോകൻ, സുന്ദരി സുമിത്ര, കുശുമ്പി വീണ, അങ്ങനെയൊരുപാടു പേർ. എല്ലാവർക്കും ഒത്ത നടുവിലായി മോളിടീച്ചർ. ഓർമ്മകളിലേക്ക് ആഴത്തിൽ ഇറങ്ങിയപ്പോൾ താനാദ്യമായി ആ കോളേജിലേക്ക് വന്ന ദിവസം അവൾക്ക് ഓർമ്മ വന്നു. സ്വപ്നങ്ങൾ കണ്ട് അറ്റന്റ് ചെയ്ത ആദ്യ ദിനങ്ങൾ നിരാശകൾ സമ്മാനിച്ചപ്പോൾ ആരെയെല്ലാമോ ശപിച്ചു. പിന്നീട് സുഹൃത്ബന്ധങ്ങൾ വളർന്നപ്പോൾ ആ കലാലയത്തിനോടുള്ള ആത്മബന്ധം ആഴത്തിൽ വേരൂന്നി പടർന്ന് പന്തലിച്ചു. പിന്നീട് ആ വൃക്ഷം മുറിച്ചു മാറ്റിയപ്പോൾ അതിൽ കൂട് കൂട്ടിയ അണ്ണാനും പക്ഷികളുമെല്ലാം അപ്രത്യക്ഷമായി. കരിഞ്ഞ് പോയ ആ വൃക്ഷത്തിന്റെ നല്ല കാലങ്ങളിലെ ഓർമ്മകളിൽ മാത്രം അവശേഷിച്ചു. അവൾ ദീർഘമായി നിശ്വസിച്ചു.

“വിവേക്, ഇങ്ങോട്ട് വന്നാൽ എന്റെ പി.ഡി.സി ക്ലാസ്സ് ഫോട്ടോ കാണിച്ചു തരാം.”

“നീ അത് ഇങ്ങോട്ട് കൊണ്ടു വാ.”

മേശ വലിപ്പ് അടച്ച് ധൃതിയിൽ തിരിയാൻ തുടങ്ങുന്നതിനിടെ കൈ തട്ടി മേശപ്പുറത്ത് നിന്നും എന്തോ താഴെ വീണ് ചിന്നിചിതറി.

“എന്താ സ്മിതാ, എന്താ താഴെ വീണത്?”

“അത് എന്റെ പഴയ ഫ്ളവർ പോട്ട് ആണ്.”

എന്താണ് താഴെ വീണതെന്ന് നോക്കാതെ തന്നെ വിവേകിനുള്ള മറുപടി സ്മിത കൊടുത്തു.

“കൈ മുറിച്ചോ കുട്ട്യേ നീ?” അമ്മ ചോദിച്ചു.

“ഇല്ല, അമ്മേ, ഇത് കുപ്പിയല്ല, സെറാമിക്സ് ആണ്.”

“ഞാനങ്ങോട്ട് വരണോ സ്മിത?”

“വേണ്ട വിവേക്, ഇത്

ഞാനൊറ്റക്ക് ഹാൻഡിൽ ചെയ്തോളാം."

താഴേക്ക് ടോർച്ചടിച്ച് നോക്കിയ സ്മിതയുടെ ഉള്ളിൽ കൂടി ഒരു മിന്നൽ പ്രവാഹം തുളച്ചുകയറി. അവളുടെ മുഖമാകെ വിളറി വെളുത്തു. അവളുടെ ഹൃദയമിടിപ്പ് വളരെ ഉച്ചത്തിലാണോയെന്നവൾ ഭയപ്പെട്ടു. തണുത്ത് വിറങ്ങലിച്ച് കുറച്ച് നിമിഷം അവൾ അവിടെ നിന്നു. പിന്നീട് വെപ്രാളത്തോടെ പൊട്ടിയകഷണങ്ങൾ പെറുക്കിയെടുത്ത് പഴയ ഒരു പേപ്പറിൽ പൊതിഞ്ഞു. അവളുടെ മുഖത്ത് ഭയം നിഴലിക്കുന്നുണ്ടായിരുന്നു. ഒരു കൗമാരക്കാരിയെ പോലെ അവൾ വിറക്കുന്നുണ്ടായിരുന്നു. ധൃതിയിൽ ആ പൊതി ആരും കാണാത്തൊരിടത്ത് ഒളിപ്പിച്ച് വെച്ച്, തിരിഞ്ഞ് നടന്നു. സ്റ്റോർ റൂമിന്റെ പുറത്ത് കടന്നപ്പോൾ വിവേക് വായനയിൽ തന്നെ ലയിച്ചിരിക്കുന്നത് സ്മിത കണ്ടു. ഒരു തിരിച്ചറിവ് ലഭിച്ചത് പോലെ അവൾ സ്റ്റോർറൂമിലേക്ക് തന്നെ ഓടിക്കയറി. ഒളിപ്പിച്ചു വെച്ചിടത്ത് നിന്നും പൊതിക്കെട്ട് തിരിച്ചെടുത്തു.

താൻ ആരേയും പേടിക്കണ്ടയാവശ്യമില്ലെന്നവൾക്ക് തോന്നി. താൻ ഇപ്പോൾ ആ പതിനാറുകാരിയല്ല. വലുതായിരിക്കുന്നു. ഒരു പോലീസ് സർജൻ ആണ്. ആറുവയസ്സുകാരന്റെ അമ്മ, ഒരു ഐ.പി.എസ് ഉദ്യോഗസ്ഥന്റെ ഭാര്യ, ഒരു വലിയ തറവാട്ടിലെ മൂത്ത മരുമകൾ.

എന്നിട്ടും താനാരെയാണ് ഭയക്കുന്നത്. അവൾ ദീർഘമായി നിശ്വസിച്ചു. പിന്നീട് പൊതിക്കെട്ടുമായി പുറത്തേക്കു വന്നു.

"നോക്കൂ, വിവേക് ഇത് ഒട്ടിക്കാൻ പറ്റുമോ?"

"എന്ത്?" തിരിഞ്ഞ് നോക്കിയപ്പോൾ കൈയ്യിൽ ഒരു പൊതിക്കെട്ടുമായി നിൽക്കുന്ന ഭാര്യയെയാണ് അയാൾ കണ്ടത്.

"നോക്കട്ടെ." അയാൾ തന്റെ പുസ്തകം അടച്ച് വെച്ച് സ്മിതയുടെ അടുത്തേക്ക് ചെന്നു.

താൻ ആരേയും പേടിക്കണ്ടയാവശ്യമില്ലെന്നവൾക്ക് തോന്നി. താൻ ഇപ്പോൾ ആ പതിനാറുകാരിയല്ല. വലുതായിരിക്കുന്നു. ഒരു പോലീസ് സർജൻ ആണ്. ആറുവയസ്സുകാരന്റെ അമ്മ, ഒരു ഐ.പി.എസ് ഉദ്യോഗസ്ഥന്റെ ഭാര്യ, ഒരു വലിയ തറവാട്ടിലെ മൂത്ത മരുമകൾ.

"ഇത് സെറാമിക്സ് അല്ലല്ലോ, സ്റ്റോൺ ആണ്. ചിലപ്പോ ഒട്ടുമായിരിക്കും. ഇതൊരു പെൻസ്റ്റാൻഡ് അല്ലേ?"

"അതെ"

"ഇത് നിന്റെ ശ്രുതി തന്നെ പെൻസ്റ്റാൻഡ് അല്ലേ?"

പെട്ടന്നായിരുന്നു അമ്മയുടെ രംഗപ്രവേശനം.

"അല്ല, ഇത്... ഇത്, This was my first valentine gift"

"ഹ.. ഹ... ഹ"

"ചിരിക്കണ്ട വിവേക്, ഞാൻ സീരിയസായാണ് പറഞ്ഞത്."

"അതിനെന്താടോ, ഞാനൊന്നും പറഞ്ഞില്ലല്ലോ"

"ശ്രുതി തന്ന ഗിഫ്റ്റ് ആണെന്നല്ലേ നീ പറഞ്ഞത്?"

സംഭാഷണങ്ങളൊന്നും വ്യക്തമാകാത്ത മട്ടിൽ അമ്മ ചോദിച്ചു.

"ശ്രുതി തന്നെയാ തന്നത്, പക്ഷേ വേറൊരാൾക്ക് വേണ്ടി."

"ആരായിരുന്നു ആ ഹതഭാഗ്യൻ" വിവേക് ചിരിച്ച് കൊണ്ട് ചോദിച്ചു.

" Name Sharath എന്നായിരുന്നു, ശ്രുതിയുടെ ബ്രദർ."

"ഹോ ഹോ... എന്നിട്ട് ഇപ്പോ ആ ചങ്ങാതിയെവിടെയാ?"

"അറിയില്ല അങ്ങനെ സീരിയസായ ഒരു അഫയർ ആയിരുന്നില്ല അത്. ഞാൻ ഒന്നോ രണ്ടോ പ്രാവശ്യമേ കണ്ടിട്ടുള്ളൂ. ശ്രുതി വഴിയാണ് പരിചയം. അവളാണ് ഗിഫ്റ്റ് തന്നത്, പിന്നെയാ അവൻ കൊടുത്ത് വിട്ടതാണെന്ന് പറയുന്നത്. എനിക്ക് അയാളുടെ മുഖം പോലും ഓർമ്മയില്ല. പി.ഡി.സി കഴിഞ്ഞ്, ശ്രുതിയുമായുള്ള കോൺടാക്ട് വിട്ടപ്പോൾ എല്ലാ കഴിഞ്ഞു.

"എന്നിട്ട് നീയെന്താ എന്നോട് ഒന്നും പറയാഞ്ഞത്?"

അമ്മ ഇടക്ക് കയറി ചോദിച്ചു.

"അങ്ങനെ പറയണമെന്ന് തോന്നിയില്ല, പിന്നെ പേടിയുമായിരുന്നു."

"അപ്പൊ നീയെന്നോട് കള്ളം പറയാറുണ്ടായിരുന്നു അല്ലേ?"

അമ്മ വിടുന്ന ലക്ഷണമില്ലായിരുന്നു.

"വിട്ടുകള അമ്മേ, ഇപ്പോ അവൾ നമ്മളോട് പറഞ്ഞില്ലേ, ചില കാര്യങ്ങൾ അങ്ങനെയാണ്. അല്ല നിനക്കയാളെ ഇഷ്ടമായിരുന്നോ?"

"ആയിരിക്കാം എനിക്കറിയില്ല." രണ്ട് വാക്കിൽ സ്മിത അയാൾക്കുള്ള മറുപടി കൊടുത്തു.

"ഹ... ഹ... ഹ... ഇവളത്രക്ക് സുന്ദരിയായിരുന്നോ അമ്മേ?"

"കളയാക്കണ്ട, പറ്റുമെങ്കിൽ ഇതൊന്ന് ഒട്ടിച്ച് തരൂ? ഞാനിത് സൂക്ഷിച്ചോട്ടേ?"

ഇത്തവണ മറുപടി പറഞ്ഞത് ആറുവയസ്സുകാരൻ റിഷിയായിരുന്നു.

"വേണ്ട, നോ ...."

സ്മിത.കെ.ബി

# അമ്മയുടെ പോരാട്ടം

**ഒരു** ദിവസം പൊട്ടിക്കരഞ്ഞുകൊണ്ട് വിലാസിനി അന്വേഷി ഓഫീസിലേക്ക് വന്നു. അവളെ ആശ്വസിപ്പിച്ച് കാര്യങ്ങൾ അന്വേഷിച്ചപ്പോഴാണ് ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ പുറത്തുവന്നത്.

വിലാസിനിയും നാലുമക്കളും മുഴുക്കുടിയനായ ഭർത്താവും അടങ്ങുന്നതായിരുന്നു അവരുടെ കുടുംബം. ഭർത്താവിന് കൂലിപ്പണിയാണ്. കിട്ടുന്ന കാശു മുഴുവൻ മദ്യപിച്ച് നശിപ്പിക്കുകയാണ് അയാളുടെ പതിവ്. കുട്ടികളുടേയും വീടിന്റേയും ഉത്തരവാദിത്തം വിലാസിനിയുടെ മാത്രം ചുമലിലായായിരുന്നു. മറ്റു വീടുകളിൽ ജോലികൾ ചെയ്യാനും പഴയ കടലാസ് പെറുക്കി വിൽക്കാനും മറ്റുമായി മിക്കപ്പോഴും അവൾ വീടിന് വെളിയിലായിരിക്കും. മൂത്തമകൾ പ്രായത്തിനനുസരിച്ച് ബുദ്ധിയില്ലാത്ത കുട്ടിയാണ്. കൊച്ചുകുഞ്ഞിനെപ്പോലെ ആ കുട്ടി വീടിനുള്ളിൽ തളച്ചിടപ്പെട്ടു. ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കായുള്ള ട്രെയിനിംഗ് സെന്ററിനെ കുറിച്ചൊന്നും വിലാസിനിക്കറിയില്ലായിരുന്നു. അറിഞ്ഞിട്ടും വലിയ കാര്യമൊന്നുമുണ്ടായിരുന്നില്ല. കാരണം കുഞ്ഞുങ്ങൾക്ക് ഒരു നേരമെങ്കിലും ഭക്ഷണം കൊടുക്കാൻ അവൾ പെടാപ്പാടുപെടുകയായിരുന്നു. ദിവസവും അച്ഛനും അമ്മയും പണിക്കും മറ്റു കുട്ടികൾ സ്കൂളിലും പോവുമ്പോൾ മൂത്ത കുട്ടി വീട്ടിൽ തനിച്ചാവും. ഒരു ദിവസം രണ്ടാമത്തെ കുട്ടി സ്കൂളിൽ നിന്നും നേരത്തെ വന്നപ്പോൾ വീട് അടച്ചിട്ടിരിക്കുന്നു. ചേച്ചിയെവിടെ പോയെന്നറിയാതെ ജനാലയുടെ വിടവിലൂടെ നോക്കിയപ്പോൾ അടുത്തവീട്ടിലെയാൾ ചേച്ചിയെ ഉപദ്രവിക്കുന്നതു കണ്ടു. അവൾ അത് ഉടനെ തന്നെ അമ്മയെ അറിയിച്ചു. വിലാസിനിയെ ഈ സംഭവം ആകെ തളർത്തി. എന്നാലും അവൾ കുട്ടിയേയും കൂട്ടി മെഡിക്കൽ കോളേജിൽ പോയി. വിദഗ്ദ്ധ പരിശോധനയിൽ കൂട്ടി ബലാത്സംഗത്തിനിരയായിട്ടുണ്ടെന്ന് ഡോക്ടർ പറഞ്ഞു. ഒന്നും വേർതിരിച്ച് പറയാനറിയാത്ത കുട്ടിയേയും കൊണ്ട് ഡോക്ടറുടെ ഉപദേശമനുസരിച്ച് അവൾ പോലീസിൽ പരാതികൊടുത്തു. പോലീസ് അയൽക്കാരനെ അറസ്റ്റു ചെയ്തു. അറസ്റ്റു ചെയ്തപ്പോൾ പലരും വിലാസിനിയെ സഹായിക്കാനെത്തി. പ്രതി മുസ്ലിം സമുദായാംഗമായതുകൊണ്ട് ഹിന്ദു സംഘടനകൾ രംഗത്തിറങ്ങി. എന്നാൽ വിദ്യാഭ്യാസമില്ലെങ്കിലും വിലാസിനി ഒരു വർഗ്ഗീയകലാപം മുന്നിൽ കണ്ട് ആരുടേയും സഹായം സ്വീകരിച്ചില്ല. ആ സമയത്ത് അന്വേഷിയെക്കുറിച്ചറിയുകയും അവൾ അന്വേഷിയിലെത്തുകയും ചെയ്തു.

അന്വേഷി അവൾക്ക് എല്ലാ സഹായവും വാഗ്ദാനം ചെയ്തു. കാര്യങ്ങൾ എങ്ങനെയൊക്കെയാണ് ചെയ്യേണ്ടതെന്നും നിയമപരമായും അല്ലാതെയുമുള്ള എല്ലാ വിവരങ്ങളും പറഞ്ഞ് മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. നാലുഭാഗത്തു നിന്നും പല തരത്തിലുള്ള പ്രലോഭനങ്ങളും ഭീഷണികളും വിലാസിനിക്കെതിരെ വന്നുകൊണ്ടിരുന്നു. അവസാനം ജീവനു ഭീഷണിയായപ്പോൾ വിലാസിനി മക്കളേയും കൂട്ടി അന്വേഷി ഷോർട്ട് സ്റ്റേ ഹോമിൽ താമസമാക്കി. ഒരു ഭീഷണിക്കും പ്രലോഭനത്തിനും വഴങ്ങാതെ കാര്യങ്ങളെ എങ്ങനെ നേരിടണമെന്ന് അന്വേഷിയിൽ നിന്ന് അവൾ മനസ്സിലാക്കി. നിയമസഹായങ്ങളടക്കം എല്ലാ തരത്തിലുള്ള സഹായങ്ങളും അവൾക്ക് അവിടെ നിന്നു ലഭിച്ചു. വിലാസിനിക്ക് ധൈര്യം കൊടുക്കാനും അന്വേഷി പ്രവർത്തകർ മറന്നില്ല. കോടതിയിൽ വിലാസിനി സ്വന്തം മൊഴിയിൽ ഉറച്ചു നിന്നു. ഒന്നും വ്യവച്ഛേദിച്ചറിയാനുള്ള ത്രാണിയില്ലാത്ത ഒരു കൊച്ചു കുട്ടിയെ ഇത്തരമൊരാക്രമണത്തിനിരയാക്കിയ ആ നരാധമന് തക്കതായ ശിക്ഷകിട്ടി. വിലാസിനിയുടെ മനോധൈര്യവും അന്വേഷിയുടെ ഇടപെടലുമാണ് അതു സാധ്യമാക്കിയത്. എന്തൊക്കെ പ്രലോഭനങ്ങളുണ്ടായാലും ഒരു സ്ത്രീക്ക് അതിനെയെല്ലാം എതിർക്കുവാനും വഴിപ്പെടാതെ നിൽക്കാനും കഴിയുമെന്ന് സ്വന്തം അനുഭവത്തിലൂടെ വിലാസിനി തെളിയിച്ചു.

ഇതിനുശേഷമുള്ള അവളുടെ ജീവിതം വലിയ ബുദ്ധിമുട്ടിലായിരുന്നു. അതിനും അന്വേഷി തന്നെ അവൾക്ക് മാർഗ്ഗദീപമായി. സ്വയം തൊഴിലിനുള്ള സാധ്യതകളെക്കുറിച്ച് വിലാസിനിയെ ബോധവതിയാക്കുകയും അതിനുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. ഇന്ന് മൂത്തകുട്ടിയും ചേർന്ന് സ്വന്തമായി കുടിൽ വ്യവസായം നടത്തി ബുദ്ധിമുട്ടിയാണെങ്കിലും അവൾ ജീവിക്കുന്നു. ഒരു പക്ഷേ മറ്റൊരു മാറാടുകലാപമായി മാറുമായിരുന്ന ആ പ്രശ്നം നീതിപൂർവ്വമായി പര്യവസാനിച്ചു.

ശാസ്ത്രം



സീമ ശ്രീലയം

# ആന്റിഗ്രാവിറ്റി തേടി പുതിയ പരീക്ഷണം



**എച്ച്.ജി.** വെൽസിന്റെ ദ് ഫസ്റ്റ് മെൻ ഇൻ ദ് മൂൺ എന്ന ശാസ്ത്രകല്പിത നോവലിൽ ഗുരുത്വാകർഷണത്തെ അതിജീവിച്ച് യാതൊരു ഇന്ധനത്തിന്റെയും സഹായമില്ലാതെ അനന്തവിഹായസ്സിലേക്ക് കുതിക്കുന്ന ബഹിരാകാശപേടകത്തെക്കുറിച്ചുള്ള വിവരണമുണ്ട്. കാവൊറൈറ്റ് എന്ന സാങ്കല്പിക പദാർഥം കൊണ്ടു നിർമ്മിച്ച പേടകമാണിത്. ഇത്തരം പദാർഥങ്ങളും പ്രതിഗുരുത്വം അഥവാ ആന്റിഗ്രാവിറ്റിയുമൊക്കെ ഇന്നുമൊരു ശാസ്ത്രകല്പിത കഥ തന്നെയാണെങ്കിലും ആന്റിഗ്രാവിറ്റിയുമായി ബന്ധപ്പെട്ട ഒരു ചരിത്ര പരീക്ഷണത്തിനൊരുങ്ങുകയാണ് യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ചിലെ (സേൺ) ഊർജതന്ത്രജ്ഞർ.

പ്രതിദ്രവ്യത്തെ (antimatter) സൃഷ്ടിക്കുകയും ശേഖരിക്കുകയും അതിലൂടെ പ്രതിഗുരുത്വം (antigravtiy) എന്നൊന്നുണ്ടോ എന്നു സ്ഥിരീകരിക്കുകയുമാണ് പരീക്ഷണ ലക്ഷ്യം. പരീക്ഷണത്തിനു നൽകിയിരിക്കുന്ന പേരു ആൽഫ2. ഗുരുത്വാകർഷണത്തിനു വിധേയമാവാതെ സ്വാഭാവികമായി മുകളിലേക്കുയരാനുള്ള കഴിവ് പ്രതിദ്രവ്യ ആറ്റങ്ങൾക്കുണ്ടെന്ന് തെളിഞ്ഞാൽ ശാസ്ത്രകല്പിത കഥകളെയും വെല്ലുന്ന യാഥാർഥ്യങ്ങളാവും നമ്മെ കാത്തിരിക്കുന്നത്. അതോടെ ഭൗതികത്തിലെ എക്കാലത്തെയും വലിയൊരു സമസ്യ പൂരിപ്പിക്കപ്പെടും. ഒപ്പം നമ്മുടെ ധാരണകളിലെ പ്രപഞ്ചചിത്രവും മാറും. യാതൊരു ഇന്ധനവും ആവശ്യമില്ലാതെ ഗോളാന്തര യാത്രകളും നക്ഷത്രാന്തര യാത്രകളുമൊക്കെ നടത്താൻ സഹായിക്കുന്ന ബഹിരാകാശ പേടകങ്ങൾ, ദ്രവ്യപ്രതിദ്രവ്യ ഉന്മൂലനത്തിലൂടെ ഊർജ്ജം കൊയ്യുന്ന റിയാക്റ്ററുകൾ തുടങ്ങി ഈ പരീക്ഷണം വിരൽ ചൂണ്ടുന്ന സാധ്യതകൾ അനന്തമാണ്.ഹിഗ്ഗ്സ് ബോസോണുകളുടെ കണ്ടെത്തലിലൂടെ ശാസ്ത്രലോകത്ത് വിസ്മയങ്ങൾ വിരിയിച്ച കണികാ പരീക്ഷണവും തിരയുന്നുണ്ട് പ്രതിദ്രവ്യ രഹസ്യങ്ങൾ.

സാധാരണ ദ്രവ്യത്തിന്റെ ദർപ്പണ പ്രതിബിംബമാണ് പ്രതിദ്രവ്യം എന്നു പറയാം. പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ എന്നിവയുടെയൊക്കെ പ്രതികണങ്ങൾ ചേർന്നാണിതുണ്ടാവുന്നത്. ഉദാഹരണത്തിന് ഒരു ഹൈഡ്രജൻ ആറ്റത്തിൽ ഒ

രു പ്രോട്ടോണും ഒരു ഇലക്ട്രോണുമാണല്ലോ ഉള്ളത്. അപ്പോൾ ഒരു ആന്റിഹൈഡ്രജൻ ആറ്റത്തിൽ ഒരു ആന്റി പ്രോട്ടോണും ഒരു പോസിട്രോണുമാണ് ഉണ്ടാവുക. ദർപ്പണ പ്രതിബിംബങ്ങളാണെങ്കിലും ദ്രവ്യ കണങ്ങളുടെയും പ്രതിദ്രവ്യ കണങ്ങളുടെയും മിക്കവാറും എല്ലാ സവിശേഷതകളും വിപരീതമാണെന്നു സാരം. എങ്ങനെയാണീ പ്രതിദ്രവ്യം ഗുരുത്വാകർഷണത്തോട് പ്രതികരിക്കുന്നത്? കൃത്യമായൊരുത്തരം ഇനിയും കിട്ടിയിട്ടില്ല. പ്രതിദ്രവ്യം അതിന്റേതായ ഒരു ഗുരുത്വാകർഷണ മണ്ഡലം സൃഷ്ടിക്കുന്നുണ്ടെന്നും അതു ചുറ്റുമുള്ള എല്ലാത്തിനെയും വികർഷിക്കുന്നുണ്ടെന്നുമാണ് ഇപ്പോഴുള്ള ഒരു നിഗമനം.ഇതു പരിശോധിക്കാനാണ് ആൽഫ2 പരീക്ഷണത്തിലൂടെ ജെഫ്രി ഹാങ്സ്റ്റിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘം ലക്ഷ്യമിടുന്നത്.ആന്റി ഹൈഡ്രജൻ ലേസർ ഫിസിക്സ് അപ്പാരറ്റസ് എന്നാണ് ആൽഫയുടെ പൂർണ്ണരൂപം. പതിനൊന്നു പ്രമുഖ സർവ്വകലാശാലകളിലെ ഊർജതന്ത്രജ്ഞർ ഈ പരീക്ഷണത്തിൽ പങ്കാളികളാണ്.

യൂറോപ്യൻ പാർട്ടിക്കിൾ ഫിസിക്സ് സെന്ററിൽ ആന്റി ഹൈഡ്രജൻ ആറ്റങ്ങളെ സൃഷ്ടിച്ച് അവയെ ഒരു കാന്തിക കുരുക്കിൽപ്പെടുത്തി നിരീക്ഷിക്കുകയാണ് ആദ്യ പടി.ഒരു വമ്പൻ മാഗ്നറ്റിക് ഫ്ലാസ്ക് ആണ് ഇതിനായി ഉപയോഗിക്കുന്നത്. അതിശക്തമായ ഒരു കാന്തിക ക്ഷേത്രത്തിൽ ആന്റി ഹൈഡ്രജൻ ആറ്റങ്ങളെ ആയിരം സെക്കന്റുകൾ വരെ കുരുക്കി നിർത്താൻ നേരത്തെ നടന്ന ആൽഫാ പരീക്ഷണങ്ങളിൽ ശാസ്ത്രജ്ഞർക്ക് സാധിച്ചിരുന്നു. പക്ഷേ ശക്തിയേറിയ ഈ കാന്തിക മണ്ഡലത്തിന്റെ പ്രഭാവം കാരണം ആന്റി ഹൈഡ്രജനിൽ ഭൂഗുരുത്വാകർഷണത്തിന്റെ സ്വാധീനം നിർണ്ണയിക്കാൻ അന്നു കഴിയാതെ പോയി. പുതിയ പരീക്ഷണത്തിൽ നൂറു ആന്റി ഹൈഡ്രജൻ ആറ്റങ്ങളെ ശക്തിയേറിയ ഒരു കാന്തിക കുരുക്കിൽപ്പെടുത്തിയ ശേഷം കാന്തിക മണ്ഡലം പതിയെ അങ്ങ് ഓഫ് ചെയ്യും. നിർവ്വാത സാഹചര്യത്തിലാണ് പരീക്ഷണം നടത്തുക.നിർവ്വാത സാഹചര്യത്തിൽ കാന്തിക മണ്ഡലത്തിന്റെ അഭാവത്തിൽ ആന്റി ഹൈഡ്രജൻ ആറ്റങ്ങൾ ഭൂഗുരുത്വത്തിനു വിധേയമായി താഴേക്ക് വരുമോ അതോ ഗുരുത്വാകർഷണത്തിനെതിരായി മുകളിലേക്ക് പോവുമോ? ഇതിനുത്തരം കിട്ടാൻ അത്യാകാംക്ഷയോടെ കാത്തിരിക്കുകയാണ് ശാസ്ത്രജ്ഞർ.

ഗുരുത്വാകർഷണത്തെ അതിജീവിച്ച് മുകളിലേക്ക് പോവാനുള്ള കഴിവ് പ്രതിദ്രവ്യത്തിനുണ്ടെന്നു തെളിഞ്ഞാൽ ആധുനിക ഭൗതികത്തിൽ വിപ്ലവകരമായ കുതിച്ചുചാട്ടങ്ങൾക്ക് കളമൊരുങ്ങും. ഇന്നോളമുള്ള പല ധാരണകളും തിരുത്തിക്കുറിക്കപ്പെടും. ത്വരിതഗതിയിലാവുന്ന പ്രപഞ്ചവികാസരഹസ്യങ്ങളിലേക്ക് വെളിച്ചം വീശാൻ പ്രതിഗുരുത്വത്തെക്കുറിച്ചുള്ള അറിവുകൾ സഹായിച്ചേക്കും. ഒരു മഹാവിസ്ഫോടനത്തിലൂടെ പിറന്ന പ്രപഞ്ചത്തിന്റെ ആദിമ നിമിഷങ്ങളിൽ ദ്രവ്യവും പ്രതിദ്രവ്യവും ഒരേ അളവിലായിരുന്നു എന്നാണ് കരുതപ്പെടുന്നത്.ദ്രവ്യ കണവും അതിന്റെ പ്രതിദ്രവ്യ കണവും തമ്മിൽ കണ്ടുമുട്ടിയാൽ അവ പരസ്പരം ഉന്മൂലനം ചെയ്ത് ഊർജ്ജം പുറത്തു വരും .പ്രപഞ്ചത്തിൽ ദ്രവ്യ പ്രതിദ്രവ്യ സമമിതി തകർന്നതെങ്ങനെ എന്നും ദ്രവ്യം മേൽക്കൈ നേടിയതെങ്ങനെയെന്നും ഉള്ള ചോദ്യത്തിനും ഉത്തരം ലഭിച്ചേക്കും.

ഏതായാലും പ്രപഞ്ചവിജ്ഞാനത്തിൽ പുതിയ വഴിത്തിരിവായേക്കാവുന്ന പരീക്ഷണത്തെ ആകാംക്ഷയോടെയാണ് ശാസ്ത്രലോകം ഉറ്റുനോക്കുന്നത്. ●



സിനിമ



അനിത.എ.കെ

# ദൃശ്യം
## ഒരു കുറിപ്പ്

**2013ൽ** ഏറ്റവും കൂടുതൽ തിയേറ്ററുകൾ നിറഞ്ഞ് കവിഞ്ഞ് ഓടിയ ഇപ്പോഴും ഓടിക്കൊണ്ടിരിക്കുന്ന മലയാള സിനിമയാണ് ദൃശ്യം. ജീത്തു ജോസഫ് തിരക്കഥയും സംവിധാനവും നിർവ്വഹിച്ച ദൃശ്യം മലയാളികളെ ഒന്നടങ്കം വിസ്മയിപ്പിച്ചുവത്രേ.

രണ്ടുവട്ടം നീണ്ട ക്യൂ കണ്ട് തിരികെ പോന്ന ഞാൻ മൂന്നാംവട്ടമാണ് സിനിമ കണ്ടത്. പ്രണയമോ, അടിപൊളി പാട്ടു രംഗങ്ങളോ ഇല്ലാതെ ഇത്രയും ഓടിയ മലയാളസിനിമ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല എന്നു തന്നെ പറയാം. അഭിനയ തികവിൽ ഓരോ കഥാപാത്രവും മുന്നിട്ടു നിൽക്കുന്നു എന്നും പറയാതെ വയ്യ.

അത്ഭുതം തോന്നുന്നു ഇത്രയും പാടിപ്പുകഴ്ത്തപ്പെട്ടുകൊണ്ടിരിക്കുമ്പോഴും അതിലെ വളരെ പ്രത്യക്ഷമായ സ്ത്രീവിരുദ്ധത എന്തേ ആരും കാണാതെ പോയി?

'പകുതി ആകാശത്തിനുടമകൾ' എന്നവകാശപ്പെടുന്ന സ്ത്രീസംഘടനകളും ഒന്നും പ്രതികരിച്ചു കണ്ടില്ല. ഒരു പക്ഷേ ഒരു സാധാരണ സിനിമയിലെ സ്ത്രീവിരുദ്ധതകൾ എടുത്തുപറയാൻ തുടങ്ങിയാൽ മറ്റൊന്നിനും നേരം കാണില്ല എന്നു കരുതിയാവാം അവർ ഒന്നും മിണ്ടാതിരിക്കുന്നത്. എങ്കിലു പ്രായഭേദമെന്യേ തിയേറ്ററുകൾ നിറഞ്ഞു കവിയുമ്പോൾ അത്തരം സ്ത്രീവിരുദ്ധതകൾ എടുത്തുപറയേണ്ടതുണ്ട് എന്ന് ഞാൻ കരുതുന്നു.


കഥാനായകനായ ഭർത്താവിനോട് നിങ്ങൾ എന്നും പുറത്തു പോകുന്നു, തോന്നുമ്പോൾ വരുന്നു. ഞങ്ങൾക്കും പുറത്തുപോകണം, ഷോപ്പിംഗ് നടത്തണം, സിനിമ കാണണം എന്നൊക്കെ ആവശ്യപ്പെടുന്ന ഭാര്യയോട് നന്മ നിറഞ്ഞ കഥാനായകൻ പറയുന്നുണ്ട് "കല്യാണം കഴിഞ്ഞാൽ സ്ത്രീയുടെ ലോകം ഭർത്താവും കുടുംബവുമാണ്, കുടുംബത്തിനകത്താണ് അവളുടെ ലോകം" എന്നൊക്കെ. ഇന്നത്തെ സമൂഹത്തിൽ പ്രത്യക്ഷത്തിലെങ്കിലും കാലഹരണപ്പെട്ട ഇത്തരം സംഭാഷണങ്ങൾ വല്ലാത്ത കല്ലുകടി ഉണ്ടാക്കുന്നു. (സ്ത്രീശാക്തീകരണം മുഖ്യ അജണ്ടയായി മുഖ്യധാരാരാഷ്ട്രീയപാർട്ടികൾ ഉയർത്തിപ്പിടിക്കുന്ന ഈ കാലത്ത്) നായകന്റെ ഈ പ്രഖ്യാപനത്തെ ഭാര്യയോ പെൺമക്കളോ ചോദ്യം ചെയ്യുന്നുമില്ല.

കഥാനായകന്റെ സ്കൂൾ വിദ്യാർത്ഥിനിയായ മകളുടെ സഹപാഠിയായ പയ്യൻ സ്കൂളിലെ ഒരു ക്യാമ്പിൽ പെൺകുട്ടികളുടെ കുളിമുറിക്ക് പുറത്ത് മൊബൈൽഫോൺ രഹസ്യമായി പിടിച്ച് മകൾ കുളിക്കുന്ന രംഗം പകർത്തുന്നു. ദിവസങ്ങൾക്കു ശേഷം അതവളെ കാണിച്ച് ഭീഷണിപ്പെടുത്തുന്നു. ഇന്റർനെറ്റിലൂടെ ഈ ചിത്രങ്ങൾ പ്രചരിപ്പിക്കേണ്ട എങ്കിൽ രാത്രി 11 മണിക്ക് വീടിന്റെ പിൻവാതിൽ തുറന്നുവെക്കണമെന്നും അവൻ ആശ്യപ്പെടുന്നു. ആകെ തകർന്നു പോയ പെൺകുട്ടി വാതിൽ തുറക്കുകയും വരുൺ എന്ന പയ്യൻ അകത്തു കടക്കുകയും ചെയ്യുന്നു. "ഞങ്ങൾ പാവങ്ങളാണ് ഉപദ്രവിക്കരുതേ" എന്ന് അവൾ കരഞ്ഞു യാചിക്കുന്നത് മനസ്സിലാക്കാം. പക്ഷേ, മകളുടെ സഹപാഠിയായ ഇത്തിരി പോന്ന പയ്യന്റെ മുമ്പിൽ അമ്മയും കരഞ്ഞു കൈകൂപ്പി യാചിക്കുന്നത് അല്പമെങ്കിലും ചിന്താശേഷി ഉള്ളവർക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടാണ് എന്നാണെന്റെ വിശ്വാസം. മകളുടെ യാതൊരുവിധ പങ്കാളിത്തവുമില്ലാതെ രഹസ്യമായി കുളിസീൻ പകർത്തി ഭീഷണിപ്പെടുത്തുന്ന പയ്യന്റെ ഭീഷണിയുടെ മുന ഒടിക്കുന്ന ഒരു സംഭാഷണമെങ്കിലും സിനിമയിൽ ഉൾപ്പെടുത്താമായിരുന്നു. ഈമാതിരി ഭീഷണികൾ വിലപ്പോവില്ല എന്ന് സിനിമ കണ്ടിറങ്ങുന്ന കാണികളുടെ മനസ്സിൽ അങ്കുരിപ്പിക്കുന്നതിനു പകരം പെൺ ശരീരങ്ങൾക്കു മേൽ ഇത്തരം (നേരിട്ട് അക്രമണമല്ലാത്ത രീതികൾ) സാധ്യതകൾ എവിടേയും എപ്പോഴും നിലനിൽക്കുന്നു എന്നും അതിനാൽ പെൺമക്കളുടെ രക്ഷിതാക്കൾ എപ്പോഴും ജാഗ്രതൈ എന്നും അവരെ എവിടേക്കും വിടരുതെന്നുമാണ് സിനിമ ആവശ്യപ്പെടുന്നതെന്ന് തോന്നിപ്പോകും കാണികൾക്ക്.

'ദൃശ്യഭാഷ' മനുഷ്യമനസ്സിനെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും അതുപയോഗിച്ച് നായകൻ കോടതിയെപ്പോലും എങ്ങനെ ജയിക്കുന്നവെന്നും കാണിക്കുന്ന ഈ സിനിമ വികലമനസ്കരായ ചില കൗമാരക്കാരെയെങ്കിലും സ്വാധീനിക്കില്ലേ? ഇത്തരം സാധ്യതകൾ പരീക്ഷിക്കാൻ അവരും സന്നദ്ധരാവില്ലേ എന്നൊക്കെയാണ് സിനിമ കണ്ടിറങ്ങുമ്പോൾ നമുക്ക് തോന്നിപ്പോകുന്നത്.

●

# പുസ്തകപരിചയം




**നിറം മങ്ങിയ വഴിത്താര**
**സോമാലിമാം**
**ഗ്രാന്റ് ബുക്സ് , വില : 185 രൂപ**

പ്രശസ്ത കംബോഡിയൻ എഴുത്തുകാരിയും സാമൂഹികപ്രവർത്തകയുമായ സോമാലിമാമിന്റെ ഏറെ ചർച്ച ചെയ്യപ്പെട്ട കൃതി. ബാല്യത്തിൽ തന്നെ ലൈംഗികചൂഷണത്തിന് വിധേയയാക്കപ്പെട്ട് ദുരിതകുണ്ഡത്തിൽ വീണ അവൾ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റു.
വിവർത്തനം :
രാജു നാരായണസ്വാമി, IAS




**നിശബ്ദവസന്തം**
**റേച്ചൽ കാഴ്സൺ**
**പരിഭാഷ : എ.പ്രദീപ്കുമാർ**
**ജെ.ആർ.ബുക്സ് , വില : 150 രൂപ**

അറ്റ്ലാന്റയുടെ തീരങ്ങളിലേക്ക് എം (Elm) മരങ്ങളെ ത്തേടി ആദ്യത്തെ റോബിൻ പക്ഷി പറന്നുവരുമ്പോൾ ഏതൊരു അമേരിക്കക്കാരനും അറിയാം അത് വസന്തകാലത്തിന്റെ ആഗമനമാണെന്ന്. എന്നാൽ വർഷങ്ങളുടെ കീടനാശിനി പ്രയോഗം അമേരിക്കൻ ഐക്യനാടുകളിൽ പക്ഷികളുടെ കൂട്ടക്കുരുതിക്ക് കാരണമായി. വസന്തത്തിന്റെ ആഗമനത്തെ വിളിച്ചറിയിക്കുന്ന പക്ഷികളുടെ തിരോധാനമായിരുന്നു റേച്ചൽ കാഴ്സണെ ഈ ഗ്രന്ഥം രചിക്കാൻ പ്രേരിപ്പിച്ചതെങ്കിൽ വർത്തമാനകേരളത്തിൽ കാസർഗോഡൻ ഗ്രാമങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗം മൂലം കൂട്ടക്കൊല ചെയ്യപ്പെടുന്ന മനുഷ്യരുടെ എണ്ണമാണ് ഈ വിവർത്തനത്തെ പ്രസക്തമാക്കുന്നത്.




**ഇടം നേടാനായൊരു പോരാട്ടം**
**എഡി: ലീലാ ഗുലാത്തി, ജസോധരാ ബഗ്ഷി**
**വിവർത്തനം : വത്സ വർഗ്ഗീസ്**
**സേജ് പബ്ലിക്കേഷൻസ്, വില : 150 രൂപ**

മൂന്നു തലമുറകളിൽപ്പെട്ട പന്ത്രണ്ട് വനിതകളുടെ അനുഭവസാക്ഷ്യങ്ങൾ. പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധങ്ങളുടെ വിവരണങ്ങളല്ല ഇവ. മറിച്ച് സ്ത്രീകൾ തമ്മിലുള്ള ആത്മബന്ധത്തിന്റേയും അവരുടെ പോരാട്ടത്തിന്റേയും അതിജീവനത്തിന്റേയും ആത്മസമർപ്പണത്തിന്റേയും വർണ്ണനകളാണീ ശബ്ദങ്ങൾ. സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും മതിലുകൾ ഭേദിച്ച് സ്വന്തമായ ഇടം കണ്ടെത്തിയ വനിതകളുടെ അപൂർവ്വസമ്മേളനം ഒരുക്കിയിരിക്കുകയാണിവിടെ.



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara